# മാനന്തവാടി രൂപതാ ബുള്ളറ്റിന്‍

**“ദൈവത്തോട് ചേര്‍ന്നു നില്‍ക്കുവിന്‍;
അവിടുന്ന് നിങ്ങളോടും
ചേര്‍ന്നു നില്‍ക്കും” (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 09     മെയ് - 2018     ലക്കം 5**

| ഒറ്റപ്രതി 10 രൂപ | വാര്‍ഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം

ഇടയലേഖനം .............................................................. 05
സർക്കുലർ .............................................................. 12
സർക്കുലർ .............................................................. 16
2018 ലോകദൈവവിളി ദിനാചരണം ........................ 30
രൂപതാകച്ചേരി വാർത്തകൾ ...................................... 35
പാസ്റ്ററൽ കൗൺസിൽ - റിപ്പോർട്ട് ........................... 37
കുടുംബകൂട്ടായ്മ ......................................................... 40
യുവജനവർഷം ........................................................... 41
മതബോധനരംഗം ........................................................ 42
ചെറുപുഷ്പമിഷൻലീഗ് ................................................ 54
*Department of Youth Ministry* ................................................ 58
കെ.സി.വൈ.എം. ......................................................... 59
കുടുംബപ്രേഷിതത്വം .................................................. 62
സീയോൻ വാർത്തകൾ ................................................ 65
കത്തോലിക്കാ കോൺഗ്രസ് ........................................ 67
വിൻസെന്റ് ഡി പോൾ സൊസൈറ്റി .......................... 70
സാമൂഹ്യ സേവനരംഗം (WSSS) .................................... 72
ബയോവിൻ അഗ്രോ റിസർച്ച് ...................................... 80
റേഡിയോ മാറ്റൊലി .................................................... 83
നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി ........................ 89
Mary Matha Arts & Science College ..................................... 90
CEADOM വിദ്യാഭ്യാസ മേഖല ...................................... 91
ഡി.എഫ്.സി. .............................................................. 94
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ..................................... 96
ബിഷപ്സ് പ്രോഗ്രാം .................................................... 97



# ഇടയലേഖനം

*Pastoral Letter No. 01/2018*
*Prot. No.20774/2018*

മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ
**പൊരുന്നേടം മാർ ജോസ് മെത്രാൻ**
തന്റെ സഹശുശ്രൂഷകരായ വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും പ്രത്യേകമായി കൈക്കാരന്മാർ, ഇടവക പൊതുയോഗാംഗങ്ങൾ, പ്രതിനിധിയോഗാംഗങ്ങൾ, വിശ്വാസപരിശീല കാദ്ധ്യാപകർ, സംഘടനാഭാരവാഹികൾ, കുടുംബകൂട്ടായ്മാ ഭാരവാഹികൾ എന്നിവർക്ക് എഴുതുന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നിങ്ങൾക്കെല്ലാവർക്കും നമ്മുടെ കർത്താവിൽ ആശീർവ്വാദവും സമാധാനവും. നമ്മുടെ കർത്താവിന്റെ പീഢാസഹനത്തിന്റെയും കുരിശുമരണത്തിന്റെയും ഉയിർപ്പിന്റെയും ഓർമ്മയാചരിച്ചിട്ട് അധികം ദിവസങ്ങൾ ആയില്ലല്ലോ. കർത്താവിന്റെ കൈ പിടിച്ച് ഈ ലോകത്തിലൂടെ നടന്നാലേ ഉയിർപ്പിന്റെ ജീവിതം ആസ്വദിക്കാൻ പറ്റുകയുള്ളു എന്നും അതിനായി അവിടുന്ന് കടന്നുപോയ വഴികളിലൂടെ തന്നെ നമ്മളും കടന്നുപോകണം എന്നും അതിലൂടെ നമ്മെ ഓർമ്മിപ്പിച്ചു. വി. യോഹന്നാൻ നമ്മെ അനുസ്മരിപ്പിക്കുന്നു: "അവനിൽ വസിക്കുന്നു എന്ന് അവകാശപ്പെടുന്ന എല്ലാവരും അവൻ നടന്ന വഴിയിലൂടെ നടക്കണം" (1 യോഹ. 2:6).

സഭാസമൂഹത്തിന്റെ ലക്ഷ്യം ഈ ലോകത്തിലൂടെ നടന്ന് സ്വർഗ്ഗത്തിൽ അഥവാ സ്വർഗ്ഗപിതാവിന്റെ സന്നിധിയിൽ നമ്മൾ എത്തുക എന്നതാണ്. സ്വർഗ്ഗപിതാവിന്റെ സന്നിധിയിൽ നാം ഓരോരുത്തരും തനിയെ എത്തിയാൽ മതിയോ? അല്ലെങ്കിൽ നമ്മുടെ ഓരോരുത്തരുടെയും വ്യക്തിപരമായ സ്വർഗ്ഗപ്രാപ്തി മാത്രം ലക്ഷ്യമാക്കിയാണോ കർത്താവ് ഈ ലോകത്തിലേയ്ക്ക് വന്നത്? കർത്താവ് വന്നത് ഈ ലോകത്തെ തന്നെ രക്ഷിച്ച് സ്വർഗ്ഗപിതാവിന്റെ സന്നിധിയിൽ എത്തിക്കാനാണ്. അതുകൊണ്ടാണല്ലോ ഈശോയെ ലോകരക്ഷകൻ എന്ന് വിളിക്കുന്നത്.

ഇന്ന് കർത്താവ് മനുഷ്യരൂപത്തിൽ നമ്മോടൊപ്പമില്ല. ഈശോയുടെ മൗതികശരീരം എന്ന് പൗലോസ് ശ്ലീഹാ വിളിക്കുന്ന സഭയാണ്, ഇന്ന് ലോകത്തിലുള്ളത്. അതിന്റെ ശിരസ്സ് ഈശോയാണ്. ഹൃദയം കൂദാശാരൂപത്തിലുള്ള ഈശോയാണ് എന്ന് പറയാം. ശരീരവും അവയവങ്ങളും നമ്മളാണ്. അതായത് ഇന്ന് ലോകത്തെ രക്ഷിക്കാനുള്ള ഉത്തരവാദിത്വം ഈശോയുടെ ശിഷ്യരായ നമുക്കാണ്. അതിനുള്ള മാർഗ്ഗം കാണിച്ചു തന്നിട്ട് ഈശോ തന്റെ മനുഷ്യരൂപം ഉപേക്ഷിച്ച് സ്വർഗ്ഗപിതാവിന്റെ പക്കലേക്ക് തിരികെ പോയി. ഇനി ഇപ്പോഴുള്ള ക്രൈസ്തവരാണ്, ആ വഴിയിലൂടെ നടന്ന് ലോകത്തെ രക്ഷിക്കേണ്ടത്. അത് മാത്രമേ ഈ ലോകത്തെ രക്ഷിക്കാൻ മാർഗ്ഗമായുള്ളു എന്ന് ലോകത്തെ കാണിച്ചുകൊടുക്കേണ്ടത് നമ്മളാണ്. “നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ” (മത്താ.5:48). എന്നാണ് ഈശോ നമ്മളെ ഉദ്ബോധിപ്പിക്കുന്നത്. പരിപൂർണ്ണരാകുക എന്നാൽ നമ്മൾ എന്തിനായി ക്രിസ്ത്യാനികളായോ ആ ഉദ്ദേശ്യം നടപ്പാക്കാനുള്ള യോഗ്യത നേടുക എന്നാണർത്ഥം. അതായത് സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെയും അവിടുത്തെ പുത്രനായ ഈശോയെപ്പോലെയും ഈ ലോകത്തിന്റെ രക്ഷയിൽ താല്പര്യവും പ്രതിബദ്ധതയും ഉള്ളവരാകുക എന്ന് പറയാം. നമ്മുടെ സാക്ഷ്യം മൂലം എല്ലാവരും കർത്താവിന്റെ വഴിയിലേക്ക് ആകർഷിക്കപ്പെട്ട് അവിടുത്തെ മൗതികശരീരത്തിലെ യോഗ്യരായ അംഗങ്ങളാകുമ്പോൾ ഈ ലോകം തന്നെ രക്ഷിക്കപ്പെടും, ഇവിടം സ്വർഗ്ഗസമാനമാകും. അപ്പോൾ ഈ ലോകം രക്ഷിക്കപ്പെട്ടു എന്ന് പറയാം. അങ്ങനെ രക്ഷിക്കപ്പെട്ട ജനങ്ങൾ മരിച്ച് കഴിയുമ്പോൾ ആ രക്ഷ നിത്യമാകുന്നു. പിന്നെ അതിന് അവസാനമില്ല.

എന്താണ് കർത്താവിന്റെ മാർഗ്ഗമെന്ന് പറയുന്നത്? അതറിയാൻ ഈശോയെ അറിയണം. കാരണം “ഏകസത്യദൈവമായ അവിടുത്തേയും അവിടുന്നയച്ച ഈശോമിശിഹായേയും അറിയുക എന്നതാണ് നിത്യജീവൻ” (യോ 17:3). അവൻ ദരിദ്രർക്കും അഗതികൾക്കും ന്യായം നടത്തിക്കൊടുത്തു. അന്ന് എല്ലാം നന്നായിരുന്നു. എന്നെ അറിയുക എന്നാൽ ഇത് തന്നെയല്ലേ എന്ന് കർത്താവ് അരുളിച്ചെയ്യുന്നു (ജറ.22:16). വിശുദ്ധ ഗ്രന്ഥം നന്നായി വായിച്ചാൽ ഈശോയുടെ വഴികളെപ്പറ്റി അറിയാം. അവിടുന്ന് പറഞ്ഞതും പഠിപ്പിച്ചതും ചെയ്തതുമായ കാര്യങ്ങളുടെ ഒരു സമാഹാരമാണ് വിശുദ്ധ ഗ്രന്ഥത്തിലെ പുതിയ നിയമം. അപ്പോൾ പഴയനിയമം എന്താണ്? ഈശോയെന്ന രക്ഷകന്റെ വരവിനായി ഒരു ജനതയെ എപ്രകാരം ഒരുക്കി എന്നതിന്റെ വിവരണ

മാണ് പഴയനിയമം. നമ്മിൽ കുടികൊള്ളുന്ന രക്ഷകന് യോജിക്കാത്ത എല്ലാ ഘടകങ്ങളെയും നിർമ്മാർജ്ജനം ചെയ്ത് അവിടുത്തേക്ക് ജനിക്കാനുള്ള സ്ഥലങ്ങളായി നമ്മളെ എപ്രകാരം മാറ്റണം എന്ന് പഴയനിയമം നമുക്ക് പറഞ്ഞുതരുന്നു. അതിലുള്ളതെല്ലാം നമ്മൾ ക്രൈസ്തവർ അതേപടി സ്വീകരിക്കാൻ വേണ്ടിയല്ല. പഴയനിയമം ഉദ്ധരിച്ചിട്ട് കർത്താവ് പലപ്പോഴും പറയുന്നുണ്ട്: നിങ്ങൾ കേട്ടിട്ടുണ്ട്......... എന്നാൽ ഞാൻ പറയുന്നു. അതായത് പുതിയ നിയമം പഴയനിയമത്തിന്റെ പൂർത്തീകരണമാണ്. കർത്താവ് എന്തെല്ലാം പഴയനിയമത്തിൽ നിന്ന് സ്വീകരിച്ചോ അതെല്ലാമാണ് നമ്മളും സ്വീകരിക്കേണ്ടത്.

എന്തെല്ലാം സ്വീകരിച്ചു എന്നറിയാൻ പുതിയ നിയമം മാത്രം വായിച്ചാൽ പോരാ. അതിന് സഭാപാരമ്പര്യവും തിരിച്ചറിയണം. കാരണം കർത്താവ് പറഞ്ഞതും പഠിപ്പിച്ചതുമായ എല്ലാ കാര്യങ്ങളും പുതിയ നിയമത്തിലില്ല വി. യോഹന്നാൻ തന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട് (യോഹ. 20:30). ഇത് തന്നെ പൗലോസ് ശ്ലീഹായും ആവർത്തിക്കുന്നുണ്ട് (2 തെസ. 2:15; 2 തെസ. 2:2; 3:6; തീത്തോസ് 1:9). ആ പാരമ്പര്യമാകട്ടെ നമുക്ക് കൈമാറിക്കിട്ടിയിട്ടുള്ളത് ഇന്ന് വിവിധ റീത്തുകൾ എന്നറിയപ്പെടുന്ന പ്രക്രിയയിലൂടെയാണ്. അതുകൊണ്ടാണ് ഓരോ സഭയുടെയും പാരമ്പര്യങ്ങൾ സംരക്ഷിക്കപ്പെടണം എന്ന് സഭാപ്രബോധനം അനുശാസിക്കുന്നത്. കഴിഞ്ഞ രണ്ടായിരം വർഷങ്ങളായി നമ്മൾക്ക് കൈമാറിക്കിട്ടിയിട്ടുള്ളവയാണ് അവ.

അന്ത്യത്താഴസമയത്ത് അപ്പമെടുത്ത് മുറിച്ച് ശിഷ്യന്മാർക്ക് കൊടുത്തിട്ട് ഈശോ അരുളിച്ചെയ്തു ഇതെന്റെ ശരീരമാകുന്നു. നിങ്ങളെല്ലാവരും ഇതിൽ നിന്ന് വാങ്ങി ഭക്ഷിക്കുവിൻ. വീണ്ടും അവിടുന്ന് അരുളിച്ചെയ്തു: എന്റെ നാമത്തിൽ നിങ്ങൾ ഒരുമിച്ച് കൂടുമ്പോഴെല്ലാം ഇത് ചെയ്യുവിൻ. ഇതനുസരിച്ചാണ് സഭയിൽ അപ്പം മുറിക്കൽ ശുശ്രൂഷ ആരംഭിച്ചത്. അപ്പം മുറിക്കൽ ശുശ്രൂഷക്കായി കുടുംബങ്ങൾ ഒരുമിച്ച് കൂടുക എന്നത് ആദ്യനൂറ്റാണ്ടുകളിൽ തന്നെ തുടങ്ങിയ ഒരു പാരമ്പര്യമാണ്. (നടപടി 2:41–42). പെസഹാവ്യാഴാഴ്ച കുടുംബാംഗങ്ങൾ ഒരുമിച്ച് കൂടി അപ്പം മുറിക്കുന്ന നമ്മുടെ പതിവ് അതിന്റെ തുടർച്ചയാണ്. മാത്രമല്ല, സ്വന്തം വീട്ടിലെ അപ്പം മുറിക്കലിന് ശേഷം നമ്മൾ ബന്ധുവീടുകളിലും അയൽ വീടുകളിലും അപ്പം മുറിക്കൽ ചടങ്ങിൽ പങ്കെടുക്കുന്നതും പതിവാണ്. ഈ പാരമ്പര്യത്തിന്റെ പശ്ചാത്തലത്തിലാണ് അത് പള്ളികളിൽ നടത്തുന്നത് ഉചിതമല്ല എന്ന് പറയുന്നത്. പള്ളിയിലെ അപ്പം മുറിക്കൽ കർത്താവ് നടത്തിയ അപ്പം മുറിക്കൽ ശുശ്രൂഷയുടെ സമൂഹപരവും കൂദാശപരവുമായ ആവർത്തനമാണ്. അതവിടുത്തെ ബലിയുടെ പുനരാവിഷ്ക്കാരമാണ്. അതിന് കർത്താ

വിന്റെ സ്ഥാനത്തുള്ള പുരോഹിതൻ തന്നെ നേതൃത്വം കൊടുക്കുന്നു. ആ ബലിയിൽ പങ്കെടുത്തവരും ബലിവസ്തുവിൽ നിന്ന് ഭക്ഷിച്ചവരും ഒറ്റ ശരീരമായിത്തീരുന്നു. ശരീരത്തിലെ അവയവങ്ങൾക്ക് പരസ്പരം കരുതൽ ഉള്ളതുപോലെ ഈശോയുടെ മൗതികശരീരത്തിലെ അവയവങ്ങളും പരസ്പരം കരുതലുള്ളവരാകണം. ഞാനെന്റെ സഹോദരന്റെ കാവൽക്കാരനാകണം.

അപ്പംമുറിക്കലിൽ പങ്കെടുത്തവരുടെ മനോഭാവം എന്തെന്ന് നമ്മൾ കൃത്യമായി മനസ്സിലാക്കേണ്ടത് ആവശ്യമാണ്. അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാതാല്പര്യപൂർവ്വം പങ്ക് ചേർന്നു. നമ്മുടെ കുടുംബക്കൂട്ടായ്മകളുടെ  സ്വഭാവം മനസിലാക്കാൻ ഈ വാചകത്തെ നമ്മൾ ശ്രദ്ധാപൂർവ്വം ധ്യാനിച്ചാൽ മതി. അതിനായി നമ്മൾ അതിലൂടെ സംഭവിച്ച കാര്യങ്ങളും വായിച്ച് നോക്കണം (നടപടി 2:43–47). ഒന്നാമതായി അവർ ഈശോയുടെ ശിഷ്യന്മാർ പഠിപ്പിച്ച കാര്യങ്ങളെ നന്നായി മനസ്സിലാക്കാൻ ശ്രമിച്ചു. ഈശോയെ കണ്ടവരും കേട്ടവരും വിശ്വസിച്ചവരുമായ ശ്ലീഹന്മാരുടെ പ്രബോധനം ആധികാരികമായിരിക്കും എന്നവർക്ക് അറിയാമായിരുന്നു. അതുകൊണ്ട് സഭയിലൂടെ കൈമാറിക്കിട്ടിയത് ആയിരിക്കണം. രണ്ടാമതായി, അവർ കൂട്ടായ്മയിൽ പങ്കുചേർന്നു. ക്രൈസ്തവവിശ്വാസം ഒരു ദ്വീപിലെ വിശ്വാസമല്ല. അത് സമൂഹത്തിന്റെ കൂടെയാണ്. അതുകൊണ്ടാണ് നമ്മുടെ പള്ളികൾ വലുതായിരിക്കുന്നത്. അവിടെ ദൈവജനം മുഴുവൻ ഒന്നിച്ച് ചേർന്നാണ് ആരാധന നടത്തുന്നത്. അവിടെ പുരുഷനെന്നോ സ്ത്രീയെന്നോ കുട്ടിയെന്നോ മുതിർന്നവരെന്നോ വ്യത്യാസമില്ല. മൂന്നാമതായി അപ്പം മുറിക്കൽ ശുശ്രൂഷയിൽ അവർ പങ്കുചേർന്നു. അന്നത്തെ അക്രൈസ്തവ പാരമ്പര്യമനുസരിച്ച് ദൈവത്തിന് അർപ്പിച്ച ബലിവസ്തു ഭക്ഷിക്കുന്ന എല്ലാവരും ആ ദൈവത്തിൽ ഒന്നാകുന്നു എന്ന് വിശ്വസിച്ചിരുന്നു. മാത്രമല്ല അവർ ദൈവത്തെപോലെ ആകുകയായിരുന്നു. നമ്മൾ അവിടുത്തെ ശരീരവും രക്തവും ഉൾക്കൊണ്ട് കഴിയുമ്പോൾ നമ്മുടെ സ്വഭാവം ഈശോയുടെ സ്വഭാവം പോലെയാകണം. നാലാമതായി അവർ പ്രാർത്ഥനയിൽ പങ്കുചേർന്നു. ക്രൈസ്തവ വിശ്വാസത്തിന്റെ ഈ മാനം വിട്ടുകളഞ്ഞാൽ അത് ക്രൈസ്തവ വിശ്വാസമായിരിക്കുകയില്ല. പ്രാർത്ഥന ത്രിത്വൈക ദൈവവുമായി നമ്മെ നിരന്തര കൂട്ടായ്മയിൽ നിലനിർത്തുന്നു. അഞ്ചാമതായി, മേൽപ്പറഞ്ഞ കാര്യങ്ങളിലെല്ലാം അവർ സദാ താൽപര്യപൂർവ്വം പങ്കുചേർന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. എപ്പോഴുമെന്നതുപോലെ താൽപര്യപൂർവ്വം പങ്കുചേരുക എന്നതും മർമ്മപ്രധാനമാണ്.

വിശ്വാസജീവിതം നയിക്കേണ്ടത് ആരുടെയും നിർബന്ധത്താലായിരിക്കരുത്. അത് ഒരു പാർട്ട് ടൈം ജീവിതവുമല്ല.

ഇപ്രകാരമൊക്കെ ചെയ്തതിന്റെ ഫലമെന്തായിരുന്നു? വിശ്വസിച്ചവരെല്ലാവരും ഒറ്റ സമൂഹമായിത്തീരുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തു. അവർ തങ്ങളുടെ സ്വത്തുക്കളും വസ്തുവകകളും വിറ്റ് ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചു. അവർ ഏകമനസ്സോടെ താൽപര്യപൂർവ്വം അനുദിനം ദേവാലയത്തിൽ ഒരുമിച്ച് കൂടുകയും ഭവനം തോറും അപ്പം മുറിക്കുകയും ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടും കൂടെ ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തിരുന്നു. അവർ ദൈവത്തെ സ്തുതിക്കുകയും എല്ലാ മനുഷ്യരുടെയും സംപ്രീതിയ്ക്ക് പാത്രമാവുകയും ചെയ്തു (നടപടി 2: 44–47). ചുരുക്കത്തിൽ ഒരു ക്രിസ്ത്യാനിക്ക് സ്വാർത്ഥനാകാൻ കഴിയില്ല. മറ്റുള്ളവരുടെ ആവശ്യങ്ങളിൽ കണ്ണടക്കാനും പറ്റില്ല. നമ്മുടെ സ്വത്ത് ദൈവം നമുക്ക് ദാനമായി നൽകിയതാണ്. അത് നമ്മുടെ സമൂഹത്തിന്റെ പൊതുസ്വത്തായി കാണാൻ കഴിഞ്ഞാൽ ഈ ലോകം പല അർത്ഥത്തിലും രക്ഷിക്കപ്പെടുകയും സ്വർഗ്ഗസമാനമാകുകയും ചെയ്യും എന്നത് നിസ്സംശയമാണല്ലോ. ആദിമക്രൈസ്തവസമൂഹം എല്ലാ മനുഷ്യരുടെയും സംപ്രീതിയ്ക്ക് പാത്രീപൂതരായത് പങ്കുവെക്കലിലൂടെയാണ്. പരസ്പര സ്നേഹത്തിലൂടെ അവർ ക്രിസ്തുവിന്റെ ശിഷ്യർ എന്ന് തിരിച്ചറിയപ്പെടുകയും ചെയ്തു (യോഹ. 13:35).

മേൽപ്പറഞ്ഞ ക്രൈസ്തവചൈതന്യം നമ്മുടെ സമൂഹത്തിൽ നിന്ന് ചോർന്ന് പോയിട്ട് നാളുകൾ ഏറെയായി എന്ന് നമുക്കറിയാം. കർത്താവിന്റെ പീഢാനുഭവത്തിലും മരണത്തിലും ഉയിർപ്പിലും പങ്കുപറ്റുന്നതിന്റെ (റോമ 6) പ്രതീകമായ മാമ്മോദീസാ പോലും കേവലമൊരു ആഘോഷമായി അധഃപതിച്ചു എന്ന് പറയാം. വി.കുർബാനയാകട്ടെ പലപരിപാടികളിൽ ഒന്നായി മാറിയിരിക്കുന്നു. ഈ സ്ഥിതിവിശേഷത്തെ നമ്മൾ മാറ്റേണ്ടതല്ലേ എന്ന് നമ്മൾ ചിന്തിക്കണം. അതിനുള്ള ഒരു എളിയ ശ്രമമാണ് നമ്മുടെ കുടുംബക്കൂട്ടായ്മകൾ. ഇതിലൂടെ നമ്മൾ സഭയുടെ ആദ്യകാലചൈതന്യത്തിലേക്ക് തിരികെപ്പോകാൻ ശ്രമിക്കുകയാണ്.

ഇവിടെ ഒരു പ്രത്യേകകാര്യം എടുത്തുപറയേണ്ടത് സ്വത്തുക്കളും വസ്തുവകകളും പൊതുവായി കാണുന്നതിനെപ്പറ്റിയാണ്. വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവും ആയിരുന്നു. ആരും തങ്ങളുടെ സ്വത്തുക്കൾ സ്വന്തമെന്ന് അവകാശപ്പെട്ടില്ല. എല്ലാം പൊതുസ്വത്തായിരുന്നു (നട. 2:32). അവരുടെ ഇടയിൽ ദാരിദ്ര്യം അനുഭവി

ക്കുന്നവർ ഉണ്ടായിരുന്നില്ല. കാരണം പറമ്പും വീടും സ്വന്തമായി ഉണ്ടായരുന്നവരെല്ലാം അവയത്രയും വിറ്റ് കിട്ടിയ തുക അപ്പസ്തോലന്മാരുടെ കാൽക്കലർപ്പിച്ചു. അത് ഓരോരുത്തർക്കും ആവശ്യമനുസരിച്ച് വിതരണം ചെയ്യപ്പെട്ടു (നട. 2:34-35). ഇന്നത്തെ അവസ്ഥയിൽ ഇപ്രകാരം ചെയ്യുന്നത് വളരെ പ്രയാസമാണ് എന്ന് നമുക്കറിയാം. എങ്കിലും അവരുടെ ഇടയിൽ ദരിദ്രർ ഇല്ലായിരുന്നു എന്ന പ്രസ്താവം നമ്മൾ പ്രത്യേകം ശ്രദ്ധിക്കണം. ഇക്കാര്യം നമ്മളും ഉറപ്പ് വരുത്തണം. അതിന് കുടുംബ കൂട്ടായ്മകൾ ഏറെ സഹായകമാകും. ഒരു കൂട്ടായ്മയിൽ ആരൊക്കെയാണ് ദാരിദ്ര്യം അനുഭവിക്കുന്നത്, ആർക്കാണ് സ്ഥലവും വീടും ഇല്ലാത്തത്, ഏത് വീട്ടിലാണ് കുട്ടികൾ സാമ്പത്തിക പരാധീനതമൂലം സ്കൂളിൽ പോകാതെ നിൽക്കുന്നത്, ഏത് കുടുംബത്തിലാണ് പണമില്ലാതെ രോഗികൾ വലയുന്നത്, പെൺകുട്ടികൾ വിവാഹിതരാകാതെ നിൽക്കുന്നത് എന്നിവയെല്ലാം കുടുംബക്കൂട്ടായ്മയിൽ എളുപ്പം മനസ്സിലാക്കാനും പരിഹാരം കണ്ടെത്താനും കഴിയും.


ഈ വഴിയിലുള്ള ഒരു എളിയ ശ്രമമാണ് നമ്മുടെ രൂപതയിൽ ആരംഭിക്കുന്ന ഭവന പദ്ധതിയിലൂടെയും ചികിത്സക്കുള്ള ഇൻഷ്വറൻസ് പദ്ധതിയിലൂടെയും വിഭാവനം ചെയ്യുന്നത്. ഓരോ ഇടവകയിലും വീടില്ലാത്തവരെ കണ്ടെത്തി അഞ്ചു വർഷത്തിനുള്ളിൽ നമ്മുടെ രൂപതയിൽ വീടില്ലാത്തവർ ആരും ഇല്ല എന്ന് നമ്മൾ ഉറപ്പ് വരുത്തണം. അതുപോലെ ചികിത്സാ ചെലവുകൾ വളരെ ഏറിയ ഈ കാലഘട്ടത്തിൽ ഇൻഷ്വറൻസ് എല്ലാ കുടുംബത്തിനും ഉണ്ടെന്ന് ഉറപ്പ് വരുത്തണം. പ്രീമിയം അടക്കാൻ നിവൃത്തിയില്ലാത്ത കുടുംബങ്ങളെ മറ്റുള്ളവർ സഹായിക്കണം. രണ്ടുള്ളവൻ ഇല്ലാത്തവന് ഒന്ന് കൊടുക്കട്ടെ (ലൂക്ക 3:11). അങ്ങനെ നമ്മുടെ ഇടയിൽ ദരിദ്രരുടെ എണ്ണം കുറഞ്ഞ് ക്രമേണ ഇല്ലാതാകും. ഭാവിയിൽ ഇത്തരത്തിലുള്ള കൂടുതൽ പരസ്നേഹ പ്രവർത്തികൾ ഏറ്റെടുക്കാൻ കുടുംബ ക്കൂട്ടായ്മയ്ക്ക് കഴിയും. മാത്രമല്ല കുടുംബങ്ങൾ തമ്മിലുള്ള വഴക്കുകളും ധാരണപ്പിശകുകളും തർക്കങ്ങളും എല്ലാം ഇല്ലായ്മ ചെയ്യാൻ കുടുംബക്കൂട്ടായ്മകൾ വളരെ സഹായകമാകും. ഇടവകയിലെ പൊതുക്കാര്യങ്ങളെപ്പറ്റി ചർച്ച ചെയ്യാനുള്ള വേദിയുമാണ് അവ. ഓരോ കാലഘട്ടത്തിലും ഉണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് ഒട്ടനവധി കാര്യങ്ങൾ സമയാസയമത്തുള്ള ചർച്ചകളിലൂടെ കണ്ടെത്താൻ കഴിയും. കുടുംബക്കൂട്ടായ്മകളുടെ നേതൃത്വനിരയിലുള്ളവർ തന്നെ ഇടവകയുടെ ഭരണസമിതികളിലും അംഗങ്ങളാകുന്നത് ഇടവകയുടെ ഉന്നമനത്തിനും കൂട്ടായ്മയ്ക്കും വളരെ സഹായകമാണ്.

ഔദ്യോഗികമായി 2018 മെയ് 1 ന് നമ്മുടെ രൂപതയിൽ കുടുംബക്കൂട്ടായ്മകൾ നിലവിൽ വരുകയാണ്. അതോടെ ഇതുവരെ നിലവിലിരുന്ന വാർഡ് സമ്പ്രദായം ഇല്ലാതാകുന്നതാണ്. കുടുംബക്കൂട്ടായ്മകളുടെ രൂപതാ നിയമാവലി അനുസരിച്ച് എല്ലാ ഇടവകകളിലും അവ രൂപീകരിക്കേണ്ടതും അവയ്ക്ക് വേണ്ടി ഉണ്ടാക്കിയിട്ടുള്ള നിയമാവലി പ്രകാരം പ്രവർത്തിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാരും അസേന്തിയച്ചന്മാരും സമർപ്പിതരും ഇടവകഭരണ സമിതി അംഗങ്ങളും മറ്റ് അല്മായ നേതാക്കളും പ്രത്യേകം താല്പര്യം എടുക്കണം എന്ന് അഭ്യർത്ഥിക്കുന്നു. കുടുംബക്കൂട്ടായ്മകൾക്കുവേണ്ടി തയ്യാറാക്കിയിട്ടുള്ള പ്രാർത്ഥനാപ്പുസ്തകം ഉപയോഗിച്ചാണ് കൂട്ടായ്മകളുടെ സമ്മേളനങ്ങളിൽ പ്രാർത്ഥനാശുശ്രൂഷ നടത്തേണ്ടത്.

ബഹുമാനപ്പെട്ട വൈദികരുടെയും സമർപ്പിതരുടെയും നിസ്വാർത്ഥമായ സഹകരണവും കുടുംബക്കൂട്ടായ്മകളുടെ നേതൃത്വനിരയിലുള്ളവരുടെ തീക്ഷ്ണവും പ്രതിബദ്ധത നിറഞ്ഞതുമായ പ്രവർത്തനവുമാണ് കുടുംബക്കൂട്ടായ്മകളുടെ വിജയപരാജയങ്ങളുടെ പ്രഥമവും പ്രധാനവുമായ മാനദണ്ഡമാകാൻ പോകുന്നത്. അതോടൊപ്പം എല്ലാ കുടുംബങ്ങളുടെയും പങ്കാളിത്തവും നിർണ്ണായകമാണ്. നിങ്ങളുടെയെല്ലാം ആത്മാർത്ഥമായ സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായും പരിശുദ്ധ അമ്മയും വി. യൗസേപ്പിതാവും നമ്മുടെ സഭയിലെ എല്ലാ വിശുദ്ധരും വാഴ്ത്തപ്പെട്ടവരും നമുക്ക് വേണ്ടി മാധ്യസ്ഥം അപേക്ഷിക്കണമെന്ന് പ്രാർത്ഥിക്കാം. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2018 മാർച്ച് മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ ഇടയലേഖനം 2018 ഏപ്രിൽ 8-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിച്ചുകാണുമല്ലോ.**

# സർക്കുലർ

***Circular Letter No. 04/2018***
***Prot. No. 20931/2018***

ഈശോയിൽ പ്രിയമുള്ള സഹോദരീ സഹോദരന്മാരേ,

വിവാഹവും അതിനോടനുബന്ധിച്ചുള്ള മറ്റ് ആഘോഷങ്ങളും ഓരോ കുടുംബത്തിനും വളരെ പ്രധാനപ്പെട്ട സന്തോഷവേളകളാണ്. കുടുംബത്തിലെ ഒരംഗം വിവാഹജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്നതിന്റെ സന്തോഷം കുടുംബാംഗങ്ങളും സുഹൃത്തുക്കളും അയൽക്കാരും ചേർന്ന് പങ്കുവെയ്ക്കുന്നത് ശ്ലാഘനീയമായ കാര്യമാണ്. എന്നാൽ വിവാഹം ബാഹ്യമായ ആഘോഷങ്ങളുടെ മാത്രം അവസരമല്ല. കത്തോലിക്കരെ സംബന്ധിച്ചിടത്തോളം വിവാഹം ഒരു കൂദാശയാണ്. ഒരു പുരുഷനും ഒരു സ്ത്രീയും ദൈവസന്നിധിയിൽ വച്ച് പ്രാർത്ഥനാപൂർവ്വം ഏർപ്പെടുന്ന ഉടമ്പടിയാണ് വിവാഹം. അതുകൊണ്ടു തന്നെ വിവാഹത്തിന്റെ ആത്മീയതലത്തിന് ബാഹ്യാഘോഷങ്ങളെക്കാൾ പ്രാധാന്യം കൊടുക്കേണ്ടതുണ്ട്.

സുദൃഢമായ വിവാഹങ്ങൾ ഉണ്ടാകണം എന്ന വ്യഗ്രതയുള്ളതുകൊണ്ടാണ് സഭയും രാഷ്ട്രവും വിവാഹത്തിന്റെ സാധുതയ്ക്കും പരിരക്ഷയ്ക്കുമായി വിവിധ നിയമങ്ങൾ ഉണ്ടാക്കിയിരിക്കുന്നത്. വിവാഹബന്ധങ്ങൾ വളരെ പെട്ടെന്ന് തകർന്നുപോകുന്ന ഇക്കാലത്ത്, ഈ നിയമങ്ങൾ ശ്രദ്ധയോടെ പാലിക്കുന്നത് ചില മുൻകരുതലുകൾ എടുക്കാൻ വധൂവരന്മാരെ സഹായിക്കും. തിരക്കുപിടിച്ചുനടത്തുന്ന വിവാഹങ്ങളുടെ എണ്ണം ഇന്ന് വർദ്ധിച്ചുവരുന്നുണ്ട്. വധൂവരന്മാരുടെ ജോലിയും അവധി കിട്ടാനുള്ള ബുദ്ധിമുട്ടുകളുംമൂലം എല്ലാ നിയമങ്ങളും പാലിച്ച് വിവാഹം നടത്തുന്നതിന് പലപ്പോഴും സാധിക്കാതെ വരാറുണ്ട്. അത് സൃഷ്ടിക്കുന്ന അപകടങ്ങളെക്കുറിച്ച് മുന്നറിയിപ്പു നൽകിക്കൊണ്ടുതന്നെ ഇത്തരം ആളുകളുടെ സാഹചര്യങ്ങൾ പരിഗണിച്ച് നിയമങ്ങളിൽ ഇളവുനൽകാനുള്ള സാധ്യത സഭ നൽകുന്നുണ്ട്. മനസമ്മതവും വിവാഹപരസ്യവുമായി ബന്ധപ്പെട്ട ചില നിയമങ്ങൾ ലഘൂകരിക്കണമെന്നും വ്യക്തത വരുത്തണമെന്നുമുള്ള ആവശ്യം നിരവധിയാളുകൾ ഉന്നയിച്ചതിന്റെ വെളിച്ചത്തിൽ തലശ്ശേരി, മാനന്തവാടി, താമരശ്ശേരി രൂപതകളിലെ അഭിവന്ദ്യ പിതാക്കന്മാരും കൂരിയ അംഗങ്ങളും

കൂടിയാലോചിച്ച് വിവാഹനിയമങ്ങളെ സംബന്ധിച്ച് താഴെപ്പറയുന്ന ചില വിശദീകരണങ്ങൾ നൽകുകയാണ്.

1. മനസമ്മതം നടത്തിയശേഷം മൂന്ന് ഞായറാഴ്ചകളിലോ കടമുള്ള ദിവസങ്ങളിലോ വിവാഹപരസ്യം നടത്തിയതിനുശേഷമാണ് സാധാരണയായി വിവാഹം നടത്തേണ്ടത്. അതുകൊണ്ട് മനസ്സമ്മതത്തിന്റെയും വിവാഹത്തിന്റെയും തീയതികൾ നിശ്ചയിക്കുമ്പോൾ രണ്ട് ചടങ്ങുകൾക്കുമിടയിൽ മൂന്ന് ഞായറാഴ്ചകളെങ്കിലും ഉണ്ട് എന്ന് ഉറപ്പുവരുത്തണം.
2. എന്നാൽ ഈ നിയമം കൃത്യമായി പാലിക്കാൻ വധൂവരന്മാർക്ക് ഗൗരവതരമായ അസൗകര്യങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ഇളവിനായി അപേക്ഷിക്കാവുന്നതാണ്. രണ്ടുതരത്തിലുള്ള ഇളവുകളാണ് ലഭിക്കാവുന്നത്. ഒന്നാമത്തേത് വിവാഹപരസ്യങ്ങളുടെ എണ്ണം കുറയ്ക്കലാണ്. തക്കതും ന്യായവുമായ കാരണമുള്ളപ്പോൾ വിവാഹപരസ്യം ഒരു പ്രാവശ്യം കുറയ്ക്കുന്നതിന് ഇടവക വികാരിയ്ക്കും രണ്ടുവിളിച്ചുചൊല്ലൽ കുറയ്ക്കുന്നതിന് ഫൊറോന വികാരിയ്ക്കും സാധിക്കും. ഫൊറോന വികാരിയിൽനിന്നും അനുവാദം വാങ്ങി ഒന്നുമാത്രം വിളിച്ചുചൊല്ലി വിവാഹം നടത്തുമ്പോൾ മനസ്സമ്മതത്തിനും വിവാഹത്തിനുമിടയിൽ 5 ദിവസത്തെ ഇടവേളയെങ്കിലും ഉണ്ടായിരിക്കണം. ഇത്തരത്തിലുള്ള അനുവാദത്തിനായി രേഖാമൂലം ബഹു. വികാരിക്കോ ഫൊറോന വികാരിക്കോ അപേക്ഷ നൽകണം. ഇവർ ഈ അധികാരത്തെ വിവേചനപൂർവ്വം ഉപയോഗിക്കണം. ലാഘവത്തോടെ എല്ലാ അപേക്ഷകളിലും അനുവാദം കൊടുക്കാതിരിക്കാൻ ശ്രദ്ധിക്കണം.

   രണ്ടാമതായി ലഭിക്കാവുന്ന ഇളവ് മനസ്സമ്മതത്തിനുമുമ്പ് വിവാഹപരസ്യം ആരംഭിക്കാനുള്ള അനുവാദമാണ്. വധൂവരന്മാർക്ക് വിവാഹത്തിന് മുന്നു ഞായറാഴ്ചകൾക്ക് മുമ്പ് മനസ്സമ്മതത്തിനായി ഹാജരാകാൻ സാധിക്കാത്ത സാഹചര്യമുണ്ടെങ്കിൽ ഇടവകയിൽ നിന്നും ലഭിക്കുന്ന പ്രത്യേക ഫോറത്തിൽ വധൂവരന്മാർ, അവരുടെ മാതാപിതാക്കന്മാർ, വികാരിയച്ചൻ എന്നിവർ ഒപ്പിട്ട അപേക്ഷ നൽകി ഫൊറോന വികാരിയിൽ നിന്നും മനസ്സമ്മതത്തിനു മുമ്പ് വിളിച്ചു ചൊല്ലാനുള്ള അനുവാദം വാങ്ങാവുന്നതാണ്. മുൻകൂട്ടി മൂന്ന് വിളിച്ചു ചൊല്ലുന്ന അവസരത്തിൽ മനസ്സമ്മതത്തിനും വിവാഹത്തിനും ഇടയിൽ അഞ്ച് ദിവസത്തെ ഇടവേള വേണം എന്ന് നമ്മുടെ അതിരൂപതയിൽ നിലനിന്നിരുന്ന നിബന്ധന ഒഴിവാക്കുന്നു. എന്നാൽ ഈ

അനുവാദം മൂന്നു പ്രാവശ്യം വിളിച്ചുചൊല്ലാനുള്ള സാഹചര്യം ഉള്ളപ്പോൾ മാത്രമേ നൽകുകയുള്ളൂ എന്ന് ഓർമ്മിക്കണം.

3. മനസ്സമ്മതത്തിന്റെയും വിവാഹത്തിന്റെയും തീയതികൾ നിശ്ചയിക്കുന്നതിനുമുമ്പ് വികാരിയച്ചനുമായി കൂടി ആലോചന നടത്തേണ്ടതാണ്. പ്രത്യേകിച്ച് ഏതെങ്കിലും തരത്തിലുള്ള ഒഴിവുകൾ ആവശ്യമുള്ള പക്ഷം അനുവാദം ലഭിച്ചശേഷം മാത്രമേ തീയതികൾ നിശ്ചയിക്കാൻ പാടുള്ളൂ.
4. മനസ്സമ്മതം രണ്ട് കുടുംബങ്ങളിലെയും ഏറ്റവുമടുത്ത ആളുകൾ മാത്രം സംബന്ധിക്കുന്ന സ്വകാര്യമായ ഒരു ചടങ്ങായി നടത്തുന്നതാണ് നല്ലത്. മനസ്സമ്മതത്തിന്റെ ദിവസം വിവാഹിതരാകാൻ പോകുന്ന വ്യക്തികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും പരസ്പരം കാണാനും സംസാരിക്കാനും മനസിലാക്കാനുമുള്ള അവസരമുണ്ടാകണം. ഓഡിറ്റോറിയത്തിൽ വച്ച് വളരെയധികം ആളുകളെ വിളിച്ച് സദ്യകൊടുക്കുമ്പോൾ ഈ ലക്ഷ്യം നിറവേറാതെ വരും. അതുകൊണ്ട് വധുവിന്റെ ഗൃഹത്തിൽ വച്ച് അന്നത്തെ സദ്യ നടത്തുന്നതാണ് നല്ലത്. മനസ്സമതത്തിനും വിവാഹത്തിനുമിടയിലുള്ള കാലയളവ് കൂടുതൽ അന്വേഷണത്തിനും മനസിലാക്കലിനുമുള്ള അവസരമാണ്. വധുവിന്റെ വീട്ടിലെ ആഘോഷം ഒത്തുകല്യാണത്തിനുപകരം വിവാഹത്തലേന്നോ പിറ്റേന്നോ നടത്തുന്നതാണ് കൂടുതൽ അഭികാമ്യം. മനസ്സമ്മതത്തോടൊപ്പം വി. കുർബാന അർപ്പിക്കുന്ന പതിവ് സഭയിൽ ഇല്ല എന്നും ഓർമ്മപ്പെടുത്തട്ടെ.
5. ശനിയാഴ്ചകളിൽ വിവാഹം നടത്തുന്നവർ തലേദിവസത്തെ ആഘോഷങ്ങളിൽ വെള്ളിയാഴ്ചത്തെ മാംസവർജ്ജനം ലംഘിക്കാൻ പാടില്ല.
6. ദൈവാലയത്തിൽ വിവാഹകർമ്മങ്ങളുടെ ആദ്യാവസാനം പങ്കെടുത്ത് വധൂവരന്മാർക്ക് വേണ്ടി പ്രാർത്ഥിക്കുകയും അവർക്ക് ആശംസകളർപ്പിക്കുകയും ചെയ്യുക എന്നത് ക്ഷണിക്കപ്പെടുന്ന അതിഥികളുടെ ഉത്തരവാദിത്വമാണ്. തിരക്കുപിടിച്ച് സദ്യകഴിച്ച് കടന്നുപോകുന്നരീതി ശരിയാണോ എന്ന് നാം പരിശോധിക്കണം.
7. ദൈവാലയത്തിന്റെ വിശുദ്ധി, അച്ചടക്കം, ഭക്തി എന്നിവയ്ക്കു ചേരാത്ത വസ്ത്രധാരണരീതി, ഫ്ളവർ ഗേൾസ് തുടങ്ങിയവ ഒഴിവാക്കണം. വീഡിയോ, ഫോട്ടോഗ്രാഫർമാരുടെയും വസ്ത്രധാരണവും പെരുമാററവും ദൈവാലയത്തിലെ ഭക്താന്തരീക്ഷത്തിന് ചേർന്നതായിരിക്കണം. അവർ ഏതെങ്കിലും ഒരു ഭാഗത്ത് ഒതുങ്ങി

നിന്ന് തിരുക്കർമ്മങ്ങൾക്ക് തടസ്സമോ അലോരസമോ സൃഷ്ടിക്കാതെ ശാന്തമായി ദൃശ്യങ്ങൾ പകർത്തേണ്ടതാണ്.

8. വിവാഹവേളയിൽ ഗായകർ സമൂഹത്തിനും ചേർന്നുപാടാവുന്ന ഗാന ങ്ങൾ ആലപിക്കുകയും സമൂഹത്തെ പ്രാർത്ഥിക്കാൻ സഹായിക്കു കയാണ് തങ്ങളുടെ ഉത്തരവാദിത്വമെന്ന് ഓർമ്മിക്കുകയും ചെയ്യണം.

വിവാഹാഘോഷങ്ങൾ അതിനുശേഷമുള്ള ദമ്പതികളുടെ മുന്നോട്ടുള്ള ജീവിതത്തിന് സന്തോഷവും നല്ല ഓർമ്മകളും പ്രദാനം ചെയ്യുന്നതാകണം. ആഢംബരവും ധൂർത്തും പരമാവധി ഒഴിവാക്കാം. കടം വാങ്ങിയും വലിയസദ്യകൾ നടത്തേണ്ട ആവശ്യമുണ്ടോ എന്ന് ആത്മ ശോധന ചെയ്യാം. വിവാഹാഘോഷങ്ങളിൽ നിന്ന് മദ്യത്തെ പൂർണ്ണമായി മാറ്റിനിർത്താൻ ശ്രദ്ധിക്കണം. എല്ലാ ബാഹ്യമായ ആഘോഷങ്ങൾക്കും ഉപരിയായി ദൈവാലത്തിൽ നടക്കുന്ന കൗദാശിക ആഘോഷമാണ് പ്രധാനപ്പെട്ടതെന്നും അതിനായി ആത്മീയ ഒരുക്കത്തോടെ വിവാഹ വേദിയിലണയണമെന്നും വധൂവരന്മാരെ ഞാൻ ഓർമ്മിപ്പിക്കുന്നു. നസ്രസ്സിലെ തിരുക്കുടുംബത്തിന്റെ മാതൃകയിൽ സന്തോഷവും സമാധാനവും നിറഞ്ഞ കുടുംബജീവിതം നയിക്കാൻ എല്ലാ ദമ്പതിമാർക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഉത്തമദമ്പതിമാരായ വി. യൗസേപ്പിതാവും പരിശുദ്ധ കന്യകാമറിയവും നിങ്ങൾക്ക് തുണയും മദ്ധ്യസ്ഥരും ആയി രിക്കട്ടെ.

സ്നേഹാശംസകളോടെ

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2018 ഏപ്രിൽ മാസം 20-ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2018 മെയ് മാസം 6-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 03/2018***
***Prot. No. 20770/2018***

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, കൈക്കാരന്മാരേ, പൊതുയോഗാംഗങ്ങളേ, പ്രതിനിധിയോഗാംഗങ്ങളേ, ഇടവക സെക്രട്ടറിമാരേ, പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

പുതിയ സാമ്പത്തികവർഷം തുടങ്ങുന്ന ഏപ്രിൽ 1 മുതൽ നമ്മുടെ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും പണസംബന്ധമായ കണക്കുകൾ എഴുതുന്നതും രൂപതാ കേന്ദ്രത്തിലേക്ക് മാസാമാസം തിരട്ട് അയക്കുന്നതുമായ കാര്യങ്ങളെ സംബന്ധിച്ച് ഏതാനും കാര്യങ്ങൾ നിങ്ങളെ ഇതുവഴി അറിയിക്കട്ടെ. ഭാരതസർക്കാരിന്റെ പുതിയ സാമ്പത്തിക നയങ്ങളുടേയും നിയമങ്ങളുടേയും അടിസ്ഥാനത്തിൽ നമ്മളും സാമ്പത്തികം കൈകാര്യം ചെയ്യുന്ന രീതികളിൽ ചില കാര്യങ്ങൾ പ്രത്യേകമായി ശ്രദ്ധിക്കുകയും പാലിക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. അവയെപ്പറ്റിയാണ് ഇനി പ്രതിപാദിക്കുന്നത്.

സാമ്പത്തിക അച്ചടക്കം പാലിക്കുക എന്നത് വ്യക്തിജീവിതത്തിന്റെയും ഏതൊരു സമൂഹ ജീവിതക്രമത്തിന്റെയും അവിഭാജ്യഘടകമാണ്. നമ്മുടെ ഇടവകകളേക്കുറിച്ചും മറ്റ് സ്ഥാപനങ്ങളെക്കുറിച്ചും പറയുമ്പോൾ ഇതിന് വളരെയേറെ പ്രസക്തിയും പ്രാധാന്യവുമുണ്ട്. നമ്മൾ ജീവിക്കുന്ന രാജ്യത്തിന് അതിന്റേതായ സാമ്പത്തിക നിയമങ്ങളുണ്ട്. നമ്മൾ അതെല്ലാം അനുസരിക്കാൻ ബാധ്യസ്ഥരാണ്. അനുസരിക്കാത്തവർക്ക് തക്കതായ ശിക്ഷയും കിട്ടും എന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. നിയമങ്ങളെപ്പറ്റിയുള്ള നമ്മുടെ അജ്ഞത ഒരിടത്തും, പ്രത്യേകിച്ച് കോടതികളിൽ, നിയമമനുസരിക്കാത്തതിന് നീതീകരണമായി സ്വീകരിക്കുകയില്ല. അതുകൊണ്ട് നിയമങ്ങളെപ്പറ്റി നമ്മൾ അറിവും അവബോധവും ഉള്ളവരായിരിക്കണം.

സഭ ലോകത്തിൽ നിലനിൽക്കുന്നത് തന്നെ ഈ ലോകത്തെ സ്വർഗ്ഗസമാനമാക്കി മാറ്റാനാണ്. ആ പ്രക്രിയയുടെ ഭാഗമാണ് രാജ്യത്തിന്റെ നിയമങ്ങൾ പാലിച്ചുകൊണ്ട് ജീവിക്കുന്ന ഒരു സമൂഹമായി മറ്റുള്ളവർക്ക് മാതൃക കൊടുക്കുക എന്നത്. അത് നമ്മുടെ പ്രേഷിത പ്രവർത്തനത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. സഭയിലേക്ക്

പുതുതായി കടന്നു വരുമ്പോൾ ബാഹ്യമായി സഭയുടെ അംഗങ്ങൾ ആയതുകൊണ്ട് മാത്രം പ്രേഷിതദൗത്യം തീരുന്നില്ല. അവർ നല്ല പൗരന്മാരായി ജീവിക്കുന്നു എന്നുകൂടി ഉറപ്പ് വരുത്തണം. ഈശോ തന്റെ ശിഷ്യരെ ഭരമേൽപ്പിച്ചിട്ട് പോയ ദൗത്യം സുവിശേഷത്തിൽ നാം വായിക്കുന്നത് ഇപ്രകാരമാണ്: *ഞാൻ നിങ്ങളോട് കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ* (മത്താ. 28:20). സീസറിന് നികുതി കൊടുക്കാൻ പറയുന്നതിലൂടെ ഇക്കൂട്ടത്തിൽ സാമ്പത്തികകാര്യങ്ങളും ഉൾപ്പെടുന്നുണ്ടെന്ന് നമുക്കറിയാം. നമ്മൾ ധാരാളം ജീവകാരുണ്യ പ്രവർത്തികൾ ചെയ്യുന്നുണ്ടാകാം. എന്നാൽ അവ ദൈവത്തിന്റേയും സഭയുടേയും രാജ്യത്തിന്റേയും നിയമങ്ങൾക്ക് അനുസൃതമാണ് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ലക്ഷ്യത്തേപ്പോലെ തന്നെ മാർഗ്ഗവും ക്രൈസ്തവമായിരിക്കണം എന്നതാണ് സഭയുടെ നിലപാട്.

ഒരു രാജ്യം മുന്നോട്ട് പോകണമെങ്കിൽ പണം ആവശ്യമാണ്. ആ പണം സംഭരിക്കുന്നത് പൗരന്മാർ പല സ്രോതസ്സുകളിൽ നിന്നായി കൊടുക്കുന്ന നികുതികൾ വഴിയായിട്ടാണ്. കൃത്യമായി നികുതി കൊടുക്കുക എന്നത് ഓരോ പൗരന്റേയും കടമയാണ്. ഒരുപാട് പേർ നികുതി കൊടുക്കാതിരിക്കുന്നുണ്ട് എന്നത് വസ്തുതയാണ്; എന്നാൽ അതുകൊണ്ട് ഞാനും നികുതി കൊടുക്കുന്നില്ല എന്നത് ശരിയായ ന്യായീകരണമല്ല. നമ്മൾ നികുതി കൊടുത്ത് മാതൃക കാണിക്കുകയാണ് ചെയ്യേണ്ടത്. സീസറിന് നികുതി കൊടുക്കുന്നത് നിയമാനുസൃതമാണോ എന്ന ചോദ്യത്തിന് ഈശോ കൊടുക്കുന്ന ഉത്തരം ശ്രദ്ധേയമാണ്. മക്കൾ നികുതി കൊടുക്കേണ്ട കാര്യമില്ല; എങ്കിലും നമ്മൾ നികുതി കൊടുക്കണം. സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കുക (മർക്കോസ് 12:17) യഹൂദനിയമമനുസരിച്ച് പുറജാതിക്കാർക്ക് നികുതി കൊടുക്കുന്നത് നിയമാനുസൃതമായിരുന്നില്ല. എന്നിട്ടും നികുതി കൊടുക്കാനാണ് ഈശോ ശിഷ്യന്മാരോട് പറഞ്ഞത്. കാരണം നികുതിപ്പണംകൊണ്ടാണ് ഉദ്യോഗസ്ഥർക്ക് ശമ്പളം കൊടുക്കുന്നതും വികസനപ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുന്നതും എല്ലാം. അതല്ലെങ്കിൽ സർക്കാർ എവിടെ നിന്നെങ്കിലും പണം കടമെടുക്കേണ്ടി വരും. അതിന്റെ ഭാരം പാവപ്പെട്ട ദരിദ്രരുടെ ചുമലിൽ തന്നെ വരുകയും ചെയ്യും. കണക്കിൽപ്പെടാത്ത പണം വാങ്ങുന്നതും കൊടുക്കുന്നതും ഇതുപോലെ തന്നെയുള്ള തെറ്റും തിന്മയുമാണ്. കള്ളപ്പണമാണ് വിലക്കയറ്റത്തിന്റെ പ്രധാന കാരണം. അതിലൂടെ നിർധനരുടെ ജീവിതം ദുർവ്വഹമാകുന്നു.

നമ്മുടെ രൂപതയിലെ ഇടവകകളുടേയും സ്ഥാപനങ്ങളുടെയും കണക്കുകൾ കൃത്യമായി എഴുതുകയും സർക്കാരിലേയ്ക്ക് റിട്ടേൺ ഫയൽ ചെയ്യുകയും പൂർണ്ണമായും സുതാര്യമായി സൂക്ഷിക്കുകയും ചെയ്യണം എന്നത് സർക്കാർ നിയമമാണ്. അങ്ങനെ ചെയ്തില്ലെങ്കിൽ നമ്മൾ കനത്ത വില കൊടുക്കേണ്ടിവരും. 2018 ഏപ്രിൽ 1 മുതൽ പുതിയ സാമ്പത്തിക നിയമങ്ങൾ കർക്കശമായി തന്നെ സർക്കാർ നടപ്പാക്കുകയാണ്. മിക്കവാറും എല്ലാ കാര്യങ്ങളും ഓൺലൈൻ അഥവാ ഇന്റർനെറ്റ് വഴിയാണെന്ന് നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. നമ്മൾക്ക് കമ്പ്യൂട്ടർ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ ഉപയോഗിക്കാൻ അറിയുന്ന കണക്കൻ അഥവാ സെക്രട്ടറി തുടങ്ങിയ സൗകര്യങ്ങൾ ഇല്ല എന്നത് ന്യായീകരണമായി സർക്കാർ സ്വീകരിക്കുകയില്ല എന്നും ഓർക്കുക.

സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിലും കണക്കുകൾ സുതാര്യമായി സൂക്ഷിക്കുന്നതിലും സമയാസമയങ്ങളിൽ അവതരിപ്പിക്കേണ്ട സമിതികളിൽ അവതരിപ്പിച്ച് പാസാക്കി രൂപതാകേന്ദ്രത്തിലേക്ക് അയയ്ക്കുന്നതിലും ഒട്ടുമിക്ക ഇടവകകളും സ്ഥാപനങ്ങളും ശ്രദ്ധ ചെലുത്തുന്നുണ്ട് എന്നത് എടുത്തുപറയേണ്ട കാര്യമാണ്. എന്നാൽ അപ്രകാരം ചെയ്യാത്ത ഇടവകകളും സ്ഥാപനങ്ങളും ഉണ്ട് എന്നതും വസ്തുതയാണ്. അപ്രകാരം ഇനിയും സംഭവിക്കാൻ ബന്ധപ്പെട്ടവർ അനുവദിക്കരുത് എന്നത് പ്രത്യേകം അഭ്യർത്ഥിക്കുന്നു.

മേൽപ്പറഞ്ഞ കാര്യങ്ങൾ എളുപ്പമാക്കുന്നതിന് വേണ്ടി 2018 ഏപ്രിൽ 1 മുതൽ ചില നിശ്ചിത സ്ഥാപനങ്ങൾ ഒഴികെ ബാക്കി ഇടവകകളും സ്ഥാപനങ്ങളും കണക്കുകൾ എഴുതേണ്ടതും രൂപതാകേന്ദ്രത്തിലേയ്ക്ക് അയക്കേണ്ടതും ഓൺലൈൻ ആയിട്ടാണ് എന്ന് ഇതിനകം എല്ലാ ബഹുമാനപ്പെട്ട വൈദികരേയും മറ്റ് ബന്ധപ്പെട്ടവരേയും അറിയിച്ചിട്ടുണ്ട്. അതിനുള്ള Software ഇതിനകം തന്നെ അവരെല്ലാവരും പരിചയപ്പെടുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട വൈദികരെല്ലാവരും തന്നെ പൂർണ്ണമായി സഹകരിക്കുകയും താത്പര്യം കാണിക്കുകയും ചെയ്യുന്നുണ്ട് എന്നത് നന്ദിയോടും സന്തോഷത്തോടും കൂടി ഇവിടെ അനുസ്മരിക്കട്ടെ. ഇക്കാര്യങ്ങൾ ഏകോപിപ്പിക്കുന്നത് നമ്മുടെ രൂപതയുടെ പ്രൊക്യുറേറ്റർ ബഹുമാനപ്പെട്ട ജിൽസൺ കോക്കണ്ടത്തിൽ അച്ചനാണ്. അച്ചനേയും നന്ദിപൂർവ്വം അനുസ്മരിക്കുന്നു. എന്തെങ്കിലും സംശയങ്ങൾ ഉണ്ടാകുന്ന പക്ഷം അദ്ദേഹത്തെ സമീപിച്ചാൽ സംശയനിവാരണം വരുത്താവുന്നതാണ്.

കണക്കെഴുതുന്നതുമായി ബന്ധപ്പെട്ട ചില പ്രധാനപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു. പ്രത്യേകമായി അവ നിങ്ങൾ ശ്രദ്ധിക്കണം എന്നഭ്യർത്ഥിക്കുന്നു.

**ഭൗതിക വസ്തുക്കളുടെ ഭരണത്തിനുള്ള നിയമങ്ങൾ**

1. മാനന്തവാടി രൂപതയിലെ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും സാമ്പത്തിക ഇടപാടുകൾ നിയന്ത്രിക്കപ്പെടുന്നത് രൂപതാ നിയമാവലിയുടെ 604 മുതൽ 656 വരെയുള്ള വകുപ്പുകളും കാലാകാലങ്ങളിൽ പ്രാബല്യത്തിൽ വരുന്ന സഭാനിയമങ്ങൾക്കും സീറോമലബാർ പ്രത്യേക നിയമങ്ങൾക്കും രൂപതാ കേന്ദ്രത്തിൽ നിന്ന് പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായിട്ടാണ്. ബന്ധപ്പെട്ടവർ എല്ലാവരും ഈ നിയമങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കേണ്ടതും അതനുസരിച്ച് പ്രവർത്തിക്കേണ്ടതുമാണ്.

**ബാങ്ക് അക്കൗണ്ട്, പാൻ കാർഡ്**

2. എല്ലാ ഇടവകകൾക്കും സ്ഥാപനങ്ങൾക്കും വൈദികർക്കും പാൻ കാർഡ് നിർബന്ധമാണ്. ഇടവകവികാരിമാരായി ശുശ്രൂഷ ചെയ്യുന്ന സമർപ്പിതസമൂഹങ്ങളിലെ ബഹുമാനപ്പെട്ട വൈദികർക്കും പാൻ കാർഡ് ഉണ്ടായിരിക്കണം. കാരണം ഇടവകയുടെ റിട്ടേൺ സമർപ്പിക്കുമ്പോൾ ഇടവകയുടേയും വികാരിയുടേയും പാൻ കാർഡ് നമ്പറുകൾ ചേർക്കേണ്ടതുണ്ട്.
3. ഇടവകയുടെ എല്ലാ ബാങ്ക് അക്കൗണ്ടുകളും ഇടവകയുടെ പാൻ കാർഡും വികാരിയുടെ മൊബൈൽ നമ്പറുമായി ബന്ധിപ്പിച്ചിരിക്കണം. വികാരി മാറുമ്പോൾ അല്ലെങ്കിൽ മൊബൈൽ നമ്പർ മാറുമ്പോൾ അക്കാര്യം ഉടൻ തന്നെ ബന്ധപ്പെട്ട ബാങ്കുകളുടെ ശ്രദ്ധയിൽ പെടുത്തി അപ്രകാരം ചെയ്യേണ്ടതാണ്.
4. പാൻ കാർഡ് ഇല്ലാത്ത സംഘടനകൾക്കും മറ്റും ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കാൻ സാധിക്കുകയില്ല. മിഷൻലീഗ്, കെ.സി.വൈ.എം., മാതൃവേദി തുടങ്ങിയ സംഘടനകളുടെ കണക്കുകൾ ബന്ധപ്പെട്ടവർ പ്രത്യേകം എഴുതുകയും മാസാമാസം ഇടവകയുടെ കണക്കിൽ ചേർക്കുകയും ചെയ്യേണ്ടതാണ്. അവർക്കായി പ്രത്യേക ലെഡ്ജർ ഹെഡ്ഡുകൾ ഇടവകയുടെ പൊതുകണക്കിൽ ഉണ്ടാകാം.
5. പാൻ കാർഡും മൊബൈൽ നമ്പറുമായി ബന്ധപ്പെടുത്താത്ത ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നതും പണം കൈമാറ്റം ചെയ്യുന്നതും നിയമവിരുദ്ധമാണ്. അതുപോലെ തന്നെ ഒരിടവകയ്ക്ക് അല്ലെങ്കിൽ സ്ഥാപനത്തിന് രണ്ട് പാൻ കാർഡുകൾ ഉണ്ടാകുന്നതും നിയമവിരുദ്ധമാണ്. അങ്ങനെ ഉണ്ടെങ്കിൽ അത് ഏത് സ്ഥാപനത്തിന്റേതാണോ അതിന്റെ കണക്കുകളുടെ റിട്ടേൺ വേറെ എഴുതുകയും പ്രത്യേകം റിട്ടേൺ സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

6. ഇടവകയുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന സ്വതന്ത്ര സ്ഥാപനങ്ങൾക്ക്, ഉദാ: സ്കൂൾ, നിർബന്ധമായും പാൻ കാർഡും സ്വന്തമായ ബാങ്ക് അക്കൗണ്ടും ഉണ്ടായിരിക്കണം. അവയുടെ വാർഷിക റിട്ടേണും സർക്കാരിലേക്ക് യഥാസമയം സമർപ്പിക്കേണ്ടതാണ്.
7. സ്വതന്ത്ര കുരിശുപള്ളികൾ എന്ന നിലയിൽ രൂപതാകേന്ദ്രത്തിൽ നിന്ന് അംഗീകാരം നേടി സ്വതന്ത്ര ചുമതലയുള്ള വൈദികനും കൈക്കാരന്മാരും ഭരണസമിതികളും ഇല്ലാത്ത എല്ലാ കുരിശുപള്ളികളുടേയും കണക്കുകൾ മാതൃഇടവകയുടെ കണക്കിലാണ് ഉൾപ്പെടുത്തേണ്ടത്. അതാത് കുരിശുപള്ളികൾ കൃത്യമായ കണക്കുകൾ സൂക്ഷിക്കുകയും മാസംതോറും അവ മാതൃഇടവകയുടെ കണക്കിൽ ചേർത്ത് ഭരണസമിതിയിൽ അവതരിപ്പിച്ച് പാസാക്കുകയും വേണം. സ്വതന്ത്രമല്ലാത്ത കുരിശുപള്ളികൾക്ക് പാൻ കാർഡ് ഇല്ലാത്തതിനാൽ അവരുടെ കണക്കുകൾ ഒരു പ്രത്യേക ഹെഡ്ഡിൽ മാതൃ ഇടവകയുടെ കണക്കിൽ ചേർക്കേണ്ടതാണ്.
8. ഇടവകകളുടെ ബാങ്ക് അക്കൗണ്ടുകൾ ബഹുമാനപ്പെട്ട വികാരിയുടേയും ഒരു കൈക്കാരന്റേയും പേരിലുള്ള ജോയിന്റ് അക്കൗണ്ടായിരിക്കണം. ബാങ്കിൽ നിക്ഷേപിക്കുമ്പോഴും ബാങ്കിൽ നിന്ന് പണം പിൻവലിക്കുമ്പോഴും രണ്ട് പേരും അറിഞ്ഞിരിക്കണം.

**ആദായനികുതി റിട്ടേൺ**

9. ഓരോ വർഷവും സെപ്റ്റംബർ 30-നകം തലേ സാമ്പത്തിക വർഷത്തെ ആദായനികുതി റിട്ടേൺ സമർപ്പിക്കേണ്ടതാണ്. ഫൈനോടുകൂടി നടപ്പ് വർഷം മാർച്ച് 31 വരെ സമർപ്പിക്കാവുന്നതാണ്. ആ സമയത്തിനുള്ളിലും സമർപ്പിച്ചില്ലെങ്കിൽ ശിക്ഷാനടപടികൾക്ക് വിധേയമാക്കാൻ സാദ്ധ്യതയുണ്ട്.
10. അതിനാൽ ഇടവകയുടേയും സ്ഥാപനങ്ങളുടേയും കണക്കുകൾ രൂപതാകേന്ദ്രത്തിൽ നിന്ന് അറിയിക്കുന്ന ക്രമത്തിൽ തന്നെ അറിയിക്കുന്ന സ്ഥലത്ത് കൊണ്ടുവന്ന് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്.
11. ഓഡിറ്റിന് വരുമ്പോൾ നാൾവഴി, തെരട്ട്ബുക്ക്, പെറ്റി ക്യാഷ്ബുക്ക്, ചെക്ക് രജിസ്റ്റർ, ഫിക്സഡ് ഡിപ്പോസിറ്റ് രജിസ്റ്റർ, ബാങ്ക് പാസ്സ്ബുക്കുകൾ, ചെക്ക് ബുക്കുകൾ എന്നിവ കരുതേണ്ടതാണ്.

**പ്രത്യേക ബുക്കുകൾ**

12. വരവും ചെലവും രേഖപ്പെടുത്താൻ ഒരു പെറ്റി ക്യാഷ്ബുക്ക് നിർബന്ധമായും ഉണ്ടായിരിക്കണം കാരണം എല്ലാ ദിവസവും അന്നന്നത്തെ കണക്കുകൾ എഴുതാൻ പറ്റിയെന്ന് വരില്ല. പിന്നീട് എഴുതുമ്പോൾ പലതും വിട്ടു പോയെന്ന് വരാം.

13. ചെക്കുകൾ കൊടുക്കുമ്പോൾ അത് രേഖപ്പെടുത്താനായി ഒരു ബുക്ക് ഉണ്ടായിരിക്കണം. ചെക്കുകൾ കൊടുക്കുമ്പോഴും ഓൺലൈൻ ആയി പണം നൽകുമ്പോഴും ഈ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.
14. ഫിക്സഡ് ഡിപ്പോസിറ്റ് രജിസ്റ്റർ, ഈ രജിസ്റ്ററിൽ ഫിക്സഡ് ഡിപ്പോസിറ്റ് നടത്തുമ്പോഴും പിൻവലിക്കുമ്പോഴും രേഖപ്പെടുത്തിയിരിക്കണം.
15. മസ്റ്റർ റോൾ: ഇടവകയോ സ്ഥാപനമോ സ്വന്തമായി പണിക്കാരെ വിളിച്ച് കൂലിപ്പണിയെടുപ്പിച്ചാൽ അവർക്കായി ഒരു മസ്റ്റർ റോൾ സൂക്ഷിക്കണം. ഓരോ ദിവസവും എത്രപേർ എന്തുജോലി എത്ര രൂപയ്ക്ക് എന്ന് അതിൽ രേഖപ്പെടുത്തണം. പണിക്കൂലി കൊടുത്ത ശേഷം അവരിൽ നിന്ന് വൗച്ചർ എഴുതി ഒപ്പിട്ട് വാങ്ങുകയും വേണം.

**അനുബന്ധരേഖകൾ**

16. ക്യാഷ്ബിൽ, ക്രഡിറ്റ് ബിൽ, വൗച്ചർ, രസീത്, ഇൻവോയിസ്, ഈ വേ ബിൽ, എസ്റ്റിമേറ്റ് നോട്ട്, പ്രോമിസ്സറി നോട്ട്, കരാർ രേഖകൾ തുടങ്ങിയവയാണ് അനുബന്ധരേഖകൾ എന്ന് അറിയപ്പെടുന്നത്.
17. കൈയ്യിൽ നിന്നും മറ്റും സാധനങ്ങൾ കടമായി വാങ്ങുമ്പോൾ ക്രഡിറ്റ് ബിൽ വാങ്ങിയിരിക്കണം. പണം കൊടുക്കുമ്പോൾ കിട്ടുന്ന ക്യാഷ് ബില്ലും രസീതും അതിനോടൊപ്പം ചേർത്ത് സൂക്ഷിക്കുകയും പണം കൊടുത്ത തീയതി വച്ച് ചെലവ് കണക്കിൽ ചേർക്കുകയും ചെയ്യണം.
18. എത്ര ചെറിയ തുകയായാലും വരവിനും ചെലവിനും രേഖകൾ ഉണ്ടായിരിക്കണം. ചെലവഴിക്കുന്ന തുക വലുതാണെങ്കിൽ, അതിനനുസരിച്ചുള്ള രേഖകൾ തന്നെ വേണം. അതായത് വൗച്ചറിൽ റവന്യൂ സ്റ്റാമ്പ് ഒട്ടിച്ച് അതിന്റെ മുകളിൽ വേണം ഒപ്പിടുവിക്കാൻ. സാധനങ്ങൾ വാങ്ങുമ്പോൾ കിട്ടുന്ന ബിൽ, കോണ്ട്രാക്ട് പണി ഏറ്റെടുക്കുമ്പോൾ കോണ്ട്രാക്ടർമാർ നൽകുന്ന ബിൽ, ദിവസക്കൂലിയും മറ്റും നോട്ടായി കൊടുക്കുമ്പോൾ പണം വാങ്ങുന്നയാൾ എഴുതിത്തരുന്ന വൗച്ചർ, വലിയ തുകകൾ കൊടുക്കുമ്പോൾ കടയിൽ നിന്നും മറ്റും കിട്ടുന്ന രസീത് തുടങ്ങിയവയെല്ലാം ഉണ്ടായിരിക്കണം.

**വിദേശസഹായം കിട്ടുന്നവർ ശ്രദ്ധിക്കാൻ**

19. വിദേശസംഭാവനകളെ നിയന്ത്രിക്കുന്ന നിയമനുസരിച്ച് രജിസ്റ്റർ ചെയ്യാത്ത ഇടവകകളും സ്ഥാപനങ്ങളും അവർക്ക് കിട്ടുന്ന എല്ലാ വിദേശസംഭാവനകളും രൂപതയുടെ പൊതു അക്കൗണ്ടിലൂടെ മാത്രമേ സ്വീകരിക്കാൻ പാടുള്ളൂ.

20. രൂപതയുടെ പൊതു അക്കൗണ്ടിലൂടെ വരുന്ന തുകകളുടെ വിശദ വിവരങ്ങൾ ഓരോ മാസവും ഇന്റലിജെൻസ് ഓഫീസർമാർക്ക് കൊടുക്കുകയും സർക്കാരിന്റെ വെബ് സെറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. അതിൽ പറഞ്ഞിരിക്കുന്ന ഉദ്ദേശ്യങ്ങൾക്കല്ലാതെ ആ പണം ചെലവഴിക്കാൻ പാടുള്ളതല്ല.

21. വിദേശസംഭാവനയായി കിട്ടുന്ന തുകകൾ മറ്റാർക്കെങ്കിലും കൊടുക്കാനോ കടം കൊടുക്കാനോ നിയമം അനുവദിക്കുന്നില്ല. വക മാറ്റി ചെലവഴിച്ചാൽ വലിയ ശിക്ഷകൾ കിട്ടാനും രജിസ്ട്രേഷൻ റദ്ദാക്കാനും സാധ്യതയുണ്ട്.

22. വ്യക്തികൾക്ക് കിട്ടുന്ന സംഭാവനകൾ അവരുടെ അക്കൗണ്ടിൽ രൂപയാക്കി മാറ്റിയശേഷം ഇടവകയ്ക്കോ സ്ഥാപനത്തിനോ കൊടുക്കുന്നതിൽ തടസ്സമില്ല. സംഭാവന സ്വീകരിക്കുന്നവർ ദാതാവിന്റെ പാൻ നമ്പർ അടക്കമുള്ള വിവരങ്ങൾ ചേർത്ത് കണക്കെഴുതുകയും ചെയ്യണം. പക്ഷേ അപ്പോൾ വ്യക്തികൾ തുകയുടെ വലിപ്പമനുസരിച്ച് സർക്കാരിലേക്ക് കണക്ക് കൊടുക്കേണ്ടി വരും.

23. രൂപതയുടെ പൊതു അക്കൗണ്ട് വഴി കിട്ടുന്ന തുക ഇടവകകളും സ്ഥാപനങ്ങളും അവരുടെ അക്കൗണ്ടിൽ ഒരു വർഷത്തിലധികം സൂക്ഷിക്കാൻ പാടില്ല. ആ തുക ഉപയോഗിച്ചുള്ള ഫിക്സഡ് ഡിപ്പോസിറ്റിനും ഇത് ബാധകമാണ്. ഒരു വർഷത്തിനുള്ളിൽ സ്വീകർത്താക്കൾക്ക് ചെലവഴിക്കാൻ പറ്റാതെ വന്നാൽ രൂപതാ കേന്ദ്രത്തിൽ നിന്നുള്ള ഉപദേശം തേടുകയും ലഭിക്കുന്ന നിർദ്ദേശങ്ങൾക്ക് വിധേയമായി ചെയ്യുകയും വേണം.

24. വലിയ തുകകൾ വിദേശസംഭാവന കിട്ടുന്നവർ എന്തു പണിക്കാണോ ആ പണം ഉപയോഗിക്കുന്നത് അതിനെ ഒരു പ്രത്യേക പദ്ധതിയായി കണക്കാക്കി പ്ലാൻ, എസ്റ്റിമേറ്റ്, ചെലവിന്റെ വിശദ വിവരങ്ങൾ എന്നിവ അനുബന്ധരേഖകളോടൊപ്പം പ്രത്യേകം കണക്കാക്കി സൂക്ഷിച്ചിരിക്കണം. പൊതുകണക്കിൽ കയറ്റി എല്ലാ മാസവും ബന്ധപ്പെട്ട സമിതികളിൽ അവതരിപ്പിച്ച് പാസാക്കുകയും വേണം. തെരട്ടിൽ ഈ വിവരങ്ങളും ഉണ്ടായിരിക്കണം.

25. വിദേശസംഭാവനയുടെ കണക്കുകൾ പ്രത്യേകമാണ് ഓഡിറ്റ് ചെയ്യുന്നത്. അതുകൊണ്ട് അതിനായി നിശ്ചയിച്ചിട്ടുള്ള സമയത്ത് തന്നെ ബിഷപ്പ്സ് ഹൗസിൽ കൊണ്ടുവന്ന് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്.

**പൊതുപ്പിരിവുകൾ**

26. രൂപതാ കേന്ദ്രത്തിലേക്ക് അടയ്ക്കേണ്ടതായ വിവിധ പിരിവുകൾ അവ പിരിച്ചെടുത്താൽ തുടർന്നുള്ള ആഴ്ചയിൽ തന്നെ രൂപതാ

കേന്ദ്രത്തിൽ അടയ്ക്കാനായി പരിശ്രമിക്കുക. കാരണം പലതും അതേ മാസത്തിൽ തന്നെ അതിനുള്ള സ്ഥലങ്ങളിലേക്ക് അയച്ചു കൊടുക്കേണ്ടതായിട്ടുണ്ട്. എല്ലാം കിട്ടാൻ കാത്തു നിൽക്കാതെ കിട്ടുന്ന ക്രമത്തിൽ അടക്കാവുന്നതാണ്. ദുരിതാശ്വാസ സംഭാവന കൾ പോലെയുള്ളവ പെട്ടെന്ന് കിട്ടിയില്ലെങ്കിൽ അവകൊണ്ട് ഉദ്ദേ ശിച്ച ഫലം ചെയ്യുകയില്ല. മാത്രമല്ല പിന്നീട് സർക്കാരിൽ നിന്ന് അന്വേഷണവും ഉണ്ടാകാം.

27. തുക ചെക്കായോ ഓൺലൈനായോ അടക്കുന്നതാണ് കൂടുതൽ സ്വീകാര്യം. ഓൺലൈനായിട്ടാണ് അടക്കുന്നതെങ്കിൽ എവിടെ നിന്നാണെന്നും എന്തിന് വേണ്ടിയാണെന്നും ബഹുമാനപ്പെട്ട പ്രൊക്യുറേറ്ററച്ചനെയൊ ഓഫീസിലുള്ള സിസ്റ്ററിനെയോ വിളിച്ചറി യിക്കേണ്ടതാണ്. എസ്.എം.എസ്. ചെയ്താലും മതി. അല്ലെങ്കിൽ കണക്കെഴുതാൻ ബുദ്ധിമുട്ടാകും.
28. കിട്ടുന്ന തുകകൾ പൂർണ്ണമായും ഇടവകയുടെ അല്ലെങ്കിൽ സ്ഥാപ നത്തിന്റെ കണക്കിൽ ചേർക്കുകയും മുഴുവൻ തുകയും രൂപതാ കേന്ദ്രത്തിൽ അടക്കുകയും ചെയ്യണം എന്ന് പ്രത്യേകം ഓർമ്മപ്പെ ടുത്തുന്നു.

**ഇടവകയിൽ നിന്നുള്ള 10% വിഹിതം**

29. ഇടവകയിൽ നിന്ന് കൊടുക്കേണ്ടതായ 10% വിഹിതം ഓരോ മാസവും അടക്കുന്നത് ഉചിതമായിരിക്കും.
30. 10% കൊടുക്കാതിരിക്കാൻ വേണ്ടി വരവിന്റെ പേരു മാറ്റി ചേർക്കു ന്നത് ഉചിതമല്ല എന്ന് ഓർക്കുമല്ലോ.
31. വളരെ ബുദ്ധിമുട്ടുള്ള ഇടവകകൾ ചിലപ്പോൾ 10% കൊടുക്കുന്ന തിൽ നിന്ന് ഇളവ് ചോദിക്കാറുണ്ട്. അവർക്ക് കൊടുക്കാറുമുണ്ട്. എന്നാൽ അവർ കൃത്യമായി അടയ്ക്കേണ്ട തുക ആദ്യം അടയ്ക്കേ ണ്ടതാണ്. പിന്നീട് അവരുടെ ആവശ്യം സൂചിപ്പിച്ചുകൊണ്ട് പൊതു യോഗത്തിന്റെ അല്ലെങ്കിൽ പ്രതിനിധി യോഗത്തിന്റെ തീരുമാനം എന്ന രൂപത്തിൽ സഹായത്തിനായി അപേക്ഷിക്കാവുന്നതാണ്. പല പ്പോഴും അടച്ച തുകയിലും കൂടുതൽ കൊടുക്കാൻ കഴിയും. രൂപതാ കേന്ദ്രത്തിന്റെ കണക്കുകളിൽ ഇടവകകളിൽ നിന്ന് കിട്ടുന്നതും അവർക്ക് കൊടുക്കുന്നതുമായ കണക്കുകൾ കൃത്യമായിരിക്കാൻ വേണ്ടിയാണ് ഇപ്രകാരം ചെയ്യാൻ ആവശ്യപ്പെടുന്നത്.

**പ്രത്യേക നിർമ്മാണപ്രവർത്തനങ്ങളുടെ കണക്കുകൾ**

32. ഇടവകയിൽ നടക്കുന്ന നിർമ്മാണപ്രവർത്തനങ്ങളുടെയും കണ ക്കുകൾ എല്ലാ മാസവും പൊതുകണക്കിൽ ഉൾപ്പെടുത്തി തെരട്ട്

അയക്കേണ്ടതാണ്. അത്തരം ഇടവകകളിലെ പൊതുകണക്കുകൾ കൃത്യമായി കിട്ടാറുണ്ടെങ്കിലും നിർമ്മാണത്തിന്റെ കണക്കുകൾ തരാറില്ല. പലപ്പോഴും നിർമ്മാണം പൂർത്തിയായി കുറേക്കാലം കഴിഞ്ഞിട്ടായിരിക്കും അവ ലഭ്യമാക്കുന്നത്. ഇങ്ങനെ ചെയ്യുന്നത് പലതരം ബുദ്ധിമുട്ടുകൾക്കും അനാവശ്യമായ വഴക്കുകൾക്കും ഇടയാകുന്നുണ്ട്. ഓഡിറ്റ് കൃത്യസമയത്ത് നടത്താൻ പറ്റുന്നില്ല എന്നതാണ് ഒരു കാര്യം. രണ്ടാമതായി ഇടവകജനങ്ങളിൽ കുറേപ്പേരെങ്കിലും ഇടവക വികാരിയുടെ വിശ്വാസ്യതയെ ചോദ്യം ചെയ്തെന്ന് വരാം. അത് പിന്നീട് വലിയ വഴക്കിലേക്കും പിളർപ്പിലേക്കും ഇടവകയെ തള്ളിവിടും. രൂപതാ കേന്ദ്രത്തിന് അനാവശ്യമായ ബുദ്ധിമുട്ടുകളും ഉണ്ടാക്കും. ആയതിനാൽ എല്ലാ മാസവും പൊതുകണക്കിനോട് ചേർത്ത് രൂപതാ കേന്ദ്രത്തിലേക്ക് നൽകേണ്ടതാണ്.

**തുകകൾ കൊടുക്കുമ്പോഴും വാങ്ങുമ്പോഴും ശ്രദ്ധിക്കാൻ**

33. 10000 (പതിനായിരം) രൂപയിൽ കൂടിയ തുക ഒരു ദിവസം ഒരു വ്യക്തിക്കോ സ്ഥാപനത്തിനോ പണമായി കൊടുക്കുന്നത് നിയമവിരുദ്ധമാണ്. അതിന് മുകളിലുള്ള തുകകൾ ചെക്ക് രൂപത്തിൽ അല്ലെങ്കിൽ ഓൺലൈനായി മാത്രമേ കൊടുക്കാവൂ.
34. ഇപ്രകാരമുള്ള തുകകൾ സ്വീകരിക്കാൻ ഒരു മതസ്ഥാപനമെന്ന നിലയിൽ ഇടവകകൾക്ക് അനുവാദമുണ്ടെങ്കിലും അത് തന്നയാളിന്റെ (Donor) പൂർണ്ണമായ പേരും പാൻ കാർഡ് നമ്പർ, മൊബൈൽ നമ്പർ എന്നിവ അടക്കമുള്ള വിവരങ്ങളും കണക്കുബുക്കിൽ ഉണ്ടായിരിക്കണം.
35. പള്ളിയിലേക്ക് തിരുസ്വരൂപങ്ങളും മറ്റും സ്പോൺസർ ചെയ്യുന്നവരുടെ പൂർണ്ണ മേൽവിലാസവും പാൻ കാർഡ് നമ്പർ, മൊബൈൽ നമ്പർ, ചെലവായ തുക, അത് വാങ്ങിയ സ്ഥലം അഥവാ കട അല്ലെങ്കിൽ കമ്പനി എന്നിവ അടക്കമുള്ള വിവരങ്ങളും ഇടവകയിലെ ഫയലിൽ സൂക്ഷിച്ചിരിക്കണം. അതിനായി ഒരു രജിസ്റ്റർ ഉള്ളത് നല്ലതാണ്. അപ്രകാരം ചെയ്യാത്ത പക്ഷം പള്ളിയിൽ നിന്ന് വാങ്ങിയതായും അവയ്ക്ക് കൊടുത്ത തുക കണക്കിൽ പെടുത്താത്തതായും ആദായ നികുതി ഉദ്യോഗസ്ഥർ വ്യാഖ്യാനിച്ചെന്ന് വരാം.
36. എന്തെങ്കിലും സാധനങ്ങൾ ഓർഡർ ചെയ്യുമ്പോൾ അതിന് കൊടുക്കുന്ന തുക ഇന്ന വസ്തുവിന് അഡ്വാൻസ് എന്നെഴുതി സാധനം ഉൾപ്പെടേണ്ടതായ ഹെഡ്ഡിൽ ഉൾപ്പെടുത്തി രസീത് വാങ്ങി സൂക്ഷിക്കേണ്ടതാണ്. പിന്നീട് സാധനം ലഭിക്കുമ്പോൾ ബാക്കി തുകയും കൊടുത്ത് അതിനും രസീത് വാങ്ങണം. പൂർണ്ണമായ തുകക്കുള്ള ബില്ലും വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

**സ്ഥാപനങ്ങൾ തമ്മിലുള്ള പണം കൈമാറ്റം**

37. രണ്ട് ട്രസ്റ്റുകൾ തമ്മിൽ ഒരു വർഷത്തിലേറെയുള്ള കാലാവധിക്ക് പണം കടം കൊടുക്കുന്നത് നിയമവിരുദ്ധമാണ്. കൊടുത്താൽ അതാത് വർഷം തന്നെ അവ തിരികെ കൊടുക്കുകയും കണക്കിൽ ചേർക്കുകയും വേണം.
38. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വരവിൽ നിന്ന് യാതൊരു കാരണ വശാലും മറ്റൊരു വിദ്യാഭ്യാസ സ്ഥാപനത്തിലേക്കല്ലാതെ പണം മാറ്റാൻ പാടുള്ളതല്ല. അപ്രകാരം ചെയ്യുന്നത് നിയമവിരുദ്ധമാണ്. കടമായോ സംഭാവനയായോ ഒന്നും ഇപ്രകാരം ചെയ്യാൻ നിയമം അനുവദിക്കുന്നില്ല.
39. പണം അഡ്വാൻസായി ആർക്കെങ്കിലും കൊടുത്താൽ അതിന്റെ വിശദവിവരങ്ങൾ കണക്കിൽ ചേർക്കേണ്ടതാണ്. പണം വാങ്ങിയ ആളിൽ നിന്ന് പ്രോമിസറി നോട്ട് പോലെയുള്ള രേഖകളും ഒപ്പിടുവിച്ച് വാങ്ങി സൂക്ഷിക്കണം. പണം തിരികെ തന്നു കഴിയുമ്പോൾ അക്കാര്യം വികാരി രേഖപ്പെടുത്തി ആ രേഖ തിരികെ കൊടുക്കുകയും ഒരു പകർപ്പ് ഇടവകയുടെ ഫയലിൽ സൂക്ഷിക്കുകയും ചെയ്യണം.

**കണക്കെഴുതാൻ ഓൺലൈൻ രീതി**

40. പല ഇടവകകളിലും ഇപ്പോൾ തന്നെ ഉപയോഗത്തിലിരിക്കുന്ന സോഫ്റ്റ് വെയറിന്റെ ഓൺലൈൻ പതിപ്പാണ് ഇപ്പോൾ നടപ്പിലാക്കുന്നത്. അതുകൊണ്ട് ആ സോഫ്റ്റ് വെയർ ഉപയോഗിച്ചിരുന്നവർക്ക് പഴയ കണക്കുകൾ പുതിയ സിസ്റ്റത്തിലേക്ക് മാറ്റാൻ പ്രയാസമില്ല.
41. കണക്കുകൾ ഓൺ ലൈൻ ആയി ചെയ്യാൻ ഓരോ ഇടവകയിലും ആവശ്യമായ കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ, ഇന്റർനെറ്റ് കണക്ഷൻ ഇവയെല്ലാം ഉണ്ടായിരിക്കണം. അവ ഉപയോഗിക്കാൻ പരിചയമുള്ള സെക്രട്ടറി അഥവാ കണക്കനും ഉണ്ടായിരിക്കണം. ഏതെങ്കിലും ഇടവകക്ക് അപ്രകാരം സാധിക്കുന്നില്ലെങ്കിൽ മറ്റേതെങ്കിലും ഇടവകയുമായി സഹകരിച്ച് ചെയ്യാവുന്നതാണ്. അങ്ങനെ ചെയ്യാൻ പറ്റുന്ന രീതിയിലാണ് സോഫ്റ്റ് വെയർ സംവിധാനം ചെയ്തിരിക്കുന്നത്.
42. യൂസർ നെയിം, പാസ്സ്‌വേർഡ് എന്നിവ അടിസ്ഥാനപ്പെടുത്തിയാണ് ഇപ്പോഴത്തെ പതിപ്പ് പ്രവർത്തിക്കുന്നത്. നമ്മുടെ ഈ മെയിൽ യൂസർ നെയിം, പാസ്സ് വേർഡ് എന്നിവ മറ്റാരുമായും നമ്മൾ പങ്ക് വയ്ക്കാറില്ലല്ലോ. കാരണം അവ നമ്മൾ അറിയാതെ ആരെങ്കിലും

മാറ്റിയെന്ന് വരാം. പിന്നെ നമുക്ക് നമ്മുടെ ഈമെയിൽ തുറക്കാൻ കഴിയില്ല. ഇതുപോലെതന്നെയാണ് പുതിയ സോഫ്റ്റ് വെയറിന്റെ രീതിയും. വികാരിയച്ചനും കണക്കനുമല്ലാതെ മറ്റാരും പാസ്സ് വേർഡ് അറിയാൻ പാടില്ല.

43. ഇടക്കിടെ പാസ്സ് വേർഡ് മാറ്റേണ്ടതാണ്. ഹാക്കർമാരിൽ നിന്ന് നമ്മുടെ സിസ്റ്റത്തെ സുരക്ഷിതമാക്കാൻ വേണ്ടിയാണ് അങ്ങനെ ചെയ്യുന്നത്. അതുപോലെതന്നെ എളുപ്പത്തിൽ മനസ്സിലാക്കാൻ പറ്റാത്ത അത്ര സങ്കീർണ്ണവും ശക്തവുമായ പാസ്സ് വേർഡ് ഉപയോഗിക്കാൻ ശ്രദ്ധിക്കണം.
44. യൂസർ നെയിം, പാസ്സ് വേർഡ് തുടങ്ങിയവ ഒരു പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി ബഹുമാനപ്പെട്ട വികാരിയച്ചന്റെ അല്ലെങ്കിൽ സ്ഥാപനത്തിന്റെ നേതൃത്വത്തിലുള്ളയാളുടെ പക്കൽ സൂക്ഷിക്കേണ്ടതാണ്. കാരണം അവ മറന്നു പോകാനുള്ള സാദ്ധ്യത ഏറെയാണ്. അങ്ങനെ വന്നാൽ പിന്നെ സൈറ്റ് തുറക്കുക ദുഷ്കരമാകും.
45. അനധികൃതമായി ആരെങ്കിലും സൈറ്റ് തുറന്നിട്ടുണ്ടോ എന്ന് ബന്ധപ്പെട്ടവർ ഇടക്കിടെ പരിശോധിച്ചുകൊണ്ടിരിക്കണം.

**കണക്കെഴുതുമ്പോൾ ശ്രദ്ധിക്കാൻ**

46. വരവിൽ കൂടുതൽ ചെലവ് ഒരിക്കലും വരാൻ പാടുള്ളതല്ല. അങ്ങനെ വരുന്നെങ്കിൽ ചെലവാക്കിയ പണം ആരിൽ നിന്നെങ്കിലും കടമായി വാങ്ങിയതാകണമല്ലോ. അപ്പോൾ കടം തന്നയാളിന് അതിനായി പ്രോമിസറി നോട്ട് പോലെയുള്ള രേഖകൾ കൊടുക്കുകയും തിരികെ കൊടുത്ത് കഴിയുമ്പോൾ അപ്രകാരം രേഖപ്പെടുത്തി ആ രേഖകൾ തിരികെ വാങ്ങി ഫയലിൽ സൂക്ഷിക്കുകയും ചെയ്യണം. ഒരു പകർപ്പ് കടം തന്നയാളിനും കൊടുക്കണം. ഇത് വികാരിയിൽ നിന്ന് വാങ്ങുമ്പോഴും ചെയ്യണം.
47. കടം വാങ്ങുന്ന തുക നിയമത്തിന്റെ പരിധിയിൽ അനുവദിക്കുന്നത്ര മാത്രമേ നോട്ടായി വാങ്ങാൻ പാടുള്ളു. ഒരു സാമ്പത്തിക വർഷം ഒരു വ്യക്തിയിൽ നിന്ന് 20000 (ഇരുപതിനായിരം) രൂപയിൽ കൂടുതൽ പണമായോ കടമായോ അഡ്വാൻസ് ആയോ വാങ്ങാൻ പാടുള്ളതല്ല. ബാക്കി ബങ്കിലൂടെ തന്നെ വേണം വാങ്ങാൻ, കൈവായ്പയായി വാങ്ങിയാലും ഇപ്രകാരം തന്നെ ചെയ്യണം.
48. എന്നാണോ കടം വാങ്ങിയത് ആ തീയതി തന്നെയായിരിക്കണം കണക്കിലും കാണേണ്ടത്.
49. കടം വാങ്ങുന്ന തീയതിക്ക് മുമ്പായി ചെലവ് എഴുതാനും പാടുള്ളതല്ല.

50. കടം വാങ്ങുന്ന തുകകൊണ്ട് സാധനങ്ങൾ വാങ്ങുകയും പണിക്കൂലി കൊടുക്കുകയും മറ്റും ചെയ്യുമ്പോൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുകയും ബില്ലുകളും വൗച്ചറുകളും അതിനനുസരിച്ച് വാങ്ങുകയും ചെയ്യേണ്ടതാണ്.

**ടി.ടി.എസ്. (Tax Deducted at Source)**

51. നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന പള്ളികൾക്ക് നിർബന്ധമായും TAN number (Tax Deduction and Collection Account Number (TAN) is a 10 digit number issued to persons who are required to deduct or collect tax on payments made by them under the Indian Income Tax Act, 1961) ഉണ്ടായിരിക്കേണ്ടതാണ്.

52. TDS on professional charges: പ്ലാൻ തയ്യാറാക്കുകയും മറ്റും ചെയ്യുമ്പോൾ എഞ്ചിനീയർക്ക് നൽകുന്ന തുക മുപ്പതിനായിരം രൂപയിൽ കൂടിയാൽ കൊടുക്കുന്ന തുകയുടെ 10% ടി.ഡി.എസ്. പിടിക്കേണ്ടതാണ്. ബാക്കിയുള്ളതേ എഞ്ചിനീയർക്ക് കൊടുക്കാൻ പാടുള്ളൂ.

53. PAN ഇല്ലാത്തവർക്ക് professional charge കൊടുക്കുമ്പോൾ 20% ടി.ഡി.എസ്. പിടിക്കേണ്ടതാണ്.

54. പള്ളികളുടെ ടി.ഡി.എസ്. ഏതെങ്കിലും കാരണവശാൽ പിടിച്ചിട്ടുണ്ടെങ്കിൽ (ഉദാഹരണം- 10000 (പതിനായിരം) രൂപയിൽ കൂടുതൽ കിട്ടുന്ന ബാങ്ക് പലിശയിന്മേൽ ബാങ്കാർ പിടിച്ച് സർക്കാരിലേക്ക് അടക്കുന്നത്, വാടകക്കാരിൽ നിന്ന് പിടിച്ച് അടക്കുന്നത് തുടങ്ങിയവ) പള്ളികളുടെ ഇൻകം ടാക്സ് റിട്ടേൺ സമർപ്പിക്കുമ്പോൾ അത് തിരിച്ചു ലഭിക്കുന്നതാണ്. ഇടവകയുടെ അക്കൗണ്ടിലേക്കാണ് അത് എത്തുന്നത്.

55. ഇടവകകൾ ടി.ഡി.എസ്. പിടിച്ചിട്ടുണ്ടെങ്കിൽ ആ തുക തുടർന്ന് വരുന്നമാസം ഏഴാം തീയതിക്കുള്ളിൽ ഇൻകം ടാക്സ് ഓഫീസിൽ അടക്കേണ്ടതും QUARTERLY TDS റിട്ടേൺ ഫയൽ ചെയ്യേണ്ടതുമാണ്. ഫയൽ ചെയ്യാത്തപക്ഷം 200 രൂപ ഒരു ദിവസം എന്ന രീതിയിൽ ഫൈൻ അടക്കേണ്ടിവരും.

56. TDS ON LAND PUCHASE: അമ്പതുലക്ഷം രൂപയ്ക്ക് മുകളിൽ ഭൂമി വാങ്ങിയാൽ ഉടമയ്ക്ക് കൊടുക്കുന്ന തുകയ്ക്ക് 1% TDS പിടിച്ച് സർക്കാരിലേക്ക് അടക്കേണ്ടതാണ്.

57. കോണ്ട്രാക്ട് പണികൾ വ്യക്തികൾക്ക് കൊടുക്കുമ്പോൾ കൊടുക്കുന്ന തുക ഒരു വർഷം ഒരു ലക്ഷം രൂപയിൽ അധികമാണെങ്കിൽ ഒരു ശതമാനവും കമ്പനികൾക്ക് കൊടുക്കുമ്പോൾ രണ്ട് ശതമാനവും ടി.ഡി.എസ്. പിടിച്ച് സർക്കാരിലേക്ക് അതാത് മാസം തന്നെ

അടക്കേണ്ടതാണ്. അറ്റകുറ്റപ്പണികൾ നടത്താൻ കരാർ കൊടു ത്താലും ഇപ്രകാരം ചെയ്തിരിക്കണം.

58. കോൺട്രാക്ട് കൊടുക്കുന്ന പണികൾക്ക് കോൺട്രാക്ടർ വാങ്ങുന്ന സാധനങ്ങളുടെ ബിൽ തരുന്നില്ലെങ്കിൽ അതും കോൺട്രാക്ട് തുക യിൽ പെടുത്തി ടി.ഡി.എസ് പിടിച്ച് സർക്കാരിലേക്ക് അടക്കേണ്ട താണ്.
59. ഇപ്പോൾ പുതുതായി ഉപയോഗിക്കാൻ തുടങ്ങുന്ന ഓൺലൈൻ സോഫ്റ്റ് വെയർ സർവ്വീസ് ഇനത്തിലാണ് ഉൾപ്പെടുത്തിയിരിക്കു ന്നത്. അതിനാൽ അതിനായി കൊടുക്കുന്ന തുകകൾക്ക് ഓരോ പ്രാവശ്യവും കൊടുക്കുമ്പോൾ ടി.ഡി.എസ് പിടിച്ച ശേഷമുള്ള തുക മാത്രമേ കൊടുക്കാവൂ. അങ്ങനെ പിടിച്ച തുക അതാത് മാസം തന്നെ സർക്കാരിലേക്ക് അടക്കുകയും ചെയ്യണം.
60. പണിക്കാർ കോൺട്രാക്ടർ വഴിയാണ് വരുന്നതെങ്കിൽ അക്കാര്യം രേഖപ്പെടുത്തുകയും കോൺട്രാക്ടറുടെ പേരിൽ ടി.ഡി.എസ് പിടിച്ച് സർക്കാരിലേക്ക് ഓരോ മാസവും അടക്കുകയും ചെയ്യണം. ടി.ഡി. എസ് പിടിക്കാത്തപക്ഷം ചെലവായതിന്റെ 30% കുറച്ചുള്ള തുക മാത്രമേ കൊടുത്തതായി ആദായനികുതി വകുപ്പ് പരിഗണിക്കുക യുള്ളു. ടി.ഡി.എസ് പിടിച്ച് അടക്കാത്തതിനുള്ള ശിക്ഷയാണത്. ഫൈനടക്കം കോൺട്രാക്ട് കൊടുത്തയാളിൽ നിന്ന് ഈടാക്കുകയും ചെയ്യും.
61. ടി.ഡി.എസ് അടക്കുന്നത് ഓൺ ലൈനായിട്ടാണ്. അതിനായി അദ്ദേ ഹത്തിന്റെ പാൻകാർഡ്, ടാൻ വിവരങ്ങൾ മറ്റും നേരത്തെ തന്നെ വാങ്ങി വച്ചിരിക്കണം.
62. ടി.ഡി.എസ് തുക ടി.ഡി.എസ്. എന്ന ഹെഡ്ഡിൽ തന്നെ കണക്കിൽ ചേർക്കണം. അത് കുറച്ച് മാത്രമേ കോൺട്രാക്ടർക്ക് കൊടുക്കാവൂ. കണക്കെഴുതുമ്പോൾ കൊടുത്ത തുക എഴുതിയാൽ മതി. ബാക്കി ടി.ഡി.എസ് എന്ന ഹെഡ്ഡിൽ ഉണ്ടാകുമല്ലോ.

**കണക്കുകൾ രൂപതാ കേന്ദ്രത്തിലേക്ക് അയക്കുമ്പോൾ ശ്രദ്ധിക്കാൻ**

63. ഓരോ മാസവും 15-ന് മുമ്പായി തലേ മാസത്തെ കണക്കുകൾ പൊതുയോഗത്തിലോ പ്രതിനിധി യോഗത്തിലോ അവതരിപ്പിച്ച് പാസാക്കി ബഹുമാനപ്പെട്ട വികാരിമാരോ സ്ഥാപനത്തിന്റെ ഉത്തര വാദിത്വപ്പെട്ടവരോ പരിശോധിച്ച് ശരിയെന്ന് ഉറപ്പു വരുത്തിയ ശേഷം രൂപതാ കേന്ദ്രത്തിലേക്ക് ഓൺലൈനായി അയക്കേണ്ടതാണ്. അയച്ചു കഴിഞ്ഞാൽ പിന്നെ തുകകൾ കൂടുതലായി ആ മാസത്തെ കണക്കിൽ ചേർക്കാനോ കണക്കിൽ നിന്ന് മാറ്റാനോ കഴിയുന്നതല്ല.

അങ്ങനെ വേണമെന്നുണ്ടെങ്കിൽ അതിന് രൂപതാ കേന്ദ്രത്തിൽ നിന്ന് പ്രത്യേക അനുവാദം വാങ്ങുകയും വീണ്ടും കണക്ക് പാസാക്കി അയക്കുകയും ചെയ്യണം.


64. തിരട്ട് രൂപതാ കേന്ദ്രത്തിലേക്ക് അയക്കുന്നതോടൊപ്പം അതിന്റെ ഒരു പകർപ്പ് പ്രിന്റ് ചെയ്ത് ഫയലിൽ വയ്ക്കുകയും വർഷാവസാനം ബുക്ക് രൂപത്തിൽ ബയിന്റ് ചെയ്ത് സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. ഓരോ ദിവസത്തേയും കണക്കും (Day Book) ഇപ്രകാരം തന്നെ പ്രിന്റ് ചെയ്ത് സൂക്ഷിക്കണം. ആദായ നികുതി വകുപ്പുകാർ പരിശോധനക്കായി ആവശ്യപ്പെട്ടാൽ പ്രിന്റ് ചെയ്തവയാണ് ഹാജരാക്കേണ്ടത്.

65. കണക്കുബുക്കുകളും അനുബന്ധ രേഖകളും ഒരിക്കലും നശിപ്പിക്കാൻ പാടുള്ളതല്ല. നിശ്ചിത വർഷത്തേക്ക് മാത്രം സൂക്ഷിച്ചാൽ മതി എന്ന് പറയുന്നുണ്ടെങ്കിലും എന്തെങ്കിലും തരത്തിലുള്ള കേസുകൾ ഉണ്ടായാൽ നമ്മുടെ ഭാഗം തെളിയിക്കാൻ മേൽപ്പറഞ്ഞവ ആവശ്യമായി വരും.

66. 2018 ഏപ്രിൽ മാസം മുതൽ കടലാസ് തിരട്ടുകൾ ഉണ്ടായിരിക്കുന്നതല്ല.

നമ്മുടെ രൂപതയുടെ പൊതുവായിട്ടുള്ളതും ഇടവകകളുടേയും സ്ഥാപനങ്ങളുടേതുമായ എല്ലാ സാമ്പത്തിക ഇടപാടുകളും ഏവർക്കും മാതൃകയാകട്ടെ എന്ന് ആഗ്രഹിക്കുകയും ആശംസിക്കുകയും അതിനായി ഏവരേയും ഈശോ പ്രചോദിപ്പിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2018 മാർച്ച് മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലറിന്റെ ഉള്ളടക്കം സമയം അനുവദിക്കുന്ന ക്രമത്തിൽ വിശ്വാസിസമൂഹത്തിന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതാണ്.**

Ref: 3061/K-5/KCBC/OL/DS

# 2018 ലോകദൈവവിളി ദിനാചരണം

## ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം

പ്രിയ സഹോദരീ സഹോദരന്മാരേ,

മെത്രാന്മാരുടെ സിനഡിന്റെ 15-ാം സാധാരണ സമ്മേളനം അടുത്ത ഒക്ടോബറിൽ നടക്കും. അതിൽ ചർച്ച ചെയ്യുന്ന പ്രമേയം യുവജനങ്ങൾ, വിശ്വാസം, ദൈവവിളി എന്നിവ തമ്മിലുള്ള ബന്ധം എന്നതാണ്. സന്തോഷത്തിലേക്ക് ദൈവം നൽകുന്ന വിളി എങ്ങനെ നമ്മുടെ ജീവിതത്തിന്റെ കേന്ദ്രസ്ഥാനത്തുള്ളതായിരിക്കുന്നുവെന്ന് കൂടുതൽ ആഴത്തിൽ ചിന്തിക്കാനുള്ള ഒരവസരമായിരിക്കും അത്. ഈ വിളി ഓരോ "യുഗത്തിലെയും സ്ത്രീപുരുഷന്മാരെ സംബന്ധിച്ച ദൈവിക പദ്ധതിയായിരിക്കുമെന്നും" ചിന്തിക്കാനുള്ള അവസരം തന്നെ (Synod of Bishops, XV Ordinary Genral Assembly, Young People, The Faith and Vocational Discernment, Introduction).

ദൈവവിളിക്കായുള്ള പ്രാർത്ഥനയുടെ അമ്പത്തിഅഞ്ചാം ലോക ദിനം ഒരിക്കൽകൂടി ഉറപ്പോടെ ഈ സദ്വാർത്ത നമ്മെ അറിയിക്കുന്നു. നാം ആകസ്മികതയുടെ ഇരകളോ പരസ്പര ബന്ധമില്ലാത്ത സംഭവങ്ങളുടെ പരമ്പരയിൽ തൂത്തുവാരപ്പെട്ടവരോ അല്ല. നേരേമറിച്ച്, ഈ ലോകത്തിലെ നമ്മുടെ ജീവിതവും സാന്നിധ്യവും ദൈവികവിളിയുടെ ഫലമാണ്!

ദൈവം നമ്മെ കണ്ടുമുട്ടാൻ നിരന്തരം വരുന്നുവെന്ന് പ്രയാസങ്ങൾ നിറഞ്ഞ ഈ കാലഘട്ടങ്ങളിലും മനുഷ്യാവതാര രഹസ്യം നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. മിക്കപ്പോഴും നമ്മുടെ ജീവിതത്തിന്റെ പൊടിപടലം നിറഞ്ഞ വഴികളിലൂടെ സഞ്ചരിക്കുന്ന, നമ്മോടുകൂടെയുള്ള ദൈവമാണ് അവിടുന്ന്. സ്നേഹത്തിനുവേണ്ടിയുള്ള ഉത്കണ്ഠനിറഞ്ഞ നമ്മുടെ ആഗ്രഹം അവിടുന്ന് അറിയുന്നു. അവിടുന്ന് നമ്മെ വിളിക്കുന്നു. വ്യക്തിപരവും സഭാപരവുമായ ഓരോ വിളിയുടെയും വൈവിധ്യത്തിലും അനന്യതയിലും ഒരു കാര്യം ആവശ്യമുണ്ട്: വചനം ശ്രവിക്കുക, വേർതിരിച്ചറിയുക, ജീവിക്കുക. ഈ വചനം ഉന്നതത്തിൽനിന്ന് നമ്മെ വിളിക്കുന്നു; നമ്മുടെ കഴിവുകളെ വികസിപ്പിക്കാൻ സഹായിക്കുന്നു; ലോകത്തിൽ രക്ഷയുടെ ഉപകരണങ്ങളാക്കുന്നു; നമ്മെ സമ്പൂർണ സന്തോഷത്തിലേക്കു നയിക്കുകയും ചെയ്യുന്നു.

ശ്രവിക്കുക, വിവേചിച്ചറിയുക, ജീവിക്കുക എന്നീ മൂന്നു വശങ്ങളും യേശുവിന്റെ തന്നെ ദൗത്യത്തിന്റെ ആരംഭത്തിൽ ഉണ്ടായിരുന്നു – പ്രാർത്ഥനയുടെയും മരുഭൂമിയിലെ പോരാട്ടത്തിന്റെയും ശേഷം അവിടുന്ന് നസ്രത്തിലെ സിനഗോഗു സന്ദർശിച്ചപ്പോൾത്തന്നെ. അവിടെ അവിടുന്ന് വചനം ശ്രവിച്ചു. പിതാവ് തന്നെ ഏൽപ്പിച്ച ദൗത്യത്തിന്റെ ഉള്ളടക്കം തിരിച്ചറിഞ്ഞു. ആ ദൗത്യം "ഇന്ന്" പൂർത്തീകരിക്കാൻ താൻ വന്നിരിക്കുന്നുവെന്ന് അവിടുന്നു പ്രഘോഷിക്കുകയും ചെയ്തു (ലൂക്കാ 4:16–21).

**ശ്രവിക്കൽ**

തുടക്കത്തിൽത്തന്നെ ഒരു കാര്യം വ്യക്തമാക്കിക്കൊള്ളട്ടെ. കർത്താവിന്റെ വിളി നമ്മുടെ അനുദിനജീവിതത്തിൽ കേൾക്കുകയും കാണുകയും തൊടുകയും ചെയ്യുന്ന മറ്റു കാര്യങ്ങളെപ്പോലെ വ്യക്തമല്ല. ദൈവം നിശ്ശബ്ദനായി, രഹസ്യമായി, നമ്മുടെ സ്വാതന്ത്ര്യത്തെ തടയാതെ വരുന്നു. അതുകൊണ്ട് നമ്മുടെ മനസുകളെയും ഹൃദയങ്ങളെയും നിറയ്ക്കുന്ന അനേകം ആകുലതകളിലും താത്പര്യങ്ങളിലും അവിടുത്തെ വിളി മുങ്ങിപ്പോയെന്നു വരാം. അതുകൊണ്ട് അവിടുത്തെ വചനവും അവിടുത്തെ ജീവിതകഥയും ശ്രദ്ധാപൂർവം കേൾക്കേണ്ടത് എങ്ങനെയെന്ന് നാം പഠിക്കേണ്ടിയിരിക്കുന്നു. അതേ സമയം, നമ്മുടെ അനുദിനജീവിതത്തിന്റെ വിശദാംശങ്ങളിൽ ശ്രദ്ധിക്കുകയും വേണം. വിശ്വാസത്തിന്റെ കണ്ണുകൾകൊണ്ട് കാര്യങ്ങളെ എങ്ങനെ കാണാമെന്നു പഠിക്കാനും പരിശുദ്ധാത്മാവിന്റെ വിസ്മയിപ്പിക്കലിലേക്ക് തുറവുള്ളവരായിരിക്കാനും വേണ്ടിത്തന്നെ.

**Arattuthara: 18/L** 2281*,**2282**, 2283*, 2284*, 2285, 2286. **Edayoorkkunnu:** 2287, 2288. **Kammana:** 2290, 2291*, **2292**, 2293*, 2294, 2295*, 2296*, 2297, 2298*, **2300**, 2301*, **2302, 2303**, 2304*. **Kartikulam:** 2305*, 2306*, 2307*, **2309,** 2310*, 2311*, 2312*. **Martin Nagar:** 2314*, 2315, 2316*, 2317, 2318, 2320, 2322*, 2324, 2325, 2326, 2327, 2328, 2329*, 2330*, 2331*, 2332*, 2333, 2334, 2335*, 2336*. **Padamala:** 2337, 2338, 2339*, 2340*, 2341*, 2342*, 2343*, 2344*, **2346,** 2348*. **Payyampally: 2349**, 2350*, 2351*, 2352*, 2353*, 2354*, 2355*, 2356*, 2357, 2358*, **2359**, 2360*, **2361**, 2362*, 2363*, 2364, 2365*, 2366*, 2367*, 2368*, 2369*, 2371*, 2372*, 2373*, 2374, 2375*, 2376*, 2377*, 2378*, 2379*, 2380*, 2381*, 2382, 2383*, 2384*, 2385*, 2386*, 2387*, 2388, 2389*,2390*.**Thrissilery:** 2391*, 2392, 2393, 2394, 2395*.

### Thariode Forane

**Chennalode: 18/M** 2415*, 2416, 2417*, 2418, 2419, 2420, 2421*, 2422*, 2423, 2424*, 2425*, 2426*, 2427*, 2428*. **Kavummannam:** 2430, 2431, 2432, 2433*, 2434*, 2435, 2438, 2439, 2440*, 2441, 2442, 2443, 2444*, 2445, 2446. **Kottathara:** 2448*, 2449, 2451, 2452, 2454, 2455*, 2456*. **Kurumani:** 2458, 2459, 2460, 2461, 2462*. **Kurumbala:** 2463, 2466, 2468, 2469*, 2470, 2472, 2474*, 2475*, 2476, 2477*, 2478*, 2480, 2481*, 2482*, 2483*, 2484, 2485*. **Mangalam:** 2487, 2491, 2492, 2494, 2495*, 2496, 2497*. **Manjoora:** 2498, 2499*, 2500, 2501, 2502*, 2504, 2505, 2506, 2507, **2508**, 2509*, **2510**, 2511*, 2512*, 2513. **Panthipoyil:** 2514*, 2515. **Puthusserikkadavu:** 2516, 2520, 2522*, 2523*, 2524*, 2525*, **2526, 2527,** 2528*, 2529*. **Thariyode:** 2530*, 2531*, 2332, 2534*, 2535*, 2537, 2538*, 2539*, 2540*, 2542*, 2543*, **2544**, 2545*, 2546*, 2547*, 2548*, 2549*, 2550*, 2551*, 2555*.

First Class *, Distinction - Bolded

**ഫാ. റോയി വട്ടക്കാട്ട് - രൂപതാ മതബോധന ഡയറക്ടർ**

# ചെറുപുഷ്പ മിഷൻലീഗ്

യു.എസ്സിലെ സെനറ്ററായിരുന്ന മാർക്ക് ഹാറ്റ് ഫീൽഡ് ഒരിക്കൽ മദർ തെരേസായുടെ കൽക്കത്തയിലുള്ള മരണാസന്നരുടെ ഭവനം സന്ദർശിക്കാൻ പോയി. ആർക്കും വേണ്ടാത്തതായ, ലോകം ഉപേക്ഷിച്ച, ആരും സഹായത്തിനില്ലാത്ത പാവങ്ങളെ ഓരോരുത്തരെയും സ്നേഹാർദ്രതയോടെ പരിചരിക്കുകയും അവർക്ക് ഭക്ഷണം നൽകുന്നതുമൊക്കെ ചെയുന്നത് കണ്ടപ്പോൾ അദ്ദേഹത്തിന്റെ മനസ്സിൽ വലിയ ചലനങ്ങൾ സംഭവിച്ചു. വികാരാധീതനായി അദ്ദേഹം ചോദിച്ചു. 'നിങ്ങൾക്ക് എങ്ങനെ ഇത്ര വലിയ ഭാരം വഹിക്കാൻ സാധിക്കുന്നു? ഈ ഭാരം നിങ്ങളെ ഞെരിച്ചുകളയുകയില്ലേ.? മദർ മറുപടി പറഞ്ഞു. 'പ്രിയപ്പെട്ട സെനറ്റർ, ഞാൻ ജീവിതത്തിൽ വിജയം നേടാൻ വന്നവളല്ല. വിശ്വസ്തയാകാൻ വിളിക്കപ്പെട്ടവളാണ്.' വിളിച്ചവനോടും ഏൽപ്പിക്കപ്പെട്ട ഉത്തരവാദിത്തത്തോടുമുള്ള വിശ്വസ്തതയാണല്ലോ ജീവിത വിജയം. 2017-18 വർഷത്തിൽ വിശ്വസ്തതയോടെ മിഷൻലീഗിനുവേണ്ടി അദ്ധ്വാനിച്ച എല്ലാവർക്കും നന്ദിയും അഭിനന്ദനങ്ങളും.

വ്യത്യസ്തവും നൂതനവുമായ പ്രവർത്തനങ്ങളിലൂടെ സപ്തതി വർഷം ആഘോഷിക്കുവാൻ നേതൃത്വം കൊടുത്ത എല്ലാവരേയും സ്മരിക്കട്ടെ. ശാഖാപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത ബഹുമാനപ്പെട്ട വികാരിയച്ചന്മാരെയും സിസ്റ്റേഴ്സിനെയും ശാഖാഭാരവാഹികളെയും മതാദ്ധ്യാപകരേയും നന്ദിയോടെ ഓർക്കുന്നു. കഴിഞ്ഞ രണ്ട് വർഷമായി മേഖലാ ഭാരവാഹികളായി സേവനം ചെയ്ത എല്ലാവർക്കും,മേഖല ഡയറക്ടേഴ്സ്, ജോയിന്റ് ഡയറക്ടേഴ്സ് എന്നിവരുടെ സ്തുത്യർഹ സേവനങ്ങൾക്ക് പ്രണാമം. ഈ പ്രവർത്തനവർഷത്തിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത രൂപതാ പ്രസിഡണ്ട്, ഷാജി ചന്ദനപറമ്പിൽ, സെക്രട്ടറി-ബിനീഷ് തുമ്പിയാംകുഴി, ജനറൽ ഓർഗനൈസർ - രഞ്ജിത്ത് മുതുപ്ലാക്കൽ മറ്റ് രൂപതാ എക്സികുട്ടീവ്, ടീം അംഗങ്ങൾക്ക് ഹൃദയം നിറഞ്ഞ കൂപ്പുകൈ. രൂപതാ ജോയിന്റ് ഡയറക്ടറായി സേവനം ചെയ്തുവരുന്ന റവ.സി.ലിസ്സ അലക്സ് എസ്.കെ.ഡി, ഓഫീസ് സെക്രട്ടറിയായി സേവനം ചെയ്യുന്ന റവ.സി.ലിസ്സ ജോസ് സി.എം.സി എന്നിവർക്കും നന്ദിയും അഭിനന്ദനങ്ങളും. കൂടുതൽ ഉയരങ്ങളിലേക്ക് കൂടുതൽ തീക്ഷ്ണതയോടെ പ്രവർത്തിക്കാൻ എല്ലാവിധ നന്മകളും വിജയാശംസകളും

സ്നേഹപൂർവ്വം,

**ജോജോച്ചൻ**

**പ്രാർത്ഥനാ മലരുകൾ - 70 പരിശുദ്ധാത്മാവിനോടുള്ള ജപം.**

**സുകൃതജപം:** ഹൃദയ ശാന്തതയും എളിമയുമുള്ള ഈശോയെ എന്റെ ഹൃദയം അങ്ങേ ഹൃദയത്തിന് ഒത്തതാക്കണമേ.

**മിഷൻ പ്രയർ ബാങ്ക് ശേഖരണം:** മണ്ഡ്യ രൂപത (പയ്യമ്പള്ളി, മേഖല)

**സംസ്ഥാന ഡയറക്ടേഴ്സ്, വൈസ്. ഡയറക്ടേഴ്സ് മീറ്റിംഗ്**

കോട്ടയം രൂപതാ പാസ്റ്ററൽ സെന്ററിൽ വെച്ച് അഭിവന്ദ്യ മാർ. ജോസഫ് പെരുന്തോട്ടം പിതാവിന്റെ നേതൃത്വത്തിൽ നടന്ന സംസ്ഥാന ഡയറക്ടർ, ജോ.ഡയറക്ടർ മീറ്റിംഗിൽ മാനന്തവാടി രൂപതാ ഡയറക്ടർ റവ.ഫാ.ജോജോ ചങ്ങനാംതുണ്ടത്തിൽ, ജോ.ഡയറക്ടർ റവ.സി.ലിസ അലക്സ് എസ്.കെ.ഡി എന്നിവർ പങ്കെടുത്തു.

**വചനതാരം അഭിനന്ദനം... നന്ദി...**

സുഭാഷിതങ്ങളുടെ പുസ്തകം പഠനവിഷയമാക്കിക്കൊണ്ട് ഏപ്രിൽ 12, 13 തിയ്യതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് വചനതാരം പ്രോഗ്രാം നടത്തപ്പെട്ടു. വിവിധ ശാഖകളിൽ നിന്നായി 60 കുട്ടികൾ പങ്കെടുത്തു. റവ. ഫാ. അഗസ്റ്റ്യൻ ചിറക്കത്തോട്ടത്തിൽ നയിച്ച വചനപ്രതിഷ്ഠയോടെ ആരംഭിച്ച പ്രോഗ്രാമിന് രൂപതാ ഡയറക്ടർ റവ. ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ സ്വാഗതം ആശംസിച്ചു. വിവിധ രീതികളിലൂടെ വ്യക്തമായി വിലയിരുത്തി വചനതാരങ്ങളെ കണ്ടെത്തി. സമാപന സമ്മേളനത്തിൽ പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ.ഫാ.പോൾ വാഴപ്പള്ളി വിജയികൾക്ക് ക്യാഷ് അവാർഡും പ്രശസ്തി പത്രവും വിതരണം ചെയ്തു. സീനിയർ വിഭാഗത്തിൽ ഒന്നാം സ്ഥാനം - ജാൻസി വെണ്ണായപ്പിള്ളി (നടവയൽ) രണ്ടാം സ്ഥാനം- അലീന കുറുമ്പുറത്ത് (ഒറ്റപ്ലാവ്) മൂന്നാം സ്ഥാനം- അതുല്ല്യ തേക്കുമല (തോമാട്ടുചാൽ) എന്നിവരും ജൂണിയർ വിഭാഗത്തിൽ ഒന്നാം സ്ഥാനം- ഡെൽന പുന്നമറ്റത്തിൽ (റിപ്പൺ) രണ്ടാം സ്ഥാനം - ജിയജോയി കൊല്ലപ്പള്ളി (പയ്യമ്പള്ളി) മൂന്നാം സ്ഥാനം- മിലൻ മുണ്ടക്കൽ (നടവയൽ) നാലാം സ്ഥാനം - ബിജോയി പുതുശ്ശേരി (നടവയൽ) എന്നിവരും കരസ്ഥമാക്കി. വിജയികൾക്ക് അഭിനന്ദനങ്ങൾ നേതൃത്വം വഹിച്ച രൂപതാ എക്സിക്യൂട്ടീവ് & ടീം അംഗങ്ങൾക്ക് നന്ദി.

**രൂപതാ ക്യാമ്പ്: മെയ് 2,3,4, തിയ്യതികളിൽ**

9,10,11 ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള രൂപതാ സാഹിത്യക്യാമ്പ് മെയ് 2-ന് വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് മെയ് 4-ന് ഉച്ചയ്ക്ക് 2 മണിക്ക് തീരുന്നതാണ്. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്ന 100 പേർക്കാണ് സീറ്റുള്ളത്. രജിസ്ട്രേഷൻ ഫീസ് 800 രൂപ. ഇതിൽ 400 രൂപ ശാഖയോ വ്യക്തിയോ വഹിക്കേണ്ടതാണ്.

**പ്രതിഷേധ റാലി:** വടക്കനാട് നടന്ന സമരത്തിൽ രൂപതാ എക്സിക്യൂട്ടീവ് & ടീം അംഗങ്ങൾ പങ്കെടുത്തു.

**രൂപതാ കൗൺസിൽ - പ്രവർത്തനവർഷ ഉദ്ഘാടനം**

രൂപതാ 2018-19 പ്രവർത്തനവർഷ ഉദ്ഘാടനവും കൗൺസിലും ജൂൺ 9-ാം തീയതി രാവിലെ 9 മണിക്ക് വി. കുർബാനയോടുകൂടി ആരംഭിച്ച് ഉച്ചക്ക് 2 മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. ശാഖ, മേഖല, രൂപത ഭാരവാഹികൾ നിർബന്ധമായും പങ്കെടുക്കുമല്ലോ. പങ്കെടുക്കുന്നവരുടെ എണ്ണം ജൂൺ 5 ന് മുമ്പ് രൂപതാ ഓഫീസിൽ അറിയിക്കുമല്ലോ. മണിമൂളി, നിലമ്പൂർ, നീലഗിരി റീജിണൽ കൗൺസിലും പ്രവർത്തനവർഷ ഉദ്ഘാടനവും 2018 ജൂൺ 10 ഞായറാഴ്ച 2.30 ന് മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. മുകളിൽ പറഞ്ഞ മേഖല

കളിൽ ഉൾപ്പെട്ട ശാഖാ ഭാരവാഹികളും ജോ. ഡയറക്ടേഴ്സും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

**ജോ. ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

ശാഖാ അംഗത്വലിസ്റ്റിന്റെ 3 കോപ്പി, വാർഷിക റിപ്പോർട്ട്, പുതിയ ശാഖ ഭാരവാഹികളുടെ അഡ്രസ്സ് എന്നിവ നൽകാത്തവർ എത്രയും പെട്ടെന്ന് ഓഫീസിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ജൂലൈ രണ്ടാം ശനിയാഴ്ച രാവിലെ 9.30 - ന് ശാഖാ ജോ.ഡയറക്ടേഴ്സിന്റെ മീറ്റിംഗ് നടത്തപ്പെടുന്നു. എല്ലാ ജോ.ഡയറക്ടേഴ്സും നിർബന്ധമായും പങ്കെടുക്കുമല്ലോ.

**ശാഖാ വാർത്തകൾ**

*കയ്യൂന്നി:-* വടക്കനാട് നടന്ന സമരത്തിൽ ശാഖയിലെ മിഷനറിമാർ പിന്തുണ പ്രഖ്യാപിച്ച് സമരപന്തൽ സന്ദർശിച്ചു. സീനിയേഴ്സിന്റെ സംഗമം നടത്തി.

*പുളപ്പാടം:-* അട്ടപ്പാടിയിൽ കൊലപാതകത്തിനിരയായ മധുവിനോട് പ്രതീകാത്മകമായി മാപ്പ് ചോദിച്ചുകൊണ്ട് മൗനപ്രാർത്ഥനയും റാലിയും നടത്തി. പാലിയേറ്റീവിന് ധനസഹായം നൽകുന്നതിനായി സി.എം.എൽ ധനശേഖരണം നടത്തി.

*ഇടിവണ്ണ:-* ദിവ്യകാരുണ്യ ആരാധന, പരീക്ഷഒരുക്ക പ്രാർത്ഥന എന്നിവയ്ക്ക് റവ.ഫാ. സെബാസ്റ്റ്യൻ പാറയിൽ നേതൃത്വം നൽകി. 40-ാം വെള്ളിയാഴ്ചയിലെ കുരിശിന്റെവഴിക്ക് മിഷൻലീഗ് അംഗങ്ങൾ നേതൃത്വം നൽകി. ദു:ഖവെള്ളിയാഴ്ച കുരിശിന്റെവഴിയുടെ സമാപനത്തിൽ നേർച്ചഭക്ഷണ വിതരണത്തിന് സി.എം.എൽ അംഗങ്ങൾ നേതൃത്വം കൊടുത്തു.

*പനംചിറ:-* അമ്പതുനോമ്പിലെ കുരിശിന്റെവഴി പ്രാർത്ഥനയിൽ മിഷനറിമാർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു. വി. യൗസേപ്പിന്റെ തിരുനാൾ ദിനം 'ആബാ ഫെസ്റ്റ്' എന്ന പേരിൽ ബഹു. ജോസച്ചന് തിരുനാൾ മംഗളങ്ങൾ ആശംസിച്ചു, എല്ലാ പിതാക്കന്മാരെയും ആദരിച്ച് ആശംസകൾ നേർന്ന് സ്നേഹവിരുന്ന് നൽകി.

*മഞ്ഞൂറ:-* ഉപവാസദിനം, ഭവനസന്ദർശനം, കുരിശിന്റെ വഴി, തിരുബാലസഖ്യ മീറ്റിംഗ്, സൺഡേസ്റ്റാർ, പ്രാർത്ഥനാദിനം, ബർത്ത്ഡേ ആശംസകൾ, ഗാനപരിശീലനം, വി. യൗസേപ്പിന്റെ തിരുനാൾ ആചരണം എന്നിവ നടത്തി. ദൈവവിളി പ്രോത്സാഹനമായി 1000 രൂപ നൽകി.

*കാരക്കാമല:-* വൃദ്ധസദനം സന്ദർശിച്ച് 1600 രൂപ സഹായം നൽകി. ഓഖി ദുരിതാശ്വാസത്തിലേക്ക് 6500 രൂപ നൽകി. സെമിനാർ, അൾത്താര ബാല സംഗമം എന്നിവ നടത്തി. ബർത്ത്ഡേ ആഘോഷിക്കുന്നവർക്ക് സമ്മാനം നൽകി. ഇടവകയിൽ വാട്ടർകൂളർ വാങ്ങിക്കുന്നതിനായി 38000 രൂപ നൽകി.

*പുതിയിടം:-* തിരുനാൾ അലങ്കാരത്തിൽ പങ്കുചേർന്നു. സ്റ്റാൾ നിമ്മാണം നടത്തി. ധനശേഖരണാർത്ഥം ഐസ്ക്രീം വിൽപനനടത്തി. തിരുനാൾ പ്രദക്ഷിണത്തിന് കുടപിടിച്ചു.

*നെടുമ്പാല:-* വാഴവറ്റയിൽ കുരിശിന്റെ വഴിയിൽ പങ്കെടുത്തു, ഭവന സന്ദർശനം നടത്തി, ശാഖയിൽ ഉയിർപ്പുകല്ലറ ഉണ്ടാക്കി. രൂപതാ തിരു ബാലസഖ്യ മത്സരത്തിൽ പങ്കെടുത്തു.

*ചാരിറ്റി:-* കുട്ടികൂട്ടത്തിലേയ്ക്ക് സി.എം.എൽ അംഗങ്ങളെ തിരഞ്ഞെടുത്തു. സൂപ്പർ സീനിയേഴ്സ് മലയാറ്റൂർ തീർത്ഥാടനം നടത്തി. 'യുവജനങ്ങൾ

അനുഗ്രഹിക്കപ്പെട്ടവര്‍' എന്ന വിഷയത്തെക്കുറിച്ച് ഫാ. ടോംസി സൂപ്പര്‍ സീനിയേഴ്സിന് ക്ലാസ്സെടുത്തു.

*മൊതക്കര:-* സിമിത്തേരി നിര്‍മ്മാണത്തിനായി എല്ലാവരും ഉപവാസമെടുത്ത് പ്രാര്‍ത്ഥിച്ചു. സണ്‍ഡേസ്കൂളിനെ തിരഞ്ഞെടുത്തു.

*കല്ലുവയല്‍:-* പരീക്ഷഒരുക്ക പ്രാര്‍ത്ഥന നടത്തി. ഉത്ഥാന കല്ലറ ഉണ്ടാക്കി. രോഗീസന്ദര്‍ശനം നടത്തി. നോമ്പിന്റെ ചൈതന്യം എല്ലാവരിലും എത്തിക്കാന്‍ വൃദ്ധരായ മാതാപിതാക്കള്‍ക്കും, രോഗികള്‍ക്കും വി.കുര്‍ബാന, കുമ്പസാരം എന്നിവ നല്‍കുവാന്‍ സഹായിച്ചു. ദു:ഖ വെള്ളിയാഴ്ച ആഘോഷമായ കുരിശിന്റെ വഴി ദൃശ്യാവിഷ്കരണം വഴി നടത്തി.

*വടക്കനാട്:-* ഗ്രാമസംരക്ഷണ സമിതിയുടെ നേതൃത്വത്തില്‍ വന്യമൃഗ ശല്ല്യത്തിനെതിരെ ശാശ്വത പരിഹാരം കാണണമെന്നാവശ്യപ്പെട്ട് നടത്തിയ നിരാഹാര സമരത്തിന്റെ വിജയത്തിനായി 11 ദിവസം തുടര്‍ച്ചയായി ദിവ്യകാരുണ്യ ആരാധന നടത്തുകയും മിഷന്‍ലീഗ് നേതൃത്വം നല്‍കുകയും ചെയ്തു. സ്നേഹഭവന നിര്‍മ്മാണത്തിനായി ശാഖാ ഫണ്ടില്‍ നിന്ന് സംഭാവന നല്‍കി.

*വാഴവറ്റ:-* ജയില്‍ സന്ദര്‍ശനം നടത്തുകയും വിവിധ കലാപരിപാടികള്‍ അവതരിപ്പിക്കുകയും ചെയ്തു. ഭവനസന്ദര്‍ശനം രോഗിസന്ദര്‍ശനം എന്നിവ നടത്തി.

*നടവയല്‍:-* S.S.L.C, +1, +2 ക്ലാസ്സുകളിലെ കുട്ടികള്‍ക്കായി പരീക്ഷ ഒരുക്ക ആരാധനയും കുര്‍ബാനയും നടത്തി. ബഹു. ഡയറക്ടര്‍, ജോ. ഡയറക്ടര്‍ എന്നിവരുടെ നേതൃത്വത്തില്‍ എക്സിക്യൂട്ടീവ്, മാനേജിംഗ് കമ്മറ്റി അംഗങ്ങള്‍ പള്ളിക്കുചുറ്റും കുരിശിന്റെ വഴി നടത്തി പ്രാര്‍ത്ഥിച്ചു.

*പാറത്തോട്ടം:-* നോമ്പുകാല ചിന്തകള്‍ ഉള്‍ക്കൊള്ളിച്ചുകൊണ്ടുള്ള ലേഖനങ്ങളും കഥകളും കുട്ടികള്‍ എഴുതിക്കൊണ്ടു വന്ന് പതിപ്പ് ഇറക്കി. വിശുദ്ധരുടെ ജീവചരിത്രം അവതരിപ്പിച്ചു. ഇടവകയിലെ 4-ാമത്തെ കുട്ടിയെ ആദരിച്ച് സമ്മാനം നല്‍കി. ഇടവകയിലെ 4 ഭവനങ്ങളില്‍ ഈസ്റ്റര്‍ കിറ്റ്, വസ്ത്രം എന്നിവ നല്‍കി.

*ഒറ്റപ്ലാവ്:-* തിരുബാലസഖ്യ മത്സരം രൂപതാതലത്തില്‍ ഡോണ്‍ പുല്‍പ്രകളറിംഗ് ഒന്നാം സ്ഥാനവും, ആന്‍ട്രിയ കണ്ണപ്പള്ളി സംഗീതം മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വചനതാര മത്സരത്തില്‍ സീനിയര്‍വിഭാഗം അലീന കുറുംപുറം രണ്ടാം സ്ഥാനം നേടി.

*പുതുശ്ശേരി:-* S.S.L.C.+2 വിദ്യാര്‍ത്ഥികള്‍ക്കായി പ്രാര്‍ത്ഥന, ആരാധന, പഠനോപകരണ വെഞ്ചിരിപ്പ് എന്നിവ നടത്തി. ആരാധന, ജപമാല എന്നിവ നടത്തി രോഗികള്‍ക്കായി പ്രാര്‍ത്ഥിച്ചു. പള്ളിയും പൂന്തോട്ടവും വൃത്തിയാക്കി.

ഹൃദയത്തിലും മനസ്സിലും മിഷന്‍ ചൈതന്യം നിറച്ച് കര്‍മ്മനിരതരായി ഊര്‍ജസ്വലരായി ചെമ്മഞ്ഞ കൊടിയുടെ കീഴില്‍ അണിനിരന്ന് ജപമാല രഹസ്യങ്ങള്‍ ധ്യാനിച്ചുകൊണ്ട് പ്രേഷിത തീക്ഷണതയില്‍ വളരുന്ന പ്രിയപ്പെട്ട മിഷന്‍ലീഗിന്റെ പ്രവര്‍ത്തകര്‍ക്ക് മിഷന്‍ അഭിവാദ്യങ്ങളോടെ.

**ബിനീഷ് തുമ്പിയാംകുഴിയില്‍**
രൂപതാ സെക്രട്ടറി

# Department of Youth Ministry

**യൂത്ത് ട്രാവലർ**

**ഡോൺ ബോസ്ക്കോ കോളേജ് ബത്തേരി**

മാനന്തവാടി രൂപതാ യൂത്ത് മിനിസ്ട്രിയുടെ ഭാഗമായി മാർച്ച് 19,20 തിങ്കൾ, ചെവ്വാ ദിവസങ്ങളിൽ രാവിലെ പത്ത് മണി മുതൽ വൈകുന്നേരം നാല് മണിവരെ വിദ്യാർത്ഥികളുടെ ആത്മീയ നവീകരണം ലക്ഷ്യം വെച്ചുകൊണ്ട് യുവജനങ്ങളെ അന്വേഷിച്ചിറങ്ങുന്ന ആത്മീയ പരിപാടിയായ യൂത്ത് ട്രാവലർ ബത്തേരി ഡോൺ ബോസ്ക്കോ കോളേജിൽ നടന്നു. നൂറ്റിഅൻമ്പതോളം വിദ്യാർത്ഥികൾ യൂത്ത് ട്രാവലർ പ്രോഗ്രാമിൽ പങ്കെടുത്തു. ഫാ.ലാൽ ജേക്കബ് പൈനുങ്കൽ വി.കുർബാനയെകുറിച്ച് ക്ലാസ്സ് നല്കുകയും വിദ്യാർത്ഥികളെ കുമ്പസാരത്തിന് ഒരുക്കുകയും ചെയ്തു. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങൾ സ്പിരിച്വൽ ഷെയറിംഗിന് സഹായിച്ചു. കുമ്പസാരത്തിന് സഹായിച്ച ഫാ.റോണി റ്റി.ഒ.ആർ, ഫാ.ജിതിൻ പീച്ചാട്ട്, എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

**സ്പിരിച്വൽ ആനിമേഷൻ പ്രോഗ്രാം**

മാനന്തവാടി രൂപതാ പ്ലസ്വൺ, പ്ലസ്ടു സൺഡേസ്കൂൾ ക്ലാസ്സുകളിൽ വേദപാഠം പഠിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള സ്പിരിച്വൽ ആനിമേഷൻ പ്രേഗ്രാം 2018 മാർച്ച് 3,4,5 തീയതികളിൽ ദ്വാരകാ പാസ്റ്ററൽ സെന്ററിൽ വെച്ച് ഫാ.ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ നടന്നു. 60 വിദ്യാർത്ഥികൾ ഈ പ്രോഗ്രാമിൽ പങ്കെടുത്തു. ഫാ.നോബിൾ പാറയ്ക്കൽ ബൈബിളിന്റെ ഉത്ഭവം, രൂപീകരണം എന്നീ വിഷയത്തിലും, ഫാ.റോയി വട്ടക്കാട്ട് സഭയിലെ വിവിധ സെറ്റുകളെകുറിച്ചും ക്ലാസ്സ് നല്കി. സി.ആനിപോൾ SH ജപമാലയുടെ പ്രാധാന്യം ജീവിത സാക്ഷ്യത്തിലൂടെ എന്ന വിഷയത്തെ അടിസ്ഥാനമാക്കി ക്ലാസ്സ് നല്കി. കുമ്പസാരത്തിന് സഹായിച്ച ഫാ.വിനോദ് പാക്കാനിക്കുഴി, ഫാ.ജോൺ എന്നിവരെ നന്ദിയോടെ ഓർക്കുന്നു. സ്പിരിച്വൽ ഷെയറിംഗിന് സഹായിച്ച യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളെ നന്ദിയോടെ ഓർക്കുന്നു.

**സി. ലിൻസി എസ്.സി.വി**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

**ആത്മജ്വാല 2018 – പന്തക്കുസ്ത ജാഗരണ പ്രാർത്ഥന**

എല്ലാവർഷവും രൂപതാ സമിതിയുടെ നേതൃത്വത്തിൽ നടത്തുന്ന പന്തക്കുസ്ത ജാഗരണ പ്രാർത്ഥന (ആത്മജ്വാല 2018) ഈ വർഷം ചുങ്കക്കുന്ന് ഫാത്തിമാമാതാ ദേവാലയത്തിൽ വച്ച് മെയ് 19 ന് (മൂന്നാം ശനി) വൈകുന്നേരം 6 മണിക്ക് ആരംഭിക്കുന്നു. യൂണിറ്റിൽ നിന്ന് വരുന്നവരുടെ എണ്ണം രൂപതാ ഓഫീസിൽ അറിയിക്കാൻ താൽപര്യപ്പെടുന്നു.

**40 മണിക്കൂർ ആരാധന**

ബത്തേരി SH കോൺവെന്റിൽ യുവജന വർഷത്തോടനുബന്ധിച്ച് 40 മണി ആരാധന നടത്തപ്പെട്ടു. ബത്തേരി ഫെറോന വികാരി റവ.ഫാ. സ്റ്റീഫൻ കോട്ടയ്ക്കൽ മാർച്ച് 26 ന് രാവിലെ 6 മണിക്ക് വിശുദ്ധ കുർബാന എഴുന്നള്ളിച്ചു വച്ച് ഉദ്ഘാടനം ചെയ്തു. 27 ന് രാത്രി കെ.സി.വൈ.എം. ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ നേതൃത്വം നൽകിയ അഭിഷേക ആരാധനയോടുകൂടി 40 മണിക്കൂർ തിരുമണിക്കൂർ സമാപിച്ചു. സ്ഥല സൗകര്യം ഒരുക്കിയ SH സിസ്റ്റേഴ്സിനോടുള്ള ഹൃദ്യമായ നന്ദി അറിയിക്കുന്നു.

**ഫലസമൃദ്ധി 2018**

മിജാർക്കിന്റെയും-കെ.സി.വൈ.എമ്മിന്റെയും സംയുക്ത സഹകരണത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന ഫലസമൃദ്ധി-2018 നെക്കുറിച്ചുള്ള വിവരങ്ങൾ നൽകുവാൻ മിജാർക്ക് കോഡിനേറ്റർ ശ്രീ. സിറിയക്ക് ചാഴിക്കാടൻ 10-4-2018 ന് നടന്ന സിൻഡിക്കേററ് മീറ്റിംഗിൽ സംബന്ധിച്ചു. കേരളത്തിന്റെ ആദ്യദിനപത്രമായ ദീപികയും ഫലവൃക്ഷതൈകളുടെ ഗവേഷണത്തിലും ഉത്പ്പാദനത്തിലും സൗത്ത് ഏഷ്യയിലെ തന്നെ പ്രമുഖരായ ഹോംഗ്രോബയോടെക്കുമാണ് പദ്ധതിയിൽ പങ്കാളികളാകുന്നത്. വിഷരഹിത ഫലങ്ങൾ- ആരോഗ്യമുള്ള ജനത എന്ന സന്ദേശവുമായി കേരളത്തിലുടനീളം പ്രചരണം നടത്തുകയും ഫലവൃക്ഷ തൈകളുടെ പ്രചാരവുമാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. മാനന്തവാടി രൂപതയിൽ ഇതിന്റെ ഔദ്യോഗിക ഉദ്ഘാടനം പരിസ്ഥിതിദിനത്തോടനുബന്ധിച്ച് നടത്തുന്നു. മെയ് 4-ന് നടക്കുന്ന ദീപിക കർഷക റാലിയിൽ കെ.സി.വൈ.എം. അംഗങ്ങൾ സഹകരിക്കുന്നു.

**വടക്കനാട് സമരം – കെസിവൈഎം ഐക്യദാർഢ്യം**

വടക്കനാട് ഗ്രാമസംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ നടന്ന സമരത്തിന് രൂപതാ സമിതിയുടെ ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കെ.സി.വൈ.എം. പ്രവർത്തകർ സമരത്തിൽ സജീവമായി പങ്കെടുത്തു. രൂപതാ പ്രസിഡണ്ട് ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തലിന്റെ നേതൃത്വത്തിൽ അസോസിയേറ്റ് ഡയറക്ടർ ഫാ. അനീഷ് കാട്ടാംക്കോട്ടിൽ ആനിമേറ്റർ സി. സ്മിത എസ്.എ.ബി.എസ്, വൈസ്സ് പ്രസിഡണ്ട് കുമാരി റോസ് മേരി,

ട്രഷറർ അഖിൽ പള്ളത്ത്, സിൻഡിക്കേറ്റ് അംഗം റ്റിബിൻ എന്നിവർ സമരപന്തൽ സന്ദർശിച്ച് സംസാരിച്ചു. മാർച്ച് 25-ന് ബത്തേരി അസംപ്ഷൻ ചർച്ച് മുതൽ സമരപന്തലിലേയ്ക്ക് പ്രകടനം നടത്തി. രൂപതാ ഡയറക്ടർ ഫാ. ലാൽ ആദ്യന്തം സമരസമിതി അംഗങ്ങളോടൊപ്പമുണ്ടായിരുന്നു. അവസാനദിവസം നടന്ന ഉപവാസസമരം ബഹു. ലാലച്ചൻ ഉത്ഘാടനം ചെയ്തു. വയനാടൻ ജനതയുടെ മുഴുവൻ പിൻതുണയും ലഭിച്ച വടക്കനാടൻ സമരസമിതിക്കും സമരസമിതി ചെയർമാൻ ബഹു. ജോബി മുക്കാട്ടുകാവുങ്കൽ അച്ചനും മാനന്തവാടി രൂപതാ കെ.സി.വൈ.എമ്മിന്റെ അഭിനന്ദനങ്ങൾ

**അനുശോചനങ്ങൾ**

കെ.സി.വൈ.എം. മുൻ രൂപതാ പ്രസിഡണ്ട് ജിതേഷ് മുളക്കക്കുന്നേലിന്റെ പിതാവിന്റെ നിര്യാണത്തിൽ കെ.സി.വൈ.എം. അനുശോചിച്ചു.

**യൂണിറ്റ് വാർത്തകൾ**

**നരിവാലമുണ്ട യൂണിറ്റ്**

SSLC, പ്ലസ്സ് 2 വിദ്യാർത്ഥികൾക്കുവേണ്ടി പരീക്ഷ വിജയത്തിനായി തിരുമണിക്കൂർ ആരാധന നടത്തി, വെഞ്ചിരിച്ച കൊന്തയും തിരുഹൃദയത്തിന്റെ ഫോട്ടോയും നൽകി. തുടർച്ചയായി മൂന്നാം വർഷവും പീഡാനുഭവക്വിസ്സ് നടത്തി. 40 ടീമുകൾ പങ്കെടുത്തു. യഥാക്രമം 1000, 750, 500 എന്ന തുക ക്യാഷ് അവാർഡ് നൽകി വിജയികളെ അനുമോദിച്ചു. മലയാറ്റൂർ തീർത്ഥാടന പദയാത്ര 5-ാം വർഷവും കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. പെസഹാ വ്യാഴാഴ്ച്ച യുവജനങ്ങളുടെ കാലുകൾ ഡയറക്ടർ ബഹുമാനപ്പട്ട ഫാ. ഫ്രാൻസിസ് കുത്തുകല്ലുങ്കൽ കഴുകി. കുമ്പസാരിച്ച് ഒരുങ്ങി ഈ ശ്രുശ്രൂഷയിൽ പങ്കെടുത്തു. ദുഖവെള്ളിയാഴ്ച്ച കുശിന്റെ വഴിയ്ക്ക് ശേഷം നടന്ന കഞ്ഞിവിതരണത്തിന് വേണ്ട ഫണ്ട് ശേഖരിച്ച് പാചകം ചെയ്ത് വിതരണം ചെയ്തു. മാർച്ച് 31 ന് നടന്ന യുവജന സംഗമത്തിൽ 100 പേർ പങ്കെടുക്കുകയും ശ്രീ.ഫിജോ സാർ ക്ലാസ്സുകൾ നയിക്കുകയും ചെയ്തു. ഉത്ഥാന തിരുനാളിനോടനുബന്ധിച്ച് നടന്ന കല്ലറ നിർമ്മാണം KCYM പ്രവർത്തകർ ഏറ്റെടുത്ത് മനോഹരമായി നടത്തി.

**പാലേമാട് യൂണിറ്റ്**

യുവജന വർഷത്തോടനുബന്ധിച്ച് ഫണ്ട് ശേഖരണാർത്ഥം KCYM അംഗങ്ങൾ കൊന്ത നിർമ്മിക്കുകയും ഞായറാഴ്ച്ചകളിൽ സ്റ്റാൾ നടത്തി വിൽപ്പന നടത്തുകയും ചെയ്യുന്നു. അംഗങ്ങളുടെ നേതൃത്വത്തിൽ രോഗീസന്ദർശനം നടത്തി. ശനിയാഴ്ച്ചതോറും യുവജനങ്ങൾക്കുവേണ്ടി നടത്തുന്ന ഒരുമണിക്കൂർ ആരാധന മുടക്കമില്ലാതെ നടത്തിവരുന്നു. ഓശാന ഞായറാഴ്ച്ച ചുരുളി ബസ്സ് വെയ്റ്റിംഗ്ഷെഡ് വൃത്തിയാക്കി. മണിമൂളി മേഖലയും എം.സി.വൈ.എമ്മും ചേർന്ന് നാടുകാണിചുരത്തിലൂടെ നടത്തിയ കുരിശിന്റെവഴിയുടെ കുരിശുനിർമ്മാണം പാലേമാട് യൂണിറ്റ് ഏറ്റെടുത്ത് നിർമ്മിച്ചു. ഉത്ഥാന തിരുനാളിനോടനുബന്ധിച്ച് നടന്ന കല്ലറ നിർമ്മാണം KCYM പ്രവർത്തകർ ഏറ്റെടുത്ത് മനോഹരമായി നടത്തി.

**കുഞ്ഞോം യൂണിറ്റ്**

എല്ലാ മാസത്തെയും അവസാന വെള്ളിയാഴ്ച്ചകളിൽ 3 മണിക്കൂർ തിരുമണിക്കൂർ ആരാധന നടത്തി എല്ലാ യുവജനങ്ങൾക്കും വേണ്ടി പ്രാർത്ഥി

ക്കുന്നു. ഇടവകാംഗമായ ചതുരക്കോട്ടിൽ അക്കുട്ടിയുടെ വീടിനു പിറകിൽ ഇടിഞ്ഞുവീണ മണ്ണ് നീക്കം ചെയ്തു സഹായിച്ചു. ക്യാൻസർ രോഗം മൂലം കഷ്ടപ്പെടുന്ന കിഴക്കരക്കാട്ട് ബെന്നിയുടെ വീടു നിർമ്മാണത്തിൽ സഹായിച്ചു. ദ്വാരകയിൽ വച്ച് നടന്ന യുവജന വർഷകമ്മിറ്റി മീറ്റിംഗിൽ 10 യുവജനങ്ങൾ പങ്കെടുത്തു.

**കയ്യൂന്നി യൂണിറ്റ്**

മാർച്ച് 31 ന് നടന്ന യുവജന സംഗമത്തിൽ 150 പേർ പങ്കെടുക്കുകയും ശ്രീ. ഷൈജു മഠത്തിൽ 'യുവജനങ്ങളും സഭയും' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസുകൾ നയിക്കുകയും ചെയ്തു.

**ഞാറപ്പാടം യൂണിറ്റ്**

യൂത്ത് സർവ്വേ പൂർത്തിയാക്കി. സൗജന്യ രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പ് നടത്തി. മലയാറ്റൂർ തീർത്ഥാടനം നടത്തി. നാടുകാണി ചുരത്തിലേയ്ക്ക് നടത്തിയ കുരിശിന്റെ വഴിയിൽ സജീവമായി പങ്കെടുത്തു. ഉയിർപ്പു തിരുനാളിനോടനുബന്ധിച്ച് കല്ലറ നിർമ്മിച്ചു.

**പാറത്തോട്ടം യൂണിറ്റ്**

അർഹതപ്പെട്ട രണ്ട് ഭവനങ്ങൾക്ക് ഈസ്റ്റർ കിറ്റ് വിതരണം ചെയ്തു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു കുടുംബത്തിന്റെ ഭവന നിർമ്മാണത്തിൽ സഹകരിച്ചു.

**തൃശിലേരി യൂണിറ്റ്**

കുടുംബ കൂട്ടായ്മയ്ക്കു മുൻപായി കുടുംബ യൂണിറ്റുകളിൽ നടത്തിയ കുരിശിന്റെ വഴിയ്ക്ക് യുവജനങ്ങൾ നേതൃത്വം നൽകി. ഉത്ഥാന തിരുനാളിനോടനുബന്ധിച്ച് നടന്ന തിരുകർമ്മങ്ങളിൽ യുവജനങ്ങളുടെ സജീവ പങ്കാളിത്തമുണ്ടായിരുന്നു. കല്ലറ നിർമ്മാണത്തിൽ യൂണിറ്റിലെ എല്ലാ യുവജനങ്ങളും പങ്കാളികളായി.

**പുതുശേരി യൂണിറ്റ്**

14-3-18 ന് പ്രാർത്ഥനാ ദിനമായി ആചരിച്ചു. ആരാധനയിലും പ്രാർത്ഥനയിലും പങ്കെടുത്ത് രോഗികൾക്കുവേണ്ടി പ്രാർത്ഥിച്ചു. വാർഡുകളിൽ നിന്നുള്ള കുരിശിന്റെ വഴി നടത്താൻ വേണ്ട ക്രമീകരണങ്ങൾ നടത്തി. ദുഖവെള്ളിയിലെ കല്ലറ നിർമ്മാണവും ഉയർപ്പുതിരുനാളിലെ കല്ലറ നിർമ്മാണവും കെ.സി.വൈ.എം. അംഗങ്ങളുടെ നേതൃത്വത്തിൽ നടത്തി. ദു:ഖവെള്ളിയാഴ്ച്ചത്തെ മലകയറ്റത്തിലും കുരിശിന്റെ വഴിക്കും വേണ്ട ക്രമീകരണങ്ങൾ ഏറ്റെടുത്ത് നടത്തി.

**ബത്തേരി യൂണിറ്റ്**

മാർച്ച് 31-ന് യൂണിറ്റ് യുവജന സംഗമം സംഘടിപ്പിച്ചു. ഫൊറോന വികാരി റവ.ഫാ. സ്റ്റീഫൻ കോട്ടക്കൽ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. യൂണിറ്റ് അസിസ്റ്റന്റ് ഡയറക്ടർ റവ.ഫാ. റെജീഷ് കറുത്തേടത്ത് ആമുഖ പ്രഭാഷണം നടത്തി. അഡ്വ. ശ്രീ. ജിജിൽ കിഴക്കരക്കാട്ട് 'ആധുനിക ലോകത്തിൽ യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയത്തിൽ സെമിനാർ നടത്തി. മാനന്തവാടി രൂപതാ ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ വിശിഷ്ടാതിഥിയായിരുന്നു.വൈകിട്ട് 5 മണിക്ക് നടന്ന തിരുമണിക്കൂർ ആരാധനയ്ക്ക് റവ. ഫാ. റിജോ സി.എസ്.ടി നേതൃത്വം നൽകി. 150 യുവജനങ്ങൾ പങ്കെടുത്തു.

**സുബിൻ ജോസ് കൊഴുപ്പാംതടത്തിൽ** - ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ ഏപ്രിൽ 8 മുതൽ 11 വരെ നടന്ന കോഴ്സിൽ 106 പേരും ഏപ്രിൽ 20 മുതൽ 23 വരെ നടന്ന കോഴ്സിൽ 112 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | |
|---|---|---|
| മെയ് | 06 - 12 | - പാസ്റ്ററൽ സെന്റർ ദ്വാരക |
| മെയ് | 20 - 23 | - പാസ്റ്ററൽ സെന്റർ ദ്വാരക |
| ജൂൺ | 10 - 13 | - പാസ്റ്ററൽ സെന്റർ ദ്വാരക |
| ജൂലൈ | 08 - 11 | - പാസ്റ്ററൽ സെന്റർ ദ്വാരക |

**മാതൃവേദി**

**മാനന്തവാടി മേഖലാ**

മാർച്ച് 14-ാം തീയതി വാളാട് കുരിശടിയിൽ നിന്നും മേഖലാ മാതൃവേദിയുടെ നേതൃത്വത്തിൽ കുരിശിന്റെ വഴി നടത്തി. മുന്നൂറോളം അമ്മമാർ പങ്കെടുത്തു. കുരിശടിയിൽ വച്ച് പോരൂർ സെന്റ് സെബാസ്റ്റ്യൻസ് പള്ളി വികാരി ഉണ്ണിപ്പള്ളി അച്ചൻ സന്ദേശം നൽകി. അമ്മമാർ രണ്ടര കി.മീ പിന്നിട്ട് 12 മണിയോടെ പ്രശാന്തഗിരി പള്ളിയിലെത്തിച്ചേർന്നു. ദിവ്യബലിയും ഉച്ചഭക്ഷണവുമുണ്ടായിരുന്നു.

**പാറത്തോട്ടം**

സമരിറ്റൻ ഭവൻ സന്ദർശിച്ചു, കാഴ്ച്ച സമർപ്പണത്തിലൂടെ കിട്ടിയ നിത്യോപയോഗ സാധനങ്ങൾ അവിടെ വിതരണം ചെയ്തു, ജോലിയിൽ സഹായിച്ചു. വി.യൗസേപിതാവിന്റെ തിരുനാളിന് വൃദ്ധ മാതാപിതാക്കളെ പള്ളിയിൽ കൊണ്ടുവന്ന് കുമ്പസാരിപ്പിച്ചു, അവരെ ആദരിച്ചു. പാവപ്പെട്ട രണ്ട് കുടുംബങ്ങൾക്ക് ഈസ്റ്റർ കിറ്റും, മരുന്നു വാങ്ങാൻ പൈസയും നൽകി. ഇടവകയിൽ ഒരു ഭവന നിർമ്മാണത്തിന് സഹായിച്ചു. മേഖലയിൽ നടത്തിയ കുരിശിന്റെ വഴിയിൽ 10 പേർ പങ്കെടുത്തു.

**വാഴവറ്റ**

അഖണ്ഡ ജപമാല നടത്തി- പരീക്ഷാർത്ഥികൾക്കായി പ്രാർത്ഥിച്ചു, യുവജനങ്ങൾക്ക് വേണ്ടി കരുണയുടെ ജപമാല ചൊല്ലി. വി.യൗസേപ്പിതാവിന്റെ തിരുനാളും പിതൃദിനവും ആചരിച്ചു. ജയിൽ, ഭവനസന്ദർശനങ്ങൾ നടത്തി. പച്ചക്കറി വിൽപനനടത്തി. മാർച്ച് 25-ന് പ്രോ -ലൈഫ് പ്രവർത്ത

നങ്ങൾക്കുവേണ്ടി തിരുഹൃദയ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ഗർഭിണി കൾക്കും, ഗർഭസ്ഥ ശിശുക്കൾക്കും വേണ്ടി പ്രാർത്ഥിച്ചു.

**പനംഞ്ചിറ**

മാർച്ച് 19-ന് തിരുനാൾ ദിനത്തിൽ ഇടവകയിലെ എല്ലാ പിതാ ക്കൻമാർക്കും വേണ്ടി പ്രാർത്ഥിച്ചു, സ്നേഹവിരുന്നു നൽകി. 40-ാം വെള്ളി യാഴ്ച്ച അടിവാരം ചുരം കയറി കുരിശിന്റെ വഴിയും, ജപമാലയും ചൊല്ലി യുവജനങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചു. രോഗികളെയും, മരണം നടന്ന ഭവന ങ്ങളും സന്ദർശിച്ചു, അവർക്കു വേണ്ടി ആരാധന നടത്തി.

**പുതിയിടംകുന്ന്**

മാനന്തവാടി ജില്ലാ ആശുപത്രിയിൽ ഹോസ്പിറ്റൽ മിനിസ്ട്രി നടത്തി. അടിവാരത്തുനിന്നും ലക്കിടിയിലേക്കുള്ള കുരിശിന്റെ വഴിയിൽപങ്കെടുത്തു. കൂട്ടിക്കൂരി കോളനി സന്ദർശിച്ചു.

**തൃശ്ശിലേരി**

മാർച്ച് 3-ന് അമ്മമാർക്ക് ബഹു. ജോർജ് മൈലാടൂരച്ചൻ ക്ലസ്സെ ടുത്തു. 80 അമ്മമാർ പങ്കെടുത്തു. കുടുംബകൂട്ടായ്മയിലും, പ്രാർത്ഥനക ളിലും പങ്കുചേർന്നു. വി.യൗസേപ്പിതാവിന്റെ തിരുനാൾ ദിവസം പ്രായമായ മാതാപിതാക്കൻമാരെ സന്ദർശിച്ച് സൗഹൃദം പങ്കിട്ടു പ്രാർത്ഥിച്ചു.

**പൂളപ്പാടം**

മാർച്ച് 16 -ന് ദേവാലയത്തിനു ചുറ്റും കുരിശിന്റെ വഴി പ്രാർത്ഥന നടത്തി ലോകപാപ പരിഹാരാർത്ഥം കാഴ്ച്ചവച്ചു. 28-ന് ഇടവകയിലെ മാരക രോഗത്താൽ വിഷമിക്കുന്ന ഒരു കുടുംബത്തിനും, സാമ്പത്തികമായി കഷ്ട പ്പെടുന്ന ഒരു വിധവയ്ക്കുമായി 5000/- രൂപ നൽകി സഹായിച്ചു.

**ചുങ്കക്കുന്ന്**

നോമ്പിൽ വി. കുർബ്ബാനയിൽ പങ്കെടുത്തും, കുരിശിന്റെ വഴി ചൊല്ലിയും കുടുംബത്തിനും യുവജനങ്ങൾക്കും വേണ്ടി കാഴ്ച്ചവച്ചു. 8-ാം തീയതി വനിതാദിനം ആചരിച്ചു. പാൽപായസ മത്സരവും, ചൂലുകെട്ടു മത്സര വും നടത്തി സമ്മാനങ്ങൾ കൊടുത്തു. 10-ന് വാർഷികം നടത്തി. നോമ്പിന്റെ പൈസ സ്വരുക്കൂട്ടി ജീവകാരുണ്യ പ്രവർത്തനത്തിനായി 1520/- രൂപ സമാ ഹരിച്ചു.

**കല്ലുവയൽ**

മേഖലാ ജനറൽബോഡി യോഗത്തിൽ ഭാരവാഹികൾ പങ്കെടുത്തു. 17 -ന് ജനറൽബോഡി യോഗം ചേർന്നു. ഫാ. സെബാസ്റ്റ്യൻ കുഴികണ്ട ത്തിലും, ആനിമേറ്റർ സി. സെബസ്റ്റീനയും കുടുംബജീവിതത്തെക്കുറിച്ച് ക്ലാസ്സെടുത്തു. സീറോമലബാർ സഭയ്ക്ക് വേണ്ടി നടത്തിയ പ്രാർത്ഥനയിൽ അമ്മമാർ സജീവമായി പങ്കുകൊണ്ടു.

**കാരയ്ക്കാമല**

വിവിധ കുടുംബ യൂണിറ്റുകളിൽ നടന്ന കുരിശിന്റെ വഴി പ്രാർത്ഥന യിൽ മാതൃവേദി അംഗങ്ങൾ സജീവമായി പങ്കെടുത്തു. ഇടവക വാർഷിക ധ്യാനത്തിൽ എല്ലാ അമ്മമാരും പങ്കെടുത്തു. ജില്ലാ ആശുപത്രിയിലെ ഭക്ഷ ണത്തിനുള്ള തുക സെന്റ് ചാവറ വാർഡ് സമാഹരിച്ചു നൽകി.

**പോരൂർ**

മാതൃവേദിയും ഇടവകയിലെ യുവജനങ്ങളും ചേർന്ന് വൃദ്ധരായ മാതാപിതാക്കൾക്കു വേണ്ടി സൗഹൃദ വിരുന്ന് ഒരുക്കി. അവർക്കായ് ദിവ്യ ബലിയും കുമ്പസാരവും നടത്തി.

**പൂക്കോട്ടുംപാടം**

തിരുനാളിനോടനുബന്ധിച്ച് അമ്മമാർ മാർഗ്ഗംകളി അവതരിപ്പിച്ചു, നവദമ്പതികളെ ആദരിച്ചു. ശാന്തിസദനം അന്തേവാസികളെ കതിർ പാർക്കിൽ കൊണ്ടു പോവുകയും ദേവാലയത്തിൽ ഉച്ചഭക്ഷണം നൽകു കയും സിനിമ കാണിക്കുകയും ചെയ്തു. വി. യൗസേപ്പിതാവിന്റെ വണക്ക മാസം വിതരണം ചെയ്തു. പിതൃദിനം ഇടവകയിലെ പിതാക്കളെ ഭാര്യ മാർ ദേവാലയത്തിൽ വച്ച് ആദരിച്ചു. ജോസഫ് നാമധാരികൾക്കും ഇടവക യിലെ സീനിയർ പിതാവിനും സമ്മാനം നൽകി. 25-ന് ബഹു. അഗസ്റ്റിൻ പടിഞ്ഞാറെക്കൂറ്റ് വി.സി അച്ചൻ ക്ലാസ് നയിച്ചു.

**കാവുമന്ദം**

നോമ്പിൽ കുരിശിന്റെവഴി നടത്തി. സീറോ മലബാർ സഭയ്ക്കുവേണ്ടി കരുണക്കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. എല്ലാ വെള്ളിയാഴ്ച്ചകളിലും 3 മണി മുതൽ 4 മണിവരെ പള്ളിയൽ ആരാധന നടത്തി യുവജന വർഷത്തിന്റെ വിജയത്തിനായിപ്രാർത്ഥിക്കുന്നു. പിതൃദിനം ആചരിച്ചു. ഈ ഇടവകയിലെ രണ്ട് കുടുംബങ്ങൾക്ക് ഓപ്പറേഷനും ചികിത്സയ്ക്കുമായി 15000/- രൂപ നൽകി. മേഖലയോട് ചേർന്ന് കൽപ്പറ്റ ഗവ. ഹോസ്പിറ്റലിൽ ഭക്ഷണമു ണ്ടാക്കാൻ സഹായിച്ചു.

**ബത്തേരി**

നോമ്പിലെ ശനിയാഴ്ച്ചകളിൽ കുരിശിന്റെ വഴി നടത്തി. മാർച്ച് 10-ന് മേഖലയിലെ കുരിശിന്റെ വഴി അസംപ്ഷൻ പള്ളിയിൽ വച്ച് നടത്തി. ഇടവ കാധ്യാനത്തിൽ അംഗങ്ങൾ പങ്കെടുത്തു. പിതൃദിനമായ മാർച്ച് 19-ന് ജോസഫ് നാമധാരികൾക്ക് വേണ്ടി പ്രാർത്ഥിച്ചു. 25 -ന് പ്രോലൈഫ് ദിന മാചരിച്ചു. വടക്കനാട് ഗ്രാമസംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ നട ത്തിവന്ന കർഷകരുടെ സഹനസമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിക്കു ന്നതിനായി മേഖലാ മാതൃവേദി നേതൃത്വം നൽകിയ പ്രതിഷേധറാലിയിൽ സഹകരിച്ചു. സമരസമിതിയംഗങ്ങൾക്കായി 1000/- രൂപ സംഭാവന നൽകി. ജപ്തി ഭീഷണി നേരിട്ട, അസംപ്ഷൻ മാതൃവേദിയിലെ ഒരംഗത്തിന് 13000/ -രൂപ നൽകി സഹായിച്ചു.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**ആദ്യവെള്ളി ശുശ്രൂഷകൾ (6-4-18)**

ആദ്യവെള്ളിശുശ്രൂഷകൾ രാവിലെ 10 മണിക്ക് എൽഡറിംങ്ങോടെ ആരംഭിച്ചു. കുമ്പസാരത്തിനുശേഷം കുരിശിന്റെ വഴിയും സഹനജപമാല പ്രാർത്ഥനയും നടത്തി. രണ്ട് മണിക്ക് ബഹു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ടീം മീറ്റിംഗ്, തുടർന്ന് ആദ്യശനി കൺവെൻഷനുള്ള ഒരുക്കങ്ങൾ ചെയ്തു. വൈകിട്ട് 6 മണിക്ക് ജാഗരണപ്രാർത്ഥനകൾ ആരംഭിച്ചു. ശ്രീമതി എൽസി കുളത്തിങ്കൽ വചനം പങ്കുവെച്ചു. ആരാധനയുടെ മണിക്കൂറുകൾക്കുശേഷം വി. കുർബാനയർപ്പിച്ചു. 10 മണിക്ക് ശുശ്രൂഷകൾ സമാപിച്ചു.

**ആദ്യശനി ഏകദിന കൺവെൻഷൻ (7-4-18)**

രാവിലെ 6 മണിക്ക് സഹനജപമാല ചൊല്ലി കൺവെൻഷന്റെ വിജയത്തിനായി ടീമംഗങ്ങൾ പ്രാർത്ഥിച്ചു. വെഞ്ചരിപ്പിനുശേഷം 8.45 ന് കൺവെൻഷൻ ആരംഭിച്ചു. പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിലെ ബ്രദർ തോമസ് പുലിക്കോട്ടിൽ വചനപ്രഘോഷണം നടത്തി. ബഹു. സോണിയച്ചൻ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ദമ്പതികളെ പ്രത്യേകം അനുസ്മരിച്ച് പ്രാർത്ഥിച്ചു. ദിവ്യകാരുണ്യ ആരാധന, അനുഭവസാക്ഷ്യം, ദിവ്യകാരുണ്യപ്രദക്ഷിണം എന്നീ ശുശ്രൂഷകൾക്കുശേഷം 3.30 ന് കൺവെൻഷൻ സമാപിച്ചു.

**രണ്ടാംശനി പൊതുസ്പിരിച്വൽ ഷെയറിംഗ് (14-4-18)**

സ്പിരിച്വൽ ഡിറക്ടേഴ്സ് രണ്ടാംവെള്ളി 4 pm മുതൽ 8 pm വരെ പ്രാർത്ഥിച്ചൊരുങ്ങി. ശനിയാഴ്ച 9.30 മുതൽ 4.00 വരെ ശുശ്രൂഷ നടത്തി. ധാരാളം പേർ ശുശ്രൂഷ സ്വീകരിച്ച് മടങ്ങി.

**ക്രിസ്റ്റീൻ ധ്യാനം**

ഏപ്രിൽ 15-19 തീയതികളിൽ കുട്ടികൾക്കുവേണ്ടിയുള്ള ധ്യാനം നടത്തി. സീയോൻ ടീം നേതൃത്വം നൽകി. വിവിധ ഇടവകകളിൽ നിന്ന് 181 കുട്ടികൾ പങ്കെടുത്തു.

**മറ്റ് ക്രിസ്റ്റീൻ ധ്യാനങ്ങൾ**

മണിമൂളി (8-11), കണിയാരം (22-25), ബത്തേരി (18-21), ബോയ്സ്ടൗൺ (29 മെയ് 2)

**ജാഗരണപ്രാർത്ഥന (20-4-18)**

ഏപ്രിൽ മാസം മൂന്നാം വെള്ളി വൈകിട്ട് 6 മുതൽ രാവിലെ 5 വരെ ജാഗരണപ്രാർത്ഥന നടത്തി. സീയോൻ ഹാളിൽ നിന്ന് കുരിശിന്റെ വഴി ആരംഭിച്ച് സീയോൻ ചാപ്പലിൽ സമാപിച്ചു. സ്തുതി ആരാധന, മദ്ധ്യസ്ഥ പ്രാർത്ഥന, ആരാധന എന്നിവ നടത്തി. സി. ട്രീസ SH വചന സന്ദേശം നൽകി. 12 മണിക്ക് വി. ബലിയർപ്പിച്ചു. ശുശ്രൂഷകർക്കു പുറമേ ധാരാളം പേർ ശുശ്രൂഷകളിൽ പങ്കുചേർന്നു.

**സീയോൻ മെയ് മാസത്തിൽ**

| | | |
|---|---|---|
| 6-4-2018 ആദ്യവെള്ളി | - | എൽഡറിംഗ്, ടീം മീറ്റിംഗ്,<br>ജാഗരണ പ്രാർത്ഥന |
| 7-4-2018 ആദ്യശനി | - | ഏകദിന കൺവെൻഷൻ |
| 11-4-2018 രണ്ടാം വെള്ളി | - | തൂവാനീസ,<br>വിധവാ പ്രാർത്ഥനാദിനം<br>കൗൺസിലേഴ്സ് പ്രാർത്ഥനാദിനം |
| 12-4-2018 രണ്ടാം ശനി | - | പൊതുസ്പിരിച്ച്വൽ ഷെയറിംഗ് ദിനം |
| 13-17 | - | ദമ്പതീ ധ്യാനം |
| 18-4-2018 | - | ജാഗരണ പ്രാർത്ഥന |
| 26-4-2018 നാലാംശനി | - | രോഗസൗഖ്യദിനം |

**ഫാ. സോണി വാഴകാട്ട്**

ഡയറക്ടർ, സിയോൻ സി.ആർ.സി

# കത്തോലിക്കാ കോൺഗ്രസ് -AKCC

**ശതാബ്ദി ആഘോഷം തൃശൂരിൽ**

സീറോമലബാർ സഭയുടെ അല്മായ പ്രസ്ഥാനമായ കത്തോലിക്ക കോൺഗ്രസ്സ് ശതാബ്ദി പിന്നിടുകയാണ്. ശതാബ്ദി ആഘോഷത്തിന്റെ സമാപനം 2018 മെയ് 11 മുതൽ 14 വരെ തൃശൂരിൽ വെച്ച് നടക്കുകയാണ്. പ്രധാനമായും മെയ് 13 ന് ഉച്ചകഴിഞ്ഞ് മഹാസമ്മേളനവും റാലിയും. ലോകത്തെങ്ങുമുള്ള സീറോ മലബാർ സഭയുടെ അല്മായ പ്രതിനിധികൾ അണിനിരക്കുന്ന മഹാസമ്മേളനത്തിനും മഹാറാലിക്കും നമ്മുടെ രൂപതയിൽ നിന്നും ഒരോ ഇടവകയുടെയും പ്രതിനിധികൾ പങ്കെടുക്കേണ്ടതുണ്ട്. അതിനുവേണ്ട ക്രമീകരണങ്ങൾ രൂപത-ഫൊറോന-ഇടവക തലങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നു.

കാലവും ലോകവും ഭരമേല്പ്പിക്കുന്ന നിയോഗങ്ങൾ കർമ്മധീരതയോടെ ഏറ്റെടുക്കുവാൻ സമുദായാഗംങ്ങളെ പ്രാപ്താക്കുന്നതിനും, സഭയുടെയും സമുദായത്തിന്റെയും നന്മയ്ക്കും വളർച്ചയ്ക്കും വേണ്ടി നിസ്വാർത്ഥമായി സേവനം ചെയ്യുവാനുള്ള സന്നദ്ധപ്രവർത്തകരുടെ സംഘടിത മുന്നേറ്റമായി കത്തോലിക്ക കോൺഗ്രസ്സ് മാറിക്കൊണ്ടിരിക്കുകയാണ്. അതിന് ശക്തിയും കരുത്തും നേടുവാൻ ഈ ശതാബ്ദി ആഘോഷം ഇടവരുത്തട്ടെ.

**രൂപതാസമിതി യോഗം**

2018 ഏപ്രിൽ 14 ന് രൂപതാസമിതി യോഗം പാസ്റ്ററൽ സെന്ററിൽ ചേർന്നു. ഗ്ലോബൽ സമിതി ഡയറക്ടേഴ്സ് യോഗത്തിലെടുത്ത തീരുമാനങ്ങൾ രൂപതാ ഡയറക്ടർ അറിയിച്ചു. മെയ് 11 മുതൽ 14 വരെ തൃശൂരിൽ നടക്കുന്ന ശതാബ്ദി ആഘോഷങ്ങളുടെ കാര്യങ്ങൾ ചർച്ച ചെയ്തു. എല്ലാ ഇടവകകളിലെയും പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ഫോറോനയിൽ നിന്നും 50 പേരിൽ കുറയാതെ ശതാബ്ദി സമാപന സമ്മേളനത്തിൽ പങ്കെടുക്കുന്നതിനുവേണ്ട ഒരുക്കങ്ങൾക്കായി ഫൊറോനാതലത്തിൽ പ്രവർത്തക സമിതി അംഗങ്ങളെ ചുമതലപ്പെടുത്തി.

നിലമ്പൂർ - ജോയി ചെട്ടിമട്ടേൽ - 9446986628, മണിമൂളി - ജോജൻ വടക്കേക്കുറ്റിയാനിയിൽ - 9143198066, ചുങ്കക്കുന്ന്-സന്തോഷ് പ്ലാക്കാട്ട് - 9447916759, ജിൽസ് മേക്കൽ - 9447170344, ദ്വാരക - തോമസ് ആര്യമണ്ണിൽ - 9495084930, അഡ്വ. ഷാജി തോപ്പിൽ - 9447888027, കല്ലോടി - സേവ്യർ കൊച്ചുകുളത്തിങ്കൽ - 9447934343, അഡ്വ. എൽബി മാത്യു - 9656002040, കൽപ്പറ്റ - ജോർജ്ജുകുട്ടി വിലങ്ങപ്പാറ - 9497085960, അഡ്വ. സാബു ജോൺ ഓലിക്കൽ - 9656060541, ബത്തേരി - തോമസ് പട്ടമന - 8281122279, ജോയി പുളിക്കൽ - 9539376040, നടവയൽ - സൈമൺ ആനപ്പാറ - 8281809139, സണ്ണി ചെറുകാട് - 9961491029, മുള്ളൻകൊല്ലി - ജെയിംസ് മറ്റത്തിൽ - 9961597516, ബീന കരിമാൻകുഴി - 9495084330, ഗൂഡല്ലൂർ - ജോൺ പാലാക്കുഴി - 09486022689, പയ്യമ്പള്ളി - ബേബി എളയിടം - 9605311095

**വടക്കനാട് ഗ്രാമസംരക്ഷണ സമിതിയ്ക്ക് ഐക്യദാർഢ്യം**

വന്യമൃഗശല്യത്തിൽ നിന്നും ജനങ്ങളെയും കൃഷിയെയും സംരക്ഷിക്കുകയെന്ന ആവശ്യവുമായി വടക്കനാട് ഗ്രാമസംരക്ഷണസമിതി നടത്തിയ അനിശ്ചിതകാല നിരാഹാരസമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് രൂപതാസമിതി അംഗങ്ങൾ ഒരുദിവസം സമരപന്തലിൽ ചെലവഴിച്ചു.

**ദ്വാരക ഫൊറോന ശതാബ്ദി സംഗമം**

സമുദായ ശാക്തീകരണത്തിന്റെ ഭാഗമായി ദ്വാരക ഫൊറോനയിലെ ഒമ്പത് ഇടവകകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരുടെ പ്രതിനിധിസംഗമം ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. ശതാബ്ദി സംഗമത്തിന്റെ ഭാഗമായി നടത്തിയ സമ്മേളനം അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് ഉദ്ഘാടനം ചെയ്തു. റേഡിയോ മാറ്റൊലി ഡയറക്ടർ ഡോ. സെബാസ്റ്റ്യൻ പുത്തേൻ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. രൂപതാ ഡയറക്ടർ ഫാ. ആന്റോ മമ്പള്ളി മുഖ്യപ്രഭാഷണം നടത്തി. ഫൊറോന ഡയറക്ടർ ഫാ. ജോസ് തേക്കനാടി, രൂപതാ പ്രസിഡന്റ് ഡോ. കെ.പി. സാജു പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ. ഫാ. പോൾ വാഴപ്പള്ളി, രൂപതാ മുൻ ഡയറക്ടർ റവ. ഫാ. ജോർജ്ജ് മമ്പള്ളിൽ, കെ.സി.വൈ.എം. ഫൊറോന പ്രസിഡന്റ് ബിബിൻ പിലാപ്പിള്ളി, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ഫൊറോന പ്രസിഡന്റ് രാജു ജോസഫ് ചൊവ്വാറ്റുകുന്നേൽ, അഡ്വ. ഷാജി തോപ്പിൽ, ജോസ് കുഴികൊമ്പിൽ എന്നിവർ പ്രസംഗിച്ചു. 9 ഇടവകകളിൽ നിന്നായി 150–ൽ ഏറെ പേർ പങ്കെടുത്തു.

ഫൊറോന സംഗമ വിജയത്തിനായി പ്രവർത്തിച്ച ഫൊറോന ടീം അംഗങ്ങൾക്കും ഡയറക്ടർ ജോസച്ചനും ഫൊറോനയിലെ വൈദികർക്കും യൂണിറ്റ് ഭാരവാഹികൾക്കും രൂപതാസമിതിയുടെ അഭിനന്ദനങ്ങളും ആശംസകളും.

**മുള്ളൻകൊല്ലി മേഖലാപ്രവർത്തനങ്ങൾ**

കത്തോലിക്ക കോൺഗ്രസ്സ് ശതാബ്ദിയാഘോഷങ്ങളുടെ ഭാഗമായി മുള്ളൻകൊല്ലി ഫൊറോനയിലെ യൂണിറ്റുകളിൽ സമുദായ ഐക്യം ഊട്ടിയുറപ്പിക്കാനും സംഘടനാപ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനുമുള്ള കർമ്മപദ്ധതികൾ ആവിഷ്കരിച്ചു. ഓരോ ഇടവകയിലും നടത്തുന്ന യൂണിറ്റ്തല യോഗത്തിലേയ്ക്ക് ഫൊറോന, രൂപത ഭാരവാഹികൾക്കൊപ്പം തൊട്ടടുത്ത ഇടവകയിലെ യൂണിറ്റ് പ്രതിനിധികളെ കൂടി പങ്കെടുപ്പിക്കുന്ന രീതിയിലാണ് ശാക്തീകരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. യൂണിറ്റ് തല ശാക്തീകരണത്തിന് മരകാവ് ഇടവകയിൽ നിന്നും തുടക്കം കുറിച്ചു. തുടർന്ന് പുൽപ്പള്ളി, മുള്ളൻകൊല്ലി, ഇരുളം, കബനിഗിരി, സീതാമൗണ്ട്, മരക്കടവ് എന്നീ യൂണിറ്റുകളിലെ യോഗങ്ങൾ നടന്നു കഴിഞ്ഞു. പ്രവർത്തനങ്ങൾക്ക് ഫൊറോന ഡയറക്ടർ ഫാ. തോമസ് ചേറ്റാനി, ഫൊറോന വികാരി റവ. ഫാ. ചാണ്ടി പുനക്കാട്ട്, ഫാ. വിൻസെന്റ് പുതുശ്ശേരി, ഫാ. ജോസ് മുണ്ടയ്ക്കൽ, ഫാ. സജി പുതുക്കുളങ്ങര, ഫാ. റോബിൻ, ഫാ. ഷാജു, രൂപതാ പ്രസിഡന്റ് കെ.പി.സാജു, രൂപതാ പ്രതിനിധികളായ ജെയിംസ് മറ്റത്തിൽ, ബീന കരിമാംകുന്നേൽ, ഫൊറോന സെക്രട്ടറി ജോർജ് കൊല്ലിയിൽ, ജോസ്

വട്ടമറ്റം, ജോർജ്ജ് പാഴുക്കാല, ഷിനു കച്ചിറയിൽ, തോമസ് കണിയാംപ്ലാക്കൽ, തോമസ് ഒറ്റക്കുന്നേൽ തുടങ്ങിയവർ നേതൃത്വം കൊടുത്തു.

**സമുദായ ശാക്തീകരണപ്രവർത്തനങ്ങൾ ഇടവകാതലത്തിൽ വിളമ്പുകണ്ടം**

കത്തോലിക്ക കോൺഗ്രസ്സ് വിളമ്പുകണ്ടം യൂണിറ്റിന്റെ നേതൃത്വത്തിൽ 'സമുദായസംരക്ഷണവും ശാക്തീകരണവും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ക്ലാസ്സ് സംഘടിപ്പിച്ചു. രൂപത ജനറൽ സെക്രട്ടറി വർക്കി നിരപ്പേൽ, ജോസ് തോപ്പിൽ നേതൃത്വം നൽകി. സംഘടിപ്പിച്ച ബഹു. ജോസ് ചക്കിട്ടക്കുടി അച്ചനും എന്നിവർ യൂണിറ്റ് ഭാരവാഹികൾക്കും രൂപതാസമിതിയുടെ അഭിനന്ദനങ്ങൾ.

**കാരയ്ക്കാമല**

പുതിയതായി തെരഞ്ഞെടുക്കപ്പെട്ട കുടുംബയൂണിറ്റ് ഭാരവാഹികൾക്കുവേണ്ടി 'സമുദായസംരക്ഷണവും ശാക്തീകരണവും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ക്ലാസ്സ് സംഘടിപ്പിച്ചു. വർക്കി നിരപ്പേൽ, ജോണി പുത്തൻപുരയിൽ എന്നിവർ ക്ലാസ്സിന് നേതൃത്വം നൽകി. ക്ലാസ്സ് സംഘടിപ്പിച്ച ബഹു. ബിജു തുരുത്തേലച്ചനും യൂണിറ്റ് ഭാരവാഹികൾക്കും രൂപതാസമിതിയുടെ അഭിനന്ദനങ്ങൾ.

**വെള്ളമുണ്ട**

'സമുദായസംരക്ഷണവും ശാക്തീകരണവും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി വെള്ളമുണ്ട ഇടവകയിൽ വിശുദ്ധ കുർബാനയ്ക്കുശേഷം സെമിനാർ സംഘടിപ്പിച്ചു. വർക്കി നിരപ്പേൽ, തോമസ് ആര്യമണ്ണിൽ എന്നിവർ നേതൃത്വം നൽകി. സെമിനാർ സംഘടിപ്പിച്ച ബഹു. വിൻസെന്റ് താമരശ്ശേരി അച്ചനും യൂണിറ്റ് ഭാരവാഹികൾക്കും രൂപതാ സമിതിയുടെ അനുമോദനങ്ങൾ.

**മൊതക്കര**

'സമുദായസംരക്ഷണവും ശാക്തീകരണവും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി വിശുദ്ധ കുർബാനയ്ക്കുശേഷം ക്ലാസ്സ് സംഘടിപ്പിച്ചു. ക്ലാസ്സിന് രൂപതാപ്രവർത്തക സമിതി അംഗം റെജിമോൻ പുന്നോലിൽ നേതൃത്വം നൽകി. ക്ലാസ്സ് സംഘടിപ്പിച്ച ബഹു. ജസ്റ്റിൻ മുത്താനിക്കാട്ട് അച്ചനും യൂണിറ്റ് ഭാരവാഹികൾക്കും രൂപതാസമിതിയുടെ അഭിനന്ദനങ്ങൾ.

**മംഗലശ്ശേരി**

മംഗലശ്ശേരി യൂണിറ്റിന്റെ നേതൃത്വത്തിൽ 'സമുദായസംരക്ഷണവും ശാക്തീകരണവും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ക്ലാസ്സ് സംഘടിപ്പിച്ചു. വർക്കി നിരപ്പേൽ, ജോണി പുത്തൻപുരയിൽ എന്നിവർ നേതൃത്വം നൽകി. ക്ലാസ്സ് സംഘടിപ്പിച്ച ബഹു. ബാബു മൂത്തേടത്തച്ചനും യൂണിറ്റ് ഭാരവാഹികൾക്കും രൂപതാസമിതിയുടെ അഭിനന്ദനങ്ങൾ.

**വർക്കി നിരപ്പേൽ**
രൂപതാ ജനറൽ സെക്രട്ടറി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,

മെയ്മാസം സഭാമാതാവിനായി സമർപ്പിച്ചിരിക്കുന്ന മാസമാണല്ലൊ. പരിശുദ്ധ കന്യകാമറിയത്തിനോടുള്ള ഭക്തി ക്രൈസ്തവർക്ക് പരമ്പരാഗതമായി ലഭിച്ചതാണ്. യേശുവിലേക്കുള്ള കുറുക്കുവഴിയായിട്ടാണ് പരി.കന്യകാമാതാവിനെ നാം കാണുന്നത്. മാതാവിനോടുള്ള ഭക്തിയുടെ സൂചകമായി നാം വണക്കമാസമായി മെയ് മാസത്തെ ആദരപൂർവം കാണുന്നു. ഈ മാസത്തിൽ നാം പ്രത്യേക പ്രാർത്ഥനകൾ ദൈവാലയങ്ങളിലും വീടുകളിലും ചൊല്ലുകയും മാസാവസാനം ആഘോഷങ്ങൾ നടത്താറുമുണ്ട്. കാലം മാറിയതോടെ ഈ വണക്കമാസാചരണത്തിന്റെ പ്രസക്തി നഷ്ടപ്പെട്ടതുപോലെ തോന്നുന്നു. യേശുവിനോട് പ്രാർത്ഥിക്കുവാൻ ഇടനിലക്കാരിയായി മാതാവിന്റെ ആവശ്യമില്ലെന്ന രീതിയിൽ അപൂർവം ചില ഉത്തരവാദിത്തപ്പെട്ടവർപോലും പ്രചരിപ്പിക്കുന്നു. എന്നാൽ പരി .കന്യകാമാതാവിനെ സഭാമാതാവായാണ് കത്തോലിക്കാ സഭ വണങ്ങുന്നത്. വിൻസെന്റ് ഡി പോൾ സൊസൈറ്റി അംഗങ്ങളായ നമുക്ക് മാതാവിനോടുള്ള വണക്കം അത്യന്തം തീവ്രതയേറിയതാണ്. പ്രതിസന്ധികളിൽ തളരാതെ മുന്നോട്ടുള്ള നമ്മുടെ പ്രയാണത്തിൽ മാതാവിന്റെ സഹായം എപ്പോഴും നമ്മോടൊത്തുണ്ടാകും.

**സി.സി. ബോർഡ് യോഗം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിലിൽ ബോർഡ് യോഗം മാർച്ച് 6-ന് നടവയൽ ഓസാനാംഭവനിൽ ചേർന്നു. സി.സി.യുടെ 2018-19 വർഷത്തേക്കുള്ള ബജററ് സി.സി. ട്രഷറർ ബ്രദർ എൻ.യു.ജോൺ അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം ബജററ് യോഗം അംഗീകരിച്ചു. കോൺഫ്രൻസ് ഭാരവാഹികൾക്ക് പരിശീലന പരിപാടി നടത്തുവാൻ തീരുമാനിച്ചു. 2018-മാർച്ച് 10-ന് സി.സി.യോഗം ചേർന്നു. സി.സി.പ്രസിഡന്റ് ബ്ര. ജോർജ്ജ് ആക്കാന്തിരിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സി.സി. ജനറൽ സെക്രട്ടറി ബ്ര.ബാബു നമ്പുടാകം പ്രവർത്തന റിപ്പോർട്ട്, സി.

സി. ട്രഷറർ ബ്ര. എൻ.യു.ജോൺ കണക്ക്, ഓസാനാംഭവൻ കണക്ക് സെക്രട്ടറി ബ്ര.വിൻസെന്റ് ജോൺ എന്നിവർ അവതരിപ്പിച്ചു. ചർച്ച കൾക്കുശേഷം കണക്കും റിപ്പോർട്ടും യോഗം അംഗീകരിച്ചു. പുതുതായി എ.സി. പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ബ്ര. എ.കെ. ഇമ്മാനുവേൽ (പുൽപ്പള്ളി), മാത്യു തറയിൽ (പാടിച്ചിറ) എന്നിവർ സത്യപ്രതിജ്ഞ ചെയ്തു.

**ഓസാനാംഭവൻ**

ഓസാനാംഭവൻ വാർഷിക ജനറൽബോഡി യോഗം 2018– ഏപ്രിൽ 12–ന് നടവയൽ ഓസാനാംഭവനിൽ ചെയർമാൻ ജോർജ്ജ് ആക്കാന്തിരിയുടെ അധ്യക്ഷതയിൽ ചേർന്നു. ഓസാനാംഭവൻ സെക്ര ട്ടറി വിൻസെന്റ് ജോൺ കണക്കും വാർഷിക റിപ്പോർട്ടും അവതരി പ്പിച്ചു. ചർച്ചകൾക്കുശേഷം യോഗം ഇവ അംഗീകരിച്ചു. റവ.ഫാ. അഗ സ്റ്റിൻ പുത്തൻപുര അനുഗ്രഹ പ്രഭാഷണം നടത്തി. തുടർന്ന് ഓസാനാം ഭവൻ ഭരണസമിതിയിലേക്കുള്ള തെരഞ്ഞെടുപ്പ് നടന്നു. രഹസ്യബാല റ്റിലൂടെയായിരുന്നു തെരഞ്ഞെടുപ്പ്. ജനറൽ ബോഡിയോഗം തെരഞ്ഞെ ടുത്ത് ഉത്തരവാദിത്തപ്പെടുത്തിയതനുസരിച്ച് ബാബു നമ്പുടാകം തെര ഞ്ഞെടുപ്പ് നടപടികൾ നിയന്ത്രിച്ചു. റവ.ഫാ.അഗസ്റ്റിൻ പുത്തൻപുര, റവ.ഫാ. ബെന്നി മുതിരക്കാലായിൽ, ജോർജ്ജ് ആക്കാന്തിരി, വിൻസെന്റ് ജോൺ വടക്കുഞ്ചേരി, ബാബു നമ്പുടാകം, എൻ.യു.ജോൺ, അഗസ്റ്റിൻ കൊടിയംകുന്നേൽ, തോമസ് മാങ്ങൻ, റോസമ്മ അയ്യങ്കുഴ യ്ക്കൽ,ജോസ് തുരുത്തിപ്പാറ, ജെൻട്രിപോൾ കളരിക്കൽ, ഫ്രാൻസീസ് പുലിക്കോട്ടിൽ, ജോസുകുട്ടി ചാത്തമല എന്നിവരെ തെരഞ്ഞെടുത്തു.

എല്ലാവർക്കും പ്രർത്ഥനാശംസകൾ നേരുന്നു.

**റവ.ഫാ. അഗസ്റ്റിൻ പുത്തൻപുര**
(സി.സി.ആത്മീയ ഉപദേഷ്ടാവ്)
**ബ്ര.ജോർജ്ജ് ആക്കാന്തിരി**
(സി.സി.പ്രസിഡന്റ്)

**ലോകജലദിനം ആചരിച്ചു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ലോകജലദിനം വിവിധ പരിപാടികളോടെ ആചരിച്ചു. ദിനാചരണം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ മാനന്തവാടി രൂപതാ സാമൂഹ്യ സേവന വിഭാഗം കോർഡിനേറ്റർ റവ. ഫാ. പോൾ കൂട്ടാല ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽസർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളിൽ അദ്ധ്യക്ഷത വഹിച്ചു. ഇന്ത്യയിലെ അറിയപ്പെടുന്ന പരിസ്ഥിതി പ്രവർത്തകൻ ജോസഫ് കിവി മുഖ്യപ്രഭാഷണം നടത്തി. പ്രകൃതി വിഭവ സംരക്ഷണ വിഭാഗം കോർഡിനേറ്റർ എൻ.ജെ.ചാക്കോ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. സേവ് എ ഫാമിലി പ്ലാൻ ഇന്ത്യ കൺസൽറ്റന്റ് ജാൻസി, അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ പി.എ. ജോസ്, റോബിൻ തോമസ്, ഫ്രാൻസീസ് പള്ളിക്കമ്യാലിൽ, സി. ആനി ജോസ് എന്നിവർ സംസാരിച്ചു. ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന, ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് ടെക്നോളജി എന്നീ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ജലസംരക്ഷണവുമായി ബന്ധപ്പെട്ട കലാപരിപാടികൾ അവതരിപ്പിച്ചു. തോമസ്, ജാൻസി, ശ്രുതി, അനഘ എന്നിവർ നേതൃത്വം നൽകി.

**ആദിവാസി വിഭാഗങ്ങളിലെ ഭിന്നശേഷിക്കാർക്കുവേണ്ടി പഠനക്യാമ്പ് നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എംപവർമെന്റ് ഓഫ് പേഴ്സൺസ് വിത്ത് മൾട്ടിപ്പിൾ ഡിസെബിലിറ്റിയുമായി സഹകരിച്ച് ആദിവാസി വിഭാഗങ്ങളിലെ ഭിന്നശേഷി ഉള്ളവർക്കായി പഠനക്യാമ്പ് നടത്തി. ലോകാരോഗ്യ ദിനത്തിൽ വയനാട് സോഷ്യൽസർവ്വീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ നടന്ന പഠനക്യാമ്പ് മാനന്തവാടി രൂപതാ സാമൂഹ്യസേവന വിഭാഗം കോ-ഓർഡിനേറ്റർ റവ. ഫാ. പോൾ കൂട്ടാല ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളിൽ അദ്ധ്യക്ഷതവഹിച്ചു. ആദിവാസി നിയമ പഠനക്യാമ്പിന് മാനന്തവാടി ലീഗൽ സർവ്വീസ് അതോറിറ്റിയിലെ അഡ്വ. ജോസഫ്, ആരോഗ്യ പഠനക്യാമ്പിന് മാനന്തവാടി സെന്റ് ജോസഫ് ഹോസ്പിറ്റലിലെ സി. ഷിബി എന്നിവർ നേതൃത്വം നൽകി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി.എ, കോർഡിനേറ്റർ തോമസ് പി.ഡി. മാനന്തവാടി ലീഗൽ സർവ്വീസ് അതോറിറ്റി കോർഡിനേറ്റർ ബീന, സെന്റ് ജോസഫ് കോളേജ് ദേവഗിരി, രാജഗിരി കോളേജ് കളമശ്ശേരി, മാർ അഗസ്റ്റിൻസ് കോളേജ് രാമപുരം എന്നീ കോളേജുകളിലെ വിദ്യാർത്ഥികൾ ആരോഗ്യ നിയമപഠന ക്യാമ്പിന് നേതൃത്വം നൽകി.

**ആരോഗ്യ നിയമ പഠനക്യാമ്പ് സംഘടിപ്പിച്ചു**

വയനാട് സോഷ്യൽസർവ്വീസ് സൊസൈറ്റി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മൾട്ടിപ്പിൾ ഡിസെബിലിറ്റിയുമായി സഹകരിച്ച് എടമുണ്ട ആദിവാസി കോളനിയിൽ ഏകദിന ആരോഗ്യ നിയമപഠനക്യാമ്പ് സംഘടിപ്പിച്ചു. പഠനക്യാമ്പ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളിൽ ഉദ്ഘാടനം ചെയ്തു. ആദിവാസി നിയമപഠന ക്യാമ്പിന് മാനന്തവാടി ലീഗൽ സർവ്വീസ് അതോറിറ്റിയിലെ അഡ്വ. എൽബി മാത്യുവും, ആരോഗ്യപഠന ക്യാമ്പിന് മാനന്തവാടി സെന്റ് ജോസഫ് ഹോസ്പിറ്റലിലെ സി. ഷിബിയും നേതൃത്വം നൽകി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ്.പി.എ., കോർഡിനേറ്റർ ഷാജുമോൻ, മാനന്തവാടി ലീഗൽ സർവ്വീസ് അതോറിറ്റി കോർഡിനേറ്റർ ബീന, ഫീൽഡ് കോർഡിനേറ്റർ ഷൈനി ദേവസ്യ എന്നിവർ ആരോഗ്യ നിയമപഠന ക്യാമ്പിന് നേതൃത്വം നൽകി.

**മുളയിൽ മനോഹരങ്ങളായ കരകൗശല വസ്തുക്കൾ നിർമ്മിച്ച് ആദിമ മുളയുൽപ്പന്ന യൂണിറ്റ്**

ഇന്ത്യയിൽ ജർമ്മൻ ബാങ്ക് ആയ കെ.എഫ്. ഡബ്ല്യൂവിന്റെ സാമ്പത്തിക സഹായത്തോടെ നബാർഡ് കഴിഞ്ഞ കാലങ്ങളിൽ പ്രകൃതി വിഭവ സംരക്ഷണ മേഖലയിൽ നടപ്പിലാക്കിവരുന്ന വിവിധങ്ങളായ വികസന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ജർമ്മനിയിൽ നിന്നുള്ള ടീം ബയോവിൻ അഗ്രോ റിസേർച്ച്, മട്ടിലയം നീർത്തട പ്രദേശം എന്നിവ സന്ദർശിച്ചു. മട്ടിലയം നീർത്തട പ്രദേശം സന്ദർശിച്ച ടീം അംഗങ്ങൾ നീർത്തടക്കമ്മിറ്റി അംഗങ്ങളുമായി ചർച്ച നടത്തുകയും ഭാവി പ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും ചെയ്തു. ബയോവിൻ അഗ്രോ റിസേർച്ച് കാർഷിക മേഖലയിൽ നൽകുന്ന മാതൃക ഏറെ ശ്ലാഘനീയമാണെന്ന് ടീം അഭിപ്രായപ്പെട്ടു. സന്ദർശനത്തിന് നബാർഡ് ഡെപ്യൂട്ടി ജനറൽ മാനേജർ ഭാസ്കരൻ, ജില്ലാ മാനേജർ സജി കുമാർ, മാനന്തവാടി രൂപതാ സാമൂഹ്യ സേവന വിഭാഗം കോർഡിനേറ്റർ റവ. ഫാ. പോൾ കൂട്ടാല, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളിൽ, പ്രോഗ്രാം ഓഫീസർ ജോസ്. പി.എ. എന്നിവർ നേതൃത്വം നൽകി.

**ആദിവാസികളും വീട്ടാവശ്യത്തിനുള്ള സോപ്പ്-സോപ്പ് ഉൽപ്പന്നങ്ങൾ സ്വന്തമായി നിർമ്മിക്കുന്നു**

കുടുംബങ്ങളിൽ ആവശ്യം ഉണ്ടായിരിക്കേണ്ട സോപ്പ്-സോപ്പ് ഉൽപ്പന്നങ്ങൾ സ്വന്തമായി നിർമ്മിച്ച് സ്വയം പര്യാപ്തരാവുകയാണ് വയനാട്ടിലെ വിവിധ കോളനികളിലെ ആദിവാസികൾ. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരുന്ന സംരംഭകത്വ പരിശീലനത്തിലൂടെയാണ് ആദിവാസികൾ ഈ മേഖലയിലും പ്രാവീണ്യം തെളിയിക്കുന്നത്. ടോയ്‌ലറ്റ് സോപ്പ്, അലക്ക് സോപ്പ്, സോപ്പ് പൊടി, ലിക്വിഡ് സോപ്പ്, ടോയ്‌ലറ്റ് ക്ലീനേഴ്സ് തുടങ്ങി 15 ഓളം ഉൽപ്പന്നങ്ങളാണ് ആദിവാസികൾ ഇപ്പോൾ സ്വന്തമായി നിർമ്മിച്ച് ഉപയോഗിക്കുന്നത്. ഇത്തരം ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ അസംസ്കൃത വസ്തുക്കൾ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴി വിതരണം ചെയ്തുവരുന്നു. ബാവലി കോളനി കേന്ദ്രീകരിച്ച് നടത്തിയ

പരിശീലനം ബാവലി സെന്റ് ജോസഫ് ദേവാലയം വികാരി റവ. ഫാ. ജെയിംസ് കളമ്പുകാട്ടിന്റെ അദ്ധ്യക്ഷതയിൽ വയനാട് സോഷ്യൽസർവ്വീസ് സൊസൈറ്റി അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തട ത്തിൽ ഉദ്ഘാടനം ചെയ്തു. പരിശീലനത്തിന് ഫീൽഡ് കോ-ഓർഡിനേ റ്റേഴ്സ് ആയ ആലീസ് സിസിൽ, ഷീന ആന്റണി എന്നിവർ നേതൃത്വം നൽകി.

**യാത്ര അയപ്പ് നൽകി**

കഴിഞ്ഞ 07 വർഷത്തോളമായി വയനാട് ജില്ലയിൽ നബാർഡിന്റെ ജില്ലാ മാനേജർ ആയി സ്തുത്യർഹമായ രീതീയിൽ സേവനം ചെയ്ത് നബാർഡിന്റെ മുംബൈ ഹെഡ് ഓഫീസിലേയ്ക്ക് യാത്രയാകുന്ന എൻ. എസ്. സജി കുമാർ സാറിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ടീം അംഗങ്ങൾ യാത്ര അയപ്പ് നൽകി. സജികുമാർ സാറിന്റെ കാലത്താണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സമഗ്ര നീർത്തട വികസന പദ്ധതി, സമഗ്ര ആദിവാസി വികസന പദ്ധതി, വനിതാ സ്വാശ്രയ സംഘ പദ്ധതി, അംമ്പ്രല്ല പ്രോഗ്രാം ഓൺ നാച്ചുറൽ റിസോഴ്സ് മാനേജ്മെന്റ്, കർഷക ഉൽപ്പാദക സംഘങ്ങൾ, ഫാം ക്ലബ്ബുകൾ, റൂറൽ ഇമ്മെർഷെൻ, പ്രോഗ്രാം, സംരഭകത്വ പരിശീലനങ്ങൾ തുടങ്ങി വിവിധങ്ങളായ വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത്. വയനാട്ടിലെ സാധാ രണക്കാരായ കർഷകരുടെയും ആദിവാസികളുടെയും വനിതകളുടെയും സമഗ്രമായ പുരോഗതിക്കുവേണ്ടി അക്ഷീണം പ്രയത്നിച്ച വ്യക്തിയാണ് സജികുമാർ എന്ന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളിൽ അഭിപ്രായപ്പെട്ടു. പ്രോഗ്രാം ഓഫീസർ ജോസ് പി.എ., കോർഡിനേറ്റേഴ്സ് ആയ എൻ.ജെ.ചാക്കോ, തോമസ് പി. ഡി. എന്നിവർ സംസാരിച്ചു. നബാർഡ് ജില്ലാ മാനേജർ സജികുമാർ മറു പടി പ്രസംഗം നടത്തി.

**സന്ദർശനം നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി, ബയോവിൻ അഗ്രോ റിസർച്ച് എന്നിവയുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിന് മാവേലിക്കര രൂപതയുടെ ഔദ്യോഗിക സാമൂഹ്യസേവന വിഭാഗമായ ചേതന ഇന്റഗ്രേ റ്റഡ് ഡെവലപ്മെന്റ് സൊസൈറ്റിയിലെ പ്രവർത്തകർ സന്ദർശനം നടത്തി. ബയോവിൻ അഗ്രോ റിസേർച്ച്, ബോയ്സ്ടൗൺ എന്നിവിടങ്ങളിൽ സന്ദർശനം നടത്തിയ ടീം അംഗങ്ങൾ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കിവരുന്ന ജൈവകൃഷി വികസന വ്യാപന പദ്ധതി, ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന, ഔഷധ വ്യാപന പദ്ധതി, വനിതാ വികസന പദ്ധതി, വികാസ് പീഡി, സമഗ്ര നീർത്തട വിക സന പദ്ധതി തുടങ്ങിയവ ഏറെ ആകർഷകമാണെന്നും ഇവ ചേതന ഇന്റ ഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റിക്ക് മാതൃകകളാക്കാൻ സാധിക്കു മെന്നും അഭിപ്രായപ്പെട്ടു. സന്ദർശനത്തിന് മാനന്തവാടി രൂപതാ സാമൂഹ്യ സേവന വിഭാഗം കോർഡിനേറ്റർ റവ. ഫാ. ബിജോ കറുകപ്പള്ളിൽ, ബയോ വിൻ അഗ്രോ റിസർച്ച് ചെയർമാൻ റവ. ഫാ. ജോൺ ചൂരപ്പുഴ, പ്രോഗ്രാം ഓഫീസർ ജോസ്. പി.എ, ബോട്ടണിസ്റ്റ് ബിജു കെ.ജെ എന്നിവർ നേതൃത്വം നൽകി. ചേതന മാവേലിക്കരയുടെ ഡയറക്ടർമാരായ റവ. ഫാ. ബിന്നി, റവ. ഫാ. ലൂക്കോസ് എന്നിവർ ഉൾപ്പെടുന്ന 37 പ്രവർത്തകരാണ് ടീമിൽ ഉണ്ടായിരുന്നത്.

**സേവ് എ ഫാമിലി പ്ലാൻ - വിദഗ്ധ സംഘം പഠനം പൂർത്തിയാക്കി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സേവ് എ ഫാമിലി പ്ലാനിന്റെ സഹായത്തോടെ കഴിഞ്ഞ നാല്പത്തിയൊന്നു വർഷങ്ങളായി നടപ്പിലാക്കിവരുന്ന വിവിധ വികസന പരിപാടികളെ വിലയിരുത്തുന്നതിനും വരും വർഷങ്ങളിൽ പദ്ധതി എങ്ങനെ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാം എന്ന് ആസൂത്രണം ചെയ്യുന്നതിനുമായി സേവ് എ ഫാമിലി പ്ലാൻ കാനഡ നിയോഗിച്ച വിദഗ്ധ സംഘം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ 3 ദിവസത്തെ പഠനം പൂർത്തീകരിച്ചു. ഇന്ത്യയിലെ അറിയപ്പെടുന്ന വികസന പ്രവർത്തകരായ ജോസഫ് കീവ്, ജാൻസി ജോസഫ് എന്നിവരായിരുന്നു ടീമിൽ ഉണ്ടായിരുന്നത്. ഇന്ത്യയിലെ 28 രൂപതകളിലെ പ്രവർത്തനങ്ങൾ പൂർത്തയാക്കിയാണ് ടീം വയനാട്ടിൽ എത്തിയത്. മുതിരേരി, തവിഞ്ഞാൽ എന്നിവിടങ്ങളിലെ വിവിധ ഗുണഭോക്തൃ കുടുംബങ്ങളിൽ ടീം സന്ദർശനം നടത്തി. കൂടാതെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ടീം അംഗങ്ങളുമായി വിവിധ തലങ്ങളിൽ ചർച്ച നടത്തി. കുടുംബങ്ങളുടെ തെരഞ്ഞെടുപ്പ്, തുടർച്ചയായ ശാക്തീകരണ പ്രവർത്തനങ്ങൾ, മറ്റു വികസന പദ്ധതികളുമായുള്ള ഏകോപിപ്പിക്കൽ തുടർച്ചയായ അനുധാവനം, കാര്യക്ഷമമായ ഭരണ നിർവ്വഹണം, മറ്റ് വികസന ഏജൻസികളുമായുള്ള സഹകരണം എന്നിവയിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി മാതൃകയാണെന്ന് ടീം അഭിപ്രായപ്പെട്ടു. വിദഗ്ധ സംഘത്തിന്റെ പഠനത്തിന് മാനന്തവാടി രൂപത സാമൂഹ്യസേവന വിഭാഗം കോർഡിനേറ്റർ റവ. ഫാ. പോൾ കൂട്ടാല, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളിൽ, അസോ. ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ, കോർഡിനേറ്റർ സി. ആനി ജോസ്, ഫീൽഡ് കോർഡിനേറ്റേഴ്സ് സുജ മാത്യു, ഷീന ആന്റണി, ഷൈനി ജോർജ് എന്നിവർ നേതൃത്വം നൽകി.

**സന്ദർശിച്ചു:-** വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സേവ് എ ഫാമിലി പ്ലാനുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന കുടുംബശാക്തീകരണ പദ്ധതിയെ കുറിച്ച് പഠിക്കുന്നതിന് ജർമ്മനിയിൽ നിന്നുള്ള ക്രിസ്റ്റഫ്, പാങ്ങ് പോളി പായ് ലിൻ എന്നിവർ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സന്ദർശിച്ചു. ടീം അംഗങ്ങൾ മുതിരേരി, എടമുണ്ട, ബാവലി എന്നിവിടങ്ങളിൽ സന്ദർശനം നടത്തുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പാവപ്പെട്ട 350 ലധികം കുടുംബങ്ങളിൽ നടപ്പിലാക്കിവരുന്ന ഈ പദ്ധതി ഏറെ ശ്ലാഘനീയമാണെന്ന് ഇവർ അഭിപ്രായപ്പെട്ടു. സന്ദർശനത്തിന് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളിൽ, അസോ. ഡയറക്ടർ ജിനോജ് പാലത്തടത്തിൽ, കോർഡിനേറ്റർ സി. ആനി ജോസ്, ഫീൽഡ് ആനിമേറ്റേഴ്സ് ആയ ഷൈനി ജോർജ്ജ്, ഷീന ആന്റണി, സുജ മാത്യു എന്നിവർ നേതൃത്വം നൽകി.

**തുണ്ടു ഭൂമിയിൽ ജൈവ പച്ചക്കറി ഉല്പ്പാദിപ്പിച്ച് സേവ് എ ഫാമിലി പദ്ധതിയിലെ വനിതകൾ മാതൃകയാവുന്നു**

ഇപ്പോഴും പച്ചക്കറിക്കുവേണ്ടി വിപണിയെ ആശ്രയിക്കുന്നവർ ഇവരുടെ കൃഷിയിടങ്ങൾ സന്ദർശിക്കണം. സ്വന്തമായി 10 സെന്ററിൽ താഴെ മാത്രം സ്ഥലമുള്ളവർ, സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്നവർ, പലപ്പോഴും കുടുംബത്തിന്റെ പൂർണ്ണമായ ഉത്തരവാദിത്വം സ്വന്തം

ചുമലിൽ വഹിക്കുന്നവർ... അതേ അവർ സ്വന്തമായി ജൈവ പച്ചക്കറി ഉല്പ്പാദിപ്പിച്ച് ഏവർക്കും മാതൃകയാവുകയാണ്. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സേവ് എ ഫാമിലി പദ്ധതിയിൽ അംഗങ്ങളായ ഇരുന്നൂറോളം കുടുംബങ്ങളാണ് ഈ വർഷം മത്സരാടിസ്ഥാനത്തിൽ ജൈവ പച്ചക്കറി കൃഷി നടപ്പിലാക്കിയത്. വിവിധ മേഖലകൾ തിരിച്ചു നടപ്പിലാക്കിയ മത്സരത്തിൽ മാനന്തവാടി മേഖലയിൽ മനില ഫ്രാൻസീസ്, കല്പ്പറ്റ മേഖലയിൽ ഡെയ്സി ബിജു, പുൽപ്പള്ളി മേഖലയിൽ ദീപ എന്നിവർ ഒന്നാം സ്ഥാനം കരസ്ഥമാക്കി. കൂടാതെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ എടമുണ്ട കോളനിയിലെ ലീലയ്ക്ക് പ്രത്യേക സമ്മാനം ലഭിച്ചു. വിവിധ മേഖലകളിൽ നടന്ന് സേവ് എ ഫാമിലി കുടുംബങ്ങളുടെ സംഗമത്തിൽ വെച്ച് വിജയികൾക്ക് സേവ് എ ഫാമിലി പ്ലാൻ ഇന്ത്യ പ്രൊജെക്ട് ഓഫീസർ മനോജ് മുള്ളൻകൊല്ലി, ഫൊറോന ചർച്ച് വികാരി റവ. ഫാ. ചാണ്ടി പുനക്കാട്ട് എന്നിവർ കാഷ് അവാർഡും ട്രോഫിയും വിതരണം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളിൽ, അസോ. ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ, കോർഡിനേറ്റർ സി. ആനി ജോസ്, ഫീൽഡ് കോർഡിനേറ്റർ ഷീന ആന്റണി, ഷൈനി ജോർജ്ജ്, സുജ മാത്യു എന്നിവർ സംസാരിച്ചു.

**Traditional Pepper Conservation Project (പാരമ്പര്യ കുരുമുളക് സംരക്ഷണ പദ്ധതി)**

നാടൻ കുരുമുളക് സംരക്ഷണ പദ്ധതിയുടെ ഭാഗമായി ഫീൽഡ് സർവ്വെയും നടീൽ വസ്തുക്കളുടെ ശേഖരണവും നടത്തി. ഇതുവരെ 48 ഫീൽഡ് സർവ്വേയിലൂടെ 71 ഇനങ്ങൾ ശേഖരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മുട്ടിൽ, തവിഞ്ഞാൽ എന്നിവിടങ്ങളിൽ സർവ്വെകൾ നടന്നു. പോളി ഹൗസിൽ സജ്ജീകരിച്ചിട്ടുള്ള മാതൃസസ്യങ്ങളിൽ നിന്നും നടീൽ വസ്തുക്കൾ ശേഖരിച്ച് നഴ്സറി തൈകൾ ഉല്പ്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തി.

കുരുമുളകിനങ്ങളുടെ ഹെർബേറിയം തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു. നാരായം, വെള്ളനാമ്പൻ, നാടൽ തുടങ്ങിയ ഇനങ്ങളുടെ ഹെർബേറിയം തയ്യാറാക്കി. കുരുമുളകിനങ്ങൾ നട്ടുവളർത്തിയിട്ടുള്ള പ്രധാന പ്ലോട്ടിൽ വിള സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി. കളനീക്കം ചെയ്യൽ, തൈകൾ ഒരുക്കൽ, വള പ്രയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു.

ബൊട്ടാണിക് ഗാർഡന്റെ നവീകരണത്തിന്റെ ഭാഗമായി ഔഷധ സസ്യങ്ങൾ ശേഖരിക്കുകയും നഴ്സറിയിൽ നട്ടുവളർത്താനും കഴിഞ്ഞു. കാട്ടുപാവൽ, പച്ചില, ഓഗൽ തുടങ്ങിയ ഔഷധ സസ്യങ്ങൾ ശേഖരിച്ച് ഗാർഡനിൽ നട്ടുവളർത്തി. ഗാർഡനിലെ കള നീക്കൽ, വളപ്രയോഗം തുടങ്ങിയ സംരക്ഷണ പ്രവർത്തനങ്ങളും നടത്തി. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി അഡോൾഫ് ബൂളർ ന്റെ നേതൃത്വത്തിൽ മൂന്നംഗ സംഘം ബോയ്സ്ടൗൺ സന്ദർശിച്ചു. ഈ മാസം 18, 19, 20 തീയതികളിൽ ബോയ്സ് ടൗൺ സന്ദർശിക്കുകയും പാരമ്പര്യ കുരുമുളക് കർഷകരുമായി സംവദിക്കുകയും ചെയ്തു.

**DDU - GKY**

കേന്ദ്രഗ്രാമ/നഗര വികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്ഥ

വിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുന്നതിനും വേണ്ടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ വിവിധ കോഴ്സുകൾ നടത്തിവരുന്നു. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തന ങ്ങൾക്ക് നേതൃത്വം നൽകുന്നു. ഈ കോഴ്സ് പൂർണ്ണമായും സൗജന്യമാണ്. പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും NCVT/SSC സർട്ടിഫിക്കറ്റും വിവിധ കമ്പനികളിൽ ജോലിയും നൽകുന്നതാണ്. DDU-GKY, NULM എന്നീ പ്രോജെക്റ്റ് ആണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിലൂടെ നടപ്പിൽ ആക്കുന്നത്.

കേരളത്തിലെ 52 ഓളം ട്രെയിനിങ് സെന്ററുകളുടെ ഗുണനിലവാര ത്തിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ട്രെയിനിങ് സെന്റർ ഒന്നാമതെത്തിയതും അഭിമാനമർഹിക്കുന്ന ഒരുകാര്യമാണ്. വിവിധ കോഴ്സു കളിലായി 400 ഓളം കുട്ടികളെ പരിശീലിപ്പിക്കാനും അവർക്ക് വിദേശത്തും സ്വദേശത്തും ജോലി നൽകാനും സാധിച്ചു. ജില്ലയിൽ ഏറ്റവും കൂടുതൽ ആളുകൾക്ക് വിദേശരാജ്യങ്ങളിൽ തൊഴിൽനൽകിയ ഏജൻസിക്കുള്ള അവാർഡും വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി കരസ്ഥമാക്കിയി രിക്കുന്നു. തികച്ചും സൗജന്യമായ ഈ കോഴ്സിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രത്യേകതയാണ് പഠന സമയങ്ങളിൽ ഉള്ള സ്റ്റൈഫണ്ട്. ഓരോ കുട്ടിക്കും ഹാജറിന് അനിസരിച്ച് ദിവസം 125 രൂപയോളം ലഭിക്കുന്നതാണ്.

DDU-GKY കോഴ്സുകളുടെ പുതിയ ബാച്ചുകളിലേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നു. ഫാഷൻ ഡിസൈൻ കോഴ്സിന് +2 ഉം മറ്റു കോഴ്സു കൾക്ക് പത്താം ക്ലാസുമാണ് അടിസ്ഥാന പ്രവേശന യോഗ്യത. വിജയകര മായി പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും ജോലി വാഗ്ദാനം ചെയ്യുന്നു. ആധുനിക സജ്ജീകരണങ്ങളോട് കൂടിയ ക്ലാസ് റൂമുകൾ, വിദ്യാർത്ഥികൾക്ക് സ്പോക്കൺ ഇംഗ്ലീഷ്, കമ്പ്യൂട്ടർ, പേഴ്സണാലിറ്റി ഡെവലപ്മെന്റ് എന്നി വയിൽ പ്രത്യേക പരിശീലനം നൽകുന്നു. കൂടാതെ ഓരോ വിദ്യാർത്ഥിക്കും പഠനസമയങ്ങളിൽ കമ്പ്യൂട്ടർ/ ടാബ്ലെറ്റ് എന്നിവയും കൊടുക്കുന്നതാണ്.

**കേരളത്തിൽ ഡി.ഡി.യു.ജി.കെ.വൈ പദ്ധതി സെന്ററുകളിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഒന്നാം സ്ഥാനത്ത്**

കേന്ദ്ര ഗ്രാമ വികസന മന്ത്രാലയവും സംസ്ഥാന കുടുംബശ്രീ മിഷനും സംയുക്തമായി കേരളത്തിൽ നടപ്പിലാക്കി വരുന്ന ദീൻദയാൽ ഉപാ ധ്യായ ഗ്രാമീൺ കൗശല്യ യോജന പദ്ധതിയുടെ സെന്ററുകളിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സംസ്ഥാനത്ത് ഒന്നാം സ്ഥാനത്തെത്തി. യുവാക്കൾക്ക് വിവിധ മേഖലകളിൽ സാങ്കേതിക പരിശീലനം നൽകി അവർക്ക് തൊഴിൽ ഉപാദ്ധ്യയ ഗ്രാമീൺ കൗശല്യ യോജന, അഥവാ ഡി. ഡി.യു.ജി.കെ.വൈ. കേരളത്തിൽ 62 വികസന ഏജൻസികളാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പരിശീലന കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ ങ്ങൾ, നടത്തിപ്പിന്റെ ഗുണമേന്മ, തൊഴിൽ നൽകുന്നതിൽ സജീവത തുട ങ്ങിയ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി നടത്തിയ വിശകലനത്തിലാണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഒന്നാം സ്ഥാനത്ത് എത്തി യത്. നിലവിൽ ഫുഡ് പ്രൊസ്സസിംഗ്, ഫാഷൻ ഡിസൈനിംഗ്, സുവിങ് മെഷീൻ ഓപ്പറേറ്റർ, ബി.പി.ഒ എന്നീ സാങ്കേതിക പരിശീലനങ്ങളാണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നടന്നുവരുന്നത്. സാങ്കേ

തിക പരിശീലനത്തിനു പുറമേ കമ്പ്യൂട്ടർ പഠനം, ഇംഗ്ലീഷ് ഭാഷയിൽ അടിസ്ഥാന പ്രാവീണ്യം, സോഫ്റ്റ് സ്കിൽ എന്നിവയും പഠിപ്പിക്കുന്നതാണ്. പൂർണ്ണമായും സൗജന്യമായി നടത്തുന്ന ഈ പരിശീലനപരിപാടികളിൽ പങ്കെടുക്കുന്നവർക്ക് യൂണിഫോം, പഠന ഉപകരണങ്ങൾ തുടങ്ങിയവ സൗജന്യമായി നൽകുന്നതോടൊപ്പം ഒരു ദിവസം 125 രൂപ എന്ന നിരക്കിൽ യാത്രാ ചിലവും നൽകി വരുന്നു. 18 മുതൽ 35 വരെ പ്രായമുള്ള SSLC വരെയെങ്കിലും വിദ്യാഭ്യാസയോഗ്യതയുള്ളവർക്കു ഈ പരിശീലനങ്ങളിൽ പങ്കെടുക്കാം. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഡി.ഡി.യു.ജി.കെ.വൈ. പദ്ധതിക്ക് റവ. ഫാ. പോൾ കൂട്ടാല, റവ. ഫാ. ബിജോ കറുകപ്പള്ളിൽ, റവ. ഫാ. ജിനോജ് പാലത്തടത്തിൽ, ജോസ്.പി.എ, റോബിൻ ജോസഫ്, ചാക്കോ എൻ.ജെ, തോമസ്.പി.ഡി, ഫ്രാൻസീസ് പള്ളിക്കമ്യാലിൽ, അനഘ, എയ്ഞ്ചൽ, ഹരിപ്രിയ, കാൽവിൻ, ബിജു കെ.ജെ, ജാൻസി, ടെസ്ന, ശ്രുതി, അഖിൽ, ജോമേഷ് എന്നിവർ നേതൃത്വം നൽകുന്നു.

**കേരള ലേബർ മൂവ്മെന്റ് (കെ.എൽ.എം)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്നു. കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുന്നു.

**സ്വതന്ത്ര നിർമ്മാണ തൊഴിലാളി**

കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ടിന്റെ തുടർച്ചയായിട്ടാണ് ഈ ക്ഷേമനിധിബോർഡ് പ്രവർക്കുന്നത്. ഈ ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നവരുടെ 2018 ലെ പുതുക്കൽ നടപടി പൂർത്തിയാക്കി.

ചെറുകിട തോട്ടം തൊഴിലാളി, തയ്യൽതൊഴിലാളി, കർഷകതൊഴിലാളി, നിർമ്മാണ തൊഴിലാളി എന്നീ മേഖലകയിൽ പ്രവർത്തിക്കുന്നു. തൊഴിലാളികളുടെ രജിസ്ട്രേഷൻ നടന്നുവരുന്നു.

**ജീവസ് കുടുംബ ഇൻഷുറൻസ് പദ്ധതി**

കേരള ലേബർ മൂവ്മെന്ററിൽ അംഗത്വമെടുത്ത അഞ്ചുറോളം അംഗങ്ങൾ ജീവസ് കുടുംബ ഇൻഷുറൻസ് പദ്ധതിയിൽ ചേർന്നു.

**ഒറ്റത്തവണ തീർപ്പാക്കൽ:-** കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധിയിൽ ചേർന്ന് അംശാദായം അടക്കാതെ മുടക്കം വന്ന തൊഴിലാളികൾക്ക് പിഴയില്ലാതെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിൽ വന്നിട്ടുണ്ട്. ഈ അവസരം ഉപയോഗപ്പെടുത്തണമെന്ന് അറിയിക്കുന്നു.

**ജനകീയ സംഘാടനം:-** സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ വിവിധ യൂണിറ്റുകളുടെ അടിസ്ഥാനത്തിൽ നടന്നുവരുന്നു. കമ്മന, വാളവയൽ, ഒഴുക്കൻമൂല, കുളത്താട, പോരൂർ, തവിഞ്ഞാൽ, കുറുക്കൻമൂല, എടയൂർക്കുന്ന്, പയ്യമ്പള്ളി തുടങ്ങിയ സ്ഥലങ്ങളിൽ സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ മീറ്റിംഗുകൾ നടന്നു, വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ സംഘടിപ്പിച്ചു.

ജീവസ് ആരോഗ്യ ഇൻഷൂറൻസിനെപ്പറ്റി SWS തലത്തിൽ ഓറിയന്റേഷൻ നടത്തുകയും ആവശ്യമുള്ള ആളുകളെ പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തു. ആശാകിരണം ക്യാൻസർ സുരക്ഷായജ്ഞം പദ്ധതിയുടെ ഭാഗമായി പന്ത്രണ്ട് രോഗികൾക്കായി 60000 രൂപ ധനസഹായം നൽകി. നബാർഡിന്റെ സഹായത്തോടെ ചെയ്യുന്ന വനിതാ സ്വാശ്രയസംഘം പദ്ധതി

യിലെ മൂന്ന് സംഘങ്ങൾക്ക് വിവിധ ബാങ്കുകളിൽ നിന്ന് ഒൻപത് ലക്ഷം രൂപ വായ്പ ലഭിച്ചു.

**സന്ദർശനം നടത്തി**

തവിഞ്ഞാലിൽ പ്രവർത്തിക്കുന്ന ആദിമ മുളയുൽപ്പന്ന സംഘത്തിലേക്ക് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുടെ വിദ്യാർത്ഥികൾ സന്ദർശനം നടത്തി. ആവശ്യമായ പ്രമോഷൻ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള സഹായ വാഗ്ദാനം നടത്തി.

**വികാസ് പീഡിയ**

വികാസ് പീഡിയ ഡിജിറ്റൽ ഏകോപനം അഞ്ച് ജില്ലകളിൽ പൂർത്തിയായി. നിലവിൽ സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും ഡിജിറ്റൽ ഓൺലൈൻ സംവിധാനങ്ങളെ ഏകോപിപ്പിക്കുന്ന ഡിജിറ്റൽ ഇന്റഗ്രേഷൻ നടപടികൾ വികാസ് പീഡിയയുടെയും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും നേതൃത്വത്തിൽ അഞ്ച് ജില്ലകളിൽ പൂർത്തിയായി. വയനാട്, മലപ്പുറം, കാസർഗോഡ്, കണ്ണൂർ, ആലപ്പുഴ ജില്ലകളിൽ ഇതിന്റെ ഭാഗമായി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെയും അക്ഷയ സംരംഭകരെയും ഡിജിറ്റൽ വോളണ്ടിയർമാരെയും ഉൾപ്പെടുത്തി മാസ്റ്റർ ട്രെയ്നർമാർക്കായി കളക്ട്രേറ്റ് കോൺഫറൻസ് ഹാളുകളിൽ വെച്ച് ഏകദിന ശില്പശാലകൾ സംഘടിപ്പിച്ചു. ഓരോ ജില്ലയിലും അതാത് ജില്ലാകളക്ടർമാരും ജനപ്രതിനിധികളും ഐ.ടി വിദഗ്ദരും പങ്കെടുത്തു. വികാസ് പീഡിയ കോഡിനേറ്റർ സി.വി. ഷിബു, ടെക്നിക്കൽ ഹെഡ് ജുബിൻ അഗസ്റ്റ്യൻ എന്നിവർ പദ്ധതി വിശദീകരണം നടത്തി. വികാസ് പീഡിയ ഔട്ട് റീച്ച് പരിപാടികളുടെ ഭാഗമായി കഴിഞ്ഞ മാസങ്ങളിൽ പത്തിലധികം ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി.

വിവിധ പോർട്ടലുകളും വെബ്സൈറ്റുകളുമായി ഏകോപനം നടത്തുന്നതിന്റെ ഭാഗമായി എയ്സ് അപ് അക്ഷയ, കൃഷി ദീപം, ഹരിത കേരള ന്യൂസ്, ന്യൂസ് വയനാട്, മലയാള നാട് തുടങ്ങിയ പോർട്ടലുകളിൽ വികാസ് പീഡിയ ലോഗോയും ലിങ്കും ഉൾപ്പെടുത്തി. വിവിധ മാധ്യമങ്ങളിൽ വികാസ് പീഡിയ വാർത്തകൾ വരികയും വികാസ് പീഡിയ പോർട്ടൽ സെർച്ച് ചെയ്യുന്നവരുടെ എണ്ണം വർദ്ധിക്കുകയും ചെയ്തതിനാൽ പോർട്ടൽ ഹിറ്റ് റേറ്റ് അഞ്ച് കോടിയായി ഉയർന്നു.

**ജീവസ് കുടുംബ സുരക്ഷാ ആരോഗ്യപദ്ധതി**

ജീവസ് ജീവകാരുണ്യ മെഡിക്കൽ പദ്ധതി മാനന്തവാടി രൂപതയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും കേരളാ ലേബർമൂവ്മെന്റും ചേർന്ന് സ്റ്റാർ ഹെൽത്തുമായി സഹകരിച്ചാണ് നടപ്പിലാക്കി വരുന്നത്. ഈ പദ്ധതിയുടെ ആദ്യത്തെ 1500 കുടുംബങ്ങളെ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. ആദ്യത്തെ 1500 കുടുംബങ്ങൾക്ക് മെയ് മാസം ആദ്യം മുതൽ ഇതിന്റെ സേവനം ഉപയോഗിച്ച് തുടങ്ങാവുന്നതാണ്.

ഈ പദ്ധതിയുമായി സഹകരിച്ച എല്ലാവർക്കും പ്രത്യേകിച്ച് ബഹു. വികാരിയച്ചന്മാർക്ക് പ്രത്യേകം നന്ദി അറിയിക്കുന്നു. വളരെ പ്രത്യേകമായി ഈ പദ്ധതിയിൽ ഏറ്റവും കൂടുതൽ ആളുകളെ ചേർത്ത കയ്യൂന്നി, വാഴവറ്റ, ചുങ്കക്കുന്ന്, പയ്യമ്പള്ളി, നടവയൽ എന്നീ ഇടവകകളെയും നേതൃത്വം നൽകിയവരെയും സ്നേഹപൂർവ്വം ഓർക്കുന്നു.

**ഫാ. ബിജോ കറുകപ്പള്ളി** - ഡയറക്ടർ, WSSS

# ബയോവിൻ അഗ്രോ റിസർച്ച്

**(ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാപദ്ധതിയും അനുബന്ധ മേഖലകളും)**

BIOWIN

മാറുന്ന കാലത്തിൽ ലാഭം മാത്രം മുന്നിൽ കണ്ടുകൊണ്ട് നിരുത്തര വാദിത്വപരമായി രാസകീടനാശിനികളും രാസവളങ്ങളും ഉപയോഗിച്ച് ചെയ്യുന്ന കൃഷിരീതിയുടെ ദൂഷ്യഫലങ്ങൾ മനസിലാക്കിക്കൊണ്ട് ഒരു മാറ്റത്തിന് തയ്യാറെടുക്കുന്ന സമൂഹത്തിന് ഒരു കൈത്താങ്ങായി കർഷകുടെ ഉയർന്ന ജീവിതനിലവാരം, ഗുണമേന്മയുള്ള ഉല്പന്നങ്ങൾ എന്നിവ ഉറപ്പുവരുത്തുന്നതിനും വേണ്ടി ആരംഭിച്ച ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മാർച്ച് മാസം ജില്ലയിലുടനീളം വിവിധ പ്രവർത്തനങ്ങൾ നടത്തുകയും കർഷകരുടെ പങ്കാളിത്തം എല്ലാ പ്രവർത്തനങ്ങളിലും ഉറപ്പുവരുത്തുകയും ചെയ്തു. ജൈവവളനിർമ്മാണം, ജൈവകീടനാശിനി നിർമ്മാണം, അവയുടെ ഉപയോഗരീതികൾ എന്നിവ വിവിധ പരിശീലനപരിപാടികളോടെ കർഷകരിലെത്തിച്ച് കർഷകരുടെ കൃഷിരീതികളെ പ്രോത്സാഹിപ്പിക്കാനും സാധിച്ചു. വാരണാസി കമ്പോസ്റ്റ് നിർമ്മാണ പരിശീലനത്തിലൂടെ ജൈവകൃഷിയുടെ പുതിയ വാതായനങ്ങൾ തുറന്നുകാണിക്കാനും ഇതിലൂടെ വിവിധ ഭാഗങ്ങളിൽ കർഷകർ വാരണാസി കമ്പോസ്റ്റ് നിർമ്മാണം ആരംഭിക്കുകയും ചെയ്തു.

**ജൈവസാക്ഷ്യപത്രം പുതുക്കൽ**

ജൈവകർഷകരുടെ ഉത്പന്നങ്ങളുടെ ആഭ്യന്തര വിദേശവിപണികളിൽ വിപണനം നടത്തുന്നതിനാവശ്യമായ നടപടികൾ കൃഷിയിടങ്ങളിലും ആവശ്യമായ രേഖകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ എന്നിവ ശ്രീമതി രമ്യ വി.ജെ യുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

**ജൈവകർഷക യോഗങ്ങൾ**

ജൈവകർഷകരുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും ഉത്പന്നത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ട ആവശ്യകത എന്നീ വിഷയങ്ങളിലൂന്നി ഫീൽഡ് തലത്തിൽ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ഗ്രൂപ്പ് യോഗങ്ങൾ നടത്തുകയുണ്ടായി. ഫീൽഡ് കോർഡിനേറ്റർമാർ യോഗങ്ങൾക്ക് ഗ്രൂപ്പ് ലീഡർമാരുടെ സഹായത്തോടുകൂടി മേൽനോട്ടം നൽകുകയുണ്ടായി. ഫെയർട്രേഡ് റെയിൻഫോസ്റ്റ് അലയൻസ്, UTZ എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങളും ഉല്പന്നങ്ങൾ സൂക്ഷിക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ഗ്രൂപ്പ് യോഗങ്ങളിലൂടെ കൈമാറുന്നതിന് സാധ്യമായി. കർഷകരുടെ സംശയങ്ങൾക്കും പ്രശ്നങ്ങൾക്കും സഹായകമായ രീതിയിൽ നിർദ്ദേശങ്ങൾ നൽകുകയും കാർഷിക മേഖല നേരിടുന്ന വെല്ലുവിളികൾ ചർച്ച ചെയ്യുകയും ചെയ്തു.

**കർഷക സെമിനാറുകൾ**

ജൈവകൃഷിരീതിയിൽ സ്വീകരിക്കേണ്ട കരുതൽ, ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട വിഷയങ്ങൾ, ജൈവവള നിർമ്മാണം, ജൈവകീടനാശിനിയുടെ ഉപയോഗം, ഫെയർട്രേഡ്, കൃഷിഭൂമിയുടെ പരിപാലനം എന്നീ വിഷയങ്ങ

ളിൽ ഊന്നി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ കുമാരി ലിജി, കുമാരി ശരണ്യ, ഫീൽഡ് കോർഡിനേറ്റർ എന്നിവരുടെ നേതൃത്വത്തിൽ സെമിനാറുകൾ നടത്തുകയുണ്ടായി. ജൈവവളനിർമ്മാണ പരിശീലനവും സംശയനിവാരണവും കർഷകർക്ക് കൂടുതൽ അറിവും പ്രചോദനവും ഊട്ടിയുറപ്പിക്കുന്നതിന് സഹായകരമായി. സെമിനാറുകളിലെ ശ്രദ്ധേയമായ പങ്കാളിത്തവും ഫീൽഡ് കോർഡിനേറ്റർമാരുടെ പ്രവർത്തനങ്ങളും സെമിനാറുകളെ ജീവസുറ്റതാക്കി.

കലൂർ, വെണ്ണിയോട്, കല്ലോടി, പഴൂർ, ചീരാൽ, തെനേരി, കാട്ടിമൂല, ആണ്ടൂർ, വേങ്ങപ്പള്ളി, കാട്ടിക്കുളം, മണൽവയൽ എന്നിവിടങ്ങളിലാണ് സെമിനാർ നടത്തിയത്.

**ലീഡേഴ്സ് മീറ്റിംഗ്**

കർഷകഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഫെയർട്രേഡ് മറ്റ് സർട്ടിഫിക്കേഷനുകൾ എന്നിവയുടെ വിവരങ്ങൾ കർഷകരിൽ എത്തിക്കുന്നതിനും സംഘടനയുടെ വിവിധ പ്രവർത്തനങ്ങൾ കർഷകരിൽ എത്തിക്കുന്നതിനും ഉല്പ്പന്നങ്ങളുടെ ശേഖരണം സംബന്ധിച്ച വിവരങ്ങൾ എന്നിവ കൈമാറുന്നതിനുമായി ജില്ലയുടെ വിവിധ പഞ്ചായത്തുകളിൽ ലീഡേഴ്സ് മീറ്റിംഗ് നടത്തുകയുണ്ടായി. ഗ്രൂപ്പ് മീറ്റിംഗുകൾ കൃത്യമായി നടത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ലീഡർമാരുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ചും യോഗത്തിൽ ചർച്ച ചെയ്തു. ഫെയർട്രേഡ് ഓഡിറ്റുമായി ബന്ധപ്പെട്ട കർഷകർക്ക് ഫീൽഡ് കോർഡിനേറ്റർ ക്ലാസ്സുകൾ നൽകുകയും കർഷക ഗ്രൂപ്പുകളും കാർഷിക മേഘലയും അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും യോഗത്തിൽ ചർച്ചകൾ നടത്തുകയുണ്ടായി.

**RFA-Audit**

റെയിൻ ഫോറസ്റ്റ് അലയൻസ് സർട്ടിഫിക്കേഷന്റെ ഭാഗമായി വാർഷിക പരിശോധന വിവിധ കർഷകഗ്രൂപ്പുകളിൽ നടത്തുകയുണ്ടായി, റെയിൻ ഫോറസ്റ്റ് അലയൻസ് സർട്ടിഫിക്കേഷനിൽ ഉൾപ്പെട്ട 1813 കർഷകരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കർഷകരുടെ ഫാമുകളിൽ ഓഡിറ്റ് സംഘം പരിശോധന നടത്തി. ജൈവവൈവിധ്യ പരിശീലനവും സുസ്ഥിരമായ ഉപജീവനമാർഗ്ഗവും എന്ന മുദ്രാവാക്യത്തിലൂന്നി പ്രവർത്തിക്കുന്ന സംഘടനയായ റെയിൻ ഫോറസ്റ്റ് അലയൻസിലൂടെ മികച്ച വരുമാനം ഉറപ്പുവരുത്താൻ സർട്ടിഫിക്കേഷൻ സ്റ്റാൻഡേർഡ് അനുസരിച്ച് കൃഷി ചെയ്യുന്ന കർഷകർക്ക് സാധിക്കുന്നു.

**UTZ-Audit**

UTZ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന്റെ ആദ്യപടിയായുള്ള ഓഡിറ്റിനും മാർച്ച് മാസം സാക്ഷിയായി. UTZ രജിസ്ട്രേഷനിൽ വന്നിട്ടുള്ള 1830 കർഷകരിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട കർഷകരുടെ കൃഷിയിടങ്ങളിൽ ഓഡിറ്റുമായി ബന്ധപ്പെട്ട പരിശോധനകൾ നടത്തുകയുണ്ടായി.

**ഫേയർട്രേഡ്**

**വോഫ**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവ,ഫെയർട്രേഡ് കർഷക സംഘടയായ WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർട്രേഡ് അസോസിയേഷൻ 2018 മാർച്ച് മാസത്തിൽ കർഷകരുടെ തീരുമാനപ്രകാരമെടുത്ത പദ്ധതികളും പ്രവർത്തനങ്ങളുമായി മുന്നേറുന്നു.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

2018 മാർച്ച് മാസം 27-ാം തീയതി ബയോവിൻ ഓഡിറ്റോറിയത്തിൽ ചേർന്ന വോഫ എക്സിക്യൂട്ടീവ് യോഗത്തിന് വോഫ, ചെയർമാൻ അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ അദ്ധ്യക്ഷത വഹിച്ചു.

**തീരുമാനങ്ങൾ**

1. ഇഞ്ചി സംഭരിക്കാൻ 16500/8250 ടെസ്റ്റ് ചാർജ്ജ് അടച്ച കർഷ കർക്ക് 50 ചാക്ക്, 20 ചാക്ക് നിരക്കിൽ സംഘടനയ്ക്ക് നൽകാൻ രേഖാ മൂലം കർഷകരെ അറിയിക്കാൻ തീരുമാനിച്ചു.

2. ഇഞ്ചി തരാൻ താൽപര്യമില്ലാത്ത കർഷകർക്ക് ടെസ്റ്റ് ചാർജ്ജായി അടച്ച തുക തിരികെ നൽകുന്നതിന് തീരുമാനിച്ചു. തുക തിരികെ നൽകുന്ന കർഷകരിൽ നിന്നും ഇഞ്ചി സംഭരിക്കുന്നതല്ല.

3. കർഷകരിൽ നിന്നും കുരുമുളക് സംഭരിക്കുന്നതിനുള്ള മാർഗ്ഗരേഖ ചർച്ച ചെയ്ത് തയ്യാറാക്കി. മാർഗ്ഗരേഖ കുരുമുളക് തരാൻ താൽപര്യമുള്ള കർഷകർക്ക് രേഖാമൂലം നൽകാൻ തീരുമാനിച്ചു.

4. വോഫയുടെ നേഴ്സറിയിൽ ഉല്പ്പാദിപ്പിച്ച കുരുമുളക് തൈകൾ വിതരണം നടത്തുന്നതിന് തീരുമാനിച്ചു. 3 വള്ളികളുള്ള കൂടിന് 20 രൂപ നിരക്കിലും 2 വള്ളികളുള്ള കൂടിന് 15 രൂപ നിരക്കിലും വിതരണം ചെയ്യാൻ തീരുമാനിച്ചു.

5. യോഗത്തിൽ ഫെയർട്രേഡ് ഫൗണ്ടേഷൻ ബ്രിട്ടനിൽ വെച്ചു നട ത്തിയ "ഫെയർട്രേഡ് ഈവന്റ്" പ്രോഗ്രാമിൽ വോഫ ചെയർമാൻ അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ പങ്കെടുത്തതിനെ സംബന്ധിച്ച് യോഗ ത്തിൽ അറിയിക്കുകയും വിശദാംശങ്ങൾ വിവരിക്കുകയും ചെയ്തു.

6. 2018 മാർച്ച് മാസം 6 മുതൽ 9 വരെ തീയതികളിൽ ജപ്പാനിൽ വെച്ച് നടന്ന "Foodex" ട്രേഡ് ഫെയറിൽ വോഫ കോഡിനേറ്റർ ശ്രീ. വിനീഷ് വണ്ടന്നൂർ പങ്കെടുത്തത് യോഗത്തിൽ അറിയിച്ചു.

7. തുടർന്ന് 2017-18 സാമ്പത്തിക വർഷത്തിൽ ബജറ്റിനനുസൃതമായി നടപ്പിലാക്കിയ പ്രവർത്തന റിപ്പോർട്ട് യോഗത്തിൽ കോഡിനേറ്റർ ശ്രീ. വിനിഷ് വണ്ടന്നൂർ അവതരിപ്പിച്ചു.

ജലസേചനത്തിനായുള്ള സാമ്പത്തിക സഹായ വിതരണം 128 കർഷ കർക്ക് 10,000 രൂപ വീതം മാർച്ച് മാസത്തിൽ വിതരണം ചെയ്തു.

വോഫയിൽ പുതുതായി 57 കർഷകർക്ക് കൂടി മെമ്പർഷിപ്പ് നൽകി യത് യോഗത്തിൽ അറിയിച്ചു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉൽപ്പന്നങ്ങൾ മൂല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാ ക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ ജൂൺ മാസത്തിലും കാപ്പി, കുരുമുളക്, മഞ്ഞൾ, ഇഞ്ചി, തേങ്ങ, പൈനാപ്പിൾ, മാങ്ങ തുടങ്ങിയവ സംസ്കരിക്കുകയും മൂല്യവർദ്ധിത ഉൽപ്പ ന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യു കയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**അസിസ്റ്റന്റ് ഡയറക്ടർ ഫാ.ജോസ് കാവുങ്കലിന് ഊഷ്മളമായ യാത്രയയപ്പ്**

റേഡിയോ മാറ്റൊലി സാങ്കേതികവിഭാഗം അസിസ്റ്റന്റ് ഡയറക്ടർ ഫാ.ജോസ് കാവുങ്കലിന് യാത്രയയപ്പ് നല്കി. മാനന്തവാടി രൂപതാ വികാരി ജനറൽ ഫാ.അബ്രഹാം നെല്ലിക്കൽ യാത്രയയപ്പ് സമ്മേളനം ഉദ്ഘാടനം ചെയ്തു. നിശബ്ദസേവനത്തിന്റെ നേർസാക്ഷ്യവും സാങ്കേതിക പരിജ്ഞാനത്തിന്റെ പാഠപുസ്തകവുമായിരുന്നു ജോസച്ചൻ എന്ന് ജനറാളച്ചൻ അഭിപ്രായപ്പെട്ടു. എട്ട് വർഷത്തെ സേവനത്തിന് ശേഷമാണ് ഫാ.ജോസ് കാവുങ്കൽ വിരമിക്കുന്നത്. മാനന്തവാടി രൂപതാ സാമൂഹ്യസേവന സംരംഭങ്ങളുടെ കോർഡിനേറ്റർ ഫാ.പോൾ കൂട്ടാല അദ്ധ്യക്ഷത വഹിച്ചു. റേഡിയോ മാറ്റൊലി സ്ഥാപക ഡയറക്ടർ ഡോ.ഫാ.തോമസ് ജോസഫ് തേരകം, WSSS ഡയറക്ടർ ഫാ.ബിജോ കറുകപ്പള്ളിൽ, മുൻ മാനേജ്മെന്റ് കമ്മിറ്റിയംഗം ശ്രീ. ജോസ് സെബാസ്റ്റ്യൻ, മീഡിയ കമ്മീഷൻ ഡയറക്ടർ ഫാ.ജെയ്സ് ബേബി ചെട്ടിയാശ്ശേരി, മാനേജ്മെന്റ് കമ്മിറ്റി മുൻഅംഗം മംഗലശ്ശേരി മാധവൻ മാസ്റ്റർ, മാറ്റൊലിക്കൂട്ടം പ്രസിഡന്റ് ശ്രീ. ഷാജൻ ജോസ്, സീനിയർ എക്സ്പേർട്ട് വോളന്റീയർ സി.പെറ്റി തെരസ് എസ്.എ.ബി.എസ്, സി.ജുസെ എഫ്.സി.സി., പ്രോഗ്രാം പ്രൊഡ്യൂസർ ലിതിൻ മാത്യു എന്നിവർ ആശംസകളർപ്പിച്ചു. രൂപതാ ചാൻസലർ ഫാ.സജി നെടുങ്കല്ലേൽ മെമന്റോയും പ്രൊക്യുറേറ്റർ ഫാ.ജിൽസൺ കോക്കണ്ടത്തിൽ ഉപഹാരവും സമർപ്പിച്ചു. സ്റ്റേഷൻ ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ പുത്തേൻ സ്വാഗതവും അസിസ്റ്റന്റ് ഡയറക്ടർ ഫാ.മനോജ് കാക്കോനാൽ നന്ദിയും അർപ്പിച്ചു. WSSS, ബയോവിൻ, പാസ്റ്ററൽ സെന്റർ എന്നിവിടങ്ങളിലെ വൈദികർ, റേഡിയോ മാറ്റൊലി മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾ, സന്നദ്ധപ്രവർത്തകർ, സ്റ്റാഫ്, ഇന്റേൺസ് എന്നിവരടക്കം 75 ഓളം പേർ സമ്മേളനത്തിൽ പങ്കെടുത്തു. ഫാ. മനോജ് കാക്കോനാൽ, ഷാജു പി. ജെയിംസ്, റെനീഷ് ആര്യപ്പിള്ളി എന്നിവരുടെ നേതൃത്വത്തിലാണ് പരിപാടികൾ ക്രമീകരിച്ചത്. സാമൂഹിക റേഡിയോയുടെ സ്വത്വവും സാംഗത്യവും സാധ്യതകളും സർവ്വാത്മനാ ഉൾകൊണ്ട് എട്ട് പൂർണ്ണ വർഷങ്ങളിൽ മാറ്റൊലിയെ നന്മയുടെയും ഒരുമയുടെയും മാധ്യമ മുന്നേറ്റമായി നയിക്കുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ച ഞങ്ങളുടെ പ്രിയപ്പെട്ട സന്തോഷച്ചന് സഹകാരികളുടെയും ശ്രോതാക്കളുടെയും സഹപ്രവർത്തകരുടെയും സാരഥികൾ സർവ്വരുടെയും പേരിൽ മാറ്റൊലി കുടുംബം ഒന്നുചേർന്ന് ഹൃദയപൂർവ്വകമായ നന്ദി അർപ്പിക്കുന്നു. തുടർജീവിതപാതയിൽ പ്രാർത്ഥനാപൂർവ്വം സർവ്വ ഐശ്വര്യങ്ങളും നേരുന്നു.

**ആദരാഞ്ജലികൾ - ശ്രീ. എം.പി. ജോസഫ് മാസ്റ്റർ**

റേഡിയോ മാറ്റൊലിയിലെ സീനിയർ വോളന്റീയർ എം.പി.ജോസഫ്

മാസ്റ്റർ ഏപ്രിൽ 04 ന് നിര്യാതനായി. മാറ്റൊലിയുടെ സമാരംഭം മുതൽ സന്നദ്ധപ്രവർത്തകനായി ജനസേവനം നടത്തി വരികയായിരുന്നു എം.പി. ജോസഫ് മാസ്റ്റർ. മുപ്പത്തിനാലു വർഷത്തെ അദ്ധ്യാപന ജീവിതത്തിനും മതാദ്ധ്യാപക ശുശ്രൂഷയ്ക്കും ശേഷമാണ് മാറ്റൊലിയോടൊപ്പം അദ്ദേഹം സഞ്ചരിച്ചു തുടങ്ങുന്നത്. നല്ലൊരു ഗായകനും മനുഷ്യസ്നേഹിയും കൂടിയായിരുന്നു ജോസഫ് മാഷ്. ഞാറ്റുവേല, ചായക്കട, പാനൽ ചർച്ച, പത്രശബ്ദം, കവിയും കാവ്യവും, സദ്ചിന്തനം എന്നീ പരിപാടികൾ ജോസഫ് മാഷ് തയ്യാറാക്കി അവതരിപ്പിച്ചിരുന്നു. നന്മയുടെ പൂക്കൾ വിരിയിച്ച് അവയുടെ സൗരഭ്യം വിതറിയാണ് എം.പി.ജോസഫ് എന്ന വലിയ മനുഷ്യൻ കടന്നു പോകുന്നത്. സ്നേഹിക്കാൻ മാത്രം അറിയുന്ന എം.പി.സാർ കടലോളം സ്നേഹവും കരുതലും മാറ്റൊലിയ്ക്കായി നൽകി വിടപറഞ്ഞിരിക്കുന്നു. നെഞ്ചോട്ചേർത്ത് നിർത്തിയ ഓരോനിമിഷവും ഞങ്ങൾക്ക് വിലപ്പെട്ടതാണ്. അങ്ങ് തുടങ്ങി വെച്ച ഓരോ സംരംഭവും അവയുടെ പൂർണ്ണതയിലെത്തിക്കുവാൻ അങ്ങയുടെ വാക്കുകളും പ്രവൃത്തികളും ഞങ്ങൾക്ക് പ്രചോദനമാകട്ടെ. പ്രിയ എം.പി.സാറിന് മാറ്റൊലി കുടുംബത്തിന്റെ അശ്രുപൂജ.

**ശ്രീ. ബേബി മൊടൂർ മക്കിയാട്**

റേഡിയോ മാറ്റൊലിയുടെ ആരംഭം മുതലുള്ള ശ്രോതാവും സഹകാരിയും മാറ്റൊലിക്കൂട്ടം കേന്ദ്രസമിതി അംഗവും ആയിരുന്ന മക്കിയാട് മൊടൂർ ബേബി മാർച്ച് 24 ന് നിര്യാതനായി. റേഡിയോ മാറ്റൊലി കുടുംബത്തിന്റെ ആദരാഞ്ജലികൾ!

**യാത്രയയപ്പ് - ക്രിസ്റ്റീന മത്തായി**

റേഡിയോ മാറ്റൊലിയിൽ ഒരു വർഷക്കാലം വോളണ്ടിയറായും തുടർന്ന് ഒരുവർഷം പ്രോഗ്രാം പ്രൊഡ്യൂസറുമായി സേവനം ചെയ്തുവന്ന കുമാരി ക്രിസ്റ്റീന മത്തായിക്ക് റേഡിയോ മാറ്റൊലി ടീം യാത്രയയപ്പ് നല്കി. 2018 ഏപ്രിൽ 14 ന് റേഡിയോ മാറ്റൊലി കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ സ്റ്റേഷൻ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുത്തേൻ ആശംസകളർപ്പിച്ച് ക്രിസ്റ്റീനയുടെ സേവനങ്ങൾ വിലമതിച്ച് സംസാരിക്കുകയും എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് നല്കുകയും ചെയ്തു. ഫാ. മനോജ് കാക്കോനാൽ വൊളണ്ടിയർ സർട്ടിഫിക്കറ്റ് നല്കി. ഫാ. ജസ്റ്റിൻ മാത്യു അനുമോദനങ്ങൾ അർപ്പിച്ച് സംസാരിക്കുകയും മാറ്റൊലിയുടെ സ്നേഹോപഹാരം സമർപ്പിക്കുകയും ചെയ്തു. മാനേജ്മെന്റ് കമ്മിറ്റി അംഗവും എക്സ്പെർട്ട് വോളണ്ടിയറുമായ ശ്രീ. കെ.കെ ചന്ദ്രശേഖരൻ, എക്സ്പെർട്ട് വോളണ്ടിയർ സിസ്റ്റർ ജുസ്സെ എഫ്.സി.സി, പ്രോഗ്രാം പ്രൊഡ്യൂസർ നിഖിൽ അബ്രാഹം, വൊളണ്ടിയർസ് ആയ റസിയ മുട്ടിൽ, രാഗിൻ റോസ് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ക്രിസ്റ്റീന മത്തായി മറുപടി പ്രസംഗം പറഞ്ഞു. ക്രിസ്റ്റീനയ്ക്ക് മാറ്റൊലി കുടുംബം മുഴുവന്റേയും നന്ദിയും കടപ്പാടും അറിയിക്കുന്നു.

**പങ്കാളിത്തം**

എടവക ഗ്രാമപഞ്ചായത്ത് നാടൻ വിത്തും നാട്ടറിവും നാടിന്റെ നന്മയ്ക്ക് എന്നപേരിൽ ദ്വാരക ഗുരുകുലം കോളേജിൽ സംഘടിപ്പിച്ച വിത്തുത്സവത്തിൽ സ്റ്റേഷൻ ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ പുത്തേൻ പങ്കെടു

ത്തു. സമാപന സമ്മേളനത്തിൽ അസി. ഡയറക്ടർ ഫാ. മനോജ് കാക്കോനാൽ പങ്കെടുത്ത് ആശംസകളർപ്പിച്ച് സംസാരിച്ചു. കേരളാ അക്കാദമി ഓഫ് എൻജിനീയറിംഗ് സംഘടിപ്പിച്ച മാധ്യമ പ്രവർത്തകരെ ആദരിക്കുന്ന ചടങ്ങിൽ സ്റ്റേഷൻ ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ പുത്തേൻ, അസി. ഡയറക്ടർ ഫാ. മനോജ് കാക്കോനാൽ എന്നിവർ പങ്കെടുത്ത് മെമന്റോ നല്കി.

**വാരാചരണങ്ങൾ**

**നാടക വാരാചരണം**

മാർച്ച് 27 ന് അന്തർദേശീയ നാടകദിനത്തോടനുബന്ധിച്ച് നാടക വാരാചരണം സംഘടിപ്പിച്ചു. ഇടംതേടുന്നവർ, സൈഡ് ഇഫക്ട്സ്, നാടൻ നഗരകളികൾ, ദുരന്തത്തിന്റെ കണ്ണീർപൂക്കൾ, ക്രിസ്തു ഭാഗവതം, മഞ്ഞയിൽ ചുവപ്പുപുള്ളിക്കുട, ചിന്നാമണിമാർ ഉണരുമ്പോൾ എന്നീ നാടകങ്ങൾ പ്രക്ഷേപണം ചെയ്തു.

**ആരോഗ്യവാരാചരണം**

ഏപ്രിൽ 07 മുതൽ 13 വരെ ആരോഗ്യ വാരാചരണം സംഘടി പ്പിച്ചു. തത്സമയ ഫോൺ ഇൻ പരിപാടി, നേരുംപൊരുളും, ആരോഗ്യ സന്ദേശങ്ങൾ, അഭിമുഖങ്ങൾ, മനസൗഖ്യ എന്നിവ പ്രക്ഷേപണം ചെയ്തു.

**തുടർസാക്ഷരതാ പരിപാടി**

റേഡിയോ മാറ്റൊലിയും ജില്ലാ സാക്ഷരതാമിഷനും സംയുക്ത മായി നടപ്പിലാക്കുന്ന തുടർസാക്ഷരതാ പരിപാടി പ്രക്ഷേപണം ചെയ്തു. ജില്ലാ കോർഡിനേറ്റർ സി.കെ പ്രദീപ്കുമാർ പരിപാടി ഉദ്ഘാടനം ചെയ്തു.

**അനുമോദനങ്ങൾ**

മാറ്റൊലി പ്രോഗ്രാം പ്രൊഡ്യൂസർ നിഖിൽ അബ്രാഹം സോഫിയാ ടൈംസിൽ മാറ്റത്തിന്റെ മാറ്റൊലി എന്നപേരിൽ മികച്ച ലേഖനം രചിച്ചു. നിഖിലിന് അനുമോദനങ്ങൾ!

**ഇടംതേടുന്നവർ**

സ്വരവേദി പത്മശ്രീ തിലകൻ മെമ്മോറിയൽ ഇന്റർനാഷണൽ മലയാള റേഡിയോ നാടക ഫെസ്റ്റിവെൽ 2018 ലേക്ക് ശ്രീ.ഷാജുപി. ജെയിംസ് രചനയും സംവിധാനവും നിർവ്വഹിച്ച് മാറ്റൊലി ക്രിയേഷൻസ് അവതരിപ്പിച്ച നാടകം  ഇടംതേടുന്നവർ തെരഞ്ഞെടുക്കപ്പെട്ടു. നൂറോളം നാടകങ്ങളിൽ നിന്നും തെരഞ്ഞടുക്കപ്പെട്ട 20 നാടകങ്ങളിൽ പ്രസ്തുത നാടകം 8-ാമത് ഇടം നേടി. ഏപ്രിൽ 2 ന് ആകാശവാണി തിരുവനന്തപുരം നിലയവും ഏപ്രിൽ 04 ന് ഇന്റർനാഷണൽ ലെവലിൽ റേഡിയോ ഗ്രാമവും ഈ നാടകം പ്രക്ഷേപണം ചെയ്തു. ശ്രീ.ഷാജു പി. ജെയിംസിനും മാറ്റൊലി ടീം അംഗങ്ങൾക്കും അനുമോദനങ്ങൾ!

**പ്രാർത്ഥനാപൂർവ്വം വിവാഹ മംഗളങ്ങൾ**

മെയ് 7 ന് വിവാഹിതനാകുന്ന നിഖിൽ അബ്രാഹമിനും മെയ് 14 ന് വിവാഹിതനാകുന്ന ലിതിൻ മാത്യുവിനും മാറ്റൊലി കുടുംബം ഒന്നുചേർന്ന് പ്രാർത്ഥനാപൂർവ്വം മംഗളാശംസകൾ നേരുന്നു.

**ഇന്റേൺഷിപ്പ് - അരുവിത്തുറ സെന്റ് ജോർജ്ജ് കോളേജ്**

അരുവിത്തുറ സെന്റ് ജോർജ്ജ് കോളേജിലെ B.A Mass communication ഒന്നാംവർഷം പഠിക്കുന്ന 7 വിദ്യാർത്ഥികൾ ഒരു മാസത്തെ ഇന്റേൺഷിപ്പ് മാറ്റൊലിയിൽ ആരംഭിച്ചു.

**കാലിക്കറ്റ് യൂണിവേഴ്സിറ്റി**

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ M.A Mass communication ഒന്നാംവർഷ 2-ാം സെമസ്റ്റർ വിദ്യാർത്ഥികൾ 2 ആഴ്ചത്തെ ഇന്റേൺ ഷിപ്പ് മാറ്റൊലിയിൽ ആരംഭിച്ചു.

**റേഡിയോ പ്രക്ഷേപണങ്ങളിലൂടെ**

**തത്സമയ ഫോൺ ഇൻ:** മാനന്തവാടി സബ്ഡിവിഷൻ ഇൻസ്പെക്ടർ പോസ്റ്റ്സ് ശ്രീ.എം. വിനോദുമായി തത്സമയ ഫോൺഇൻ പരിപാടി സംഘടിപ്പിച്ചു.

ആരോഗ്യ വാരാചരണത്തോടനുബന്ധിച്ച് ജീവിതശൈലി രോഗങ്ങളെക്കുറിച്ച് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. അഞ്ചുകുന്ന് ഹോമിയോ ആശുപത്രിയിലെ സി.എം.ഓ & പ്രൊജക്ട് ഓഫീസർ ഡോ.എം. പ്രേമചന്ദ്രൻ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

**സർവോദയസദസ്സ്:** കണിയാമ്പറ്റ, പൂതാടി, മുള്ളൻകൊല്ലി പഞ്ചായത്തുകളെയാണ് സർവ്വോദയ സദസ്സിൽ പരിചയപ്പെടുത്തിയത്.

**നേരും പൊരുളും:** ക്രമാതീതമായി ഉയരുന്ന താപനില, അപകടം വിതയ്ക്കുന്ന ഫ്ളക്സ് സംസ്കാരം, കാട് കത്തിയമരുമ്പോൾ നഷ്ടമാകുന്ന ജൈവ- മനുഷ്യസമ്പത്ത്, മാർച്ച് 15-ഉപഭോക്തൃദിനം, പെൺകുട്ടികൾക്കിടയിലെ ഉയരുന്ന ആത്മഹത്യനിരക്ക്, പാരമ്പര്യേതര ഊർജം, കാലാവസ്ഥാ വ്യതിയാനം, കേരളത്തിൽ അവയവദാനം കുറയുന്നു, വടക്കനാട് സമരം, ജലദിനം, ചക്ക സംസ്ഥാന ഫലം, ക്ഷയരോഗദിനാചരണവും പ്രാധാന്യവും, അവധിക്കാലം ശ്രദ്ധയോടെ, നിഘണ്ടുകൾ, മലിന ഭക്ഷ്യവസ്തുക്കൾ വിപണിയിൽ എത്തപ്പെടരുത്, കേരളത്തിലെ സർവ്വകലാശാലകളിൽ ഡിസ്റ്റന്റ്സ് എജ്യുക്കേഷൻ ഇനി സാധ്യമല്ല, അധ്യാപക വിദ്യാർത്ഥിബന്ധം എന്നീവിഷയങ്ങളാണ് നേരുംപൊരുളും ചർച്ച ചെയ്തത്.

**മനസൗഖ്യ:** പുകവലിയുടെ ദോഷങ്ങളേയും അതിൽ നിന്ന് മോചനം നേടേണ്ട മാർഗ്ഗങ്ങളേയും കുറിച്ച് ചെന്ദലോട് ലൂയിസ് മൗണ്ട് മാനസികാരോഗ്യ കേന്ദ്രത്തിലെ സൈക്ക്യാട്രിക് സോഷ്യൽ വർക്കറായ ബിജു ജോസും പരീക്ഷ എഴുതുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് സു.ബത്തേരി സെന്റ് മേരീസ് ക്ലിനിക്കിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് സി.ലില്ലി SABS ഉം ലഹരിയിൽ നിന്നും മോചനം എന്ന വിഷയത്തിൽ കോട്ടയം ട്രാഡ സെന്ററിലെ ഫാക്കൽറ്റി ശ്രീ. സിജി ആന്റണിയും വിവരങ്ങൾ പങ്കുവെച്ചു.

**അരങ്ങ്:** മെൽവിൻ കല്ലോടി, ദേവാംഗന കെ അഞ്ചുകുന്ന്, ആഷ്ലി കുര്യാക്കോസ് കല്ലോടി, ജിൻസി ജിബിൻ, ഫഹദ്, ഡോ.അഞ്ജന എന്നിവർ ആലപിച്ച ചലചിത്രഗാനങ്ങളും പ്രേമരാജൻ ചീക്കല്ലൂരിന്റെ കവിതയും, അനീറ്റ ജോസഫ്, അനീറ്റ് മരിയ, ഐശ്വര്യ മുരളി, കൃഷ്ണ ഗായത്രി എന്നിവർ ആലപിച്ച നാടൻപാട്ടും പ്രക്ഷേപണം ചെയ്തു.

**ധന്യമീ ജീവിതം:** മംഗലശ്ശേരി നാരായണൻ, പടിഞ്ഞാറത്തറ സ്വദേശി രാമൻകുട്ടി എന്നിവരുടെ അനുഭവങ്ങൾ പങ്കുവെച്ചു.

**പ്രത്യേക പരിപാടികൾ:** പുരസ്കാര നിറവിൽ ഇന്ദ്രൻസ്, ലോക കാഴ്ചദിനത്തോട് ജില്ലയിൽ ബ്ലൈന്റ് വാക്ക് സംഘടിപ്പിച്ച പ്രോജക്ട് വിഷന്റെ ഡയറക്ടറായ ഫാ.ജോർജ്ജ് കണ്ണന്താനവുമായുള്ള അഭിമുഖം,

വനിതാദിനത്തോടനുബന്ധിച്ച് കല്പറ്റ പ്രസ് ക്ലബ് സെക്രട്ടറി പി.യു. ശ്രീജയുമായുള്ള പ്രത്യക അഭിമുഖം, മാനന്തവാടി സബ് ഡിവിഷൻ ഇൻസ്പെക്ടർ പോസ്റ്റ്സ് ശ്രീ. എം വിനോദുമായി പോസ്റ്റൽ സേവന ങ്ങളെകുറിച്ചുള്ള പ്രത്യേക പരിപാടി, റേഡിയോ മാറ്റൊലി സാങ്കേതിക വിഭാഗം അസിസ്റ്റന്റ് ഡയറക്ടർ ഫാ.ജോസ് കാവുങ്കലിനേക്കുറിച്ചുള്ള പ്രത്യേക പരിപാടി, മാനന്തവാടി ലളിതകലാ അക്കാദമിയിൽ നടത്തിയ വാത്മീകം എന്ന നിസാർ മാനന്തവാടിയുടെ ചിത്ര പ്രദർശനത്തേക്കുറിച്ചുള്ള പരിപാടി, വിഷുവിനോടനുബന്ധിച്ച് പ്രത്യേക പരിപാടി എന്നിവ പ്രക്ഷേ പണം ചെയ്തു.

**ജീവിത വളയം:** മാനന്തവാടി ജില്ലാ ആശുപത്രിയോട് ചേർന്ന് ആംബുലൻസ് ഓടിക്കുന്ന അബ്ദുൾ ജലീൽ, മേപ്പാടി പഞ്ചായത്ത് ഡ്രൈവ റായ അബ്ദുൾ അസീസ്, പിക്കപ്പ് ഡ്രൈവറായി പ്രവർത്തിക്കുന്ന ജോബി മാനന്തവാടി, മാനന്തവാടിയിൽ ഗുഡ്സ് ഓട്ടോ ഡ്രൈവറായ പി.ജെ ജോർജ്, ടി.ജെ ജോസ് എന്നിവരുടെ അനുഭവങ്ങൾ പങ്കുവെച്ചു.

**ഓവർഡ്രൈവ്:** അപ്പാച്ചി ആർ.കെ.ആർ 160, ആക്ടിവ 5ജി, എന്നീ വാഹ നങ്ങളെ പരിചയപ്പെടുത്തി. ന്യൂയോർക്ക് ഓട്ടോ ഷോകാർ അവാർഡിന്റെ വിവരങ്ങളും ഓവർഡ്രൈവ് പങ്കുവെച്ചു.

**ടെക്നോമാറ്റൊലി:** നോക്കിയ 1, വിവോ വി 9, ഹോണർ 9 ലൈറ്റ്, എന്നീ ഫോണുകളെ പരിചയപ്പെടുത്തി.

**പ്രതിഭയും അതിഥിയും:** ദേശീയ ചലചിത്ര പുരസ്കാര ജേതാവ് അനീ സ്.കെ മാപ്പിളയുമായുള്ള അഭിമുഖം പുനപ്രക്ഷേപണം ചെയ്തു.

**ജാലകം:** അന്താരാഷ്ട്ര വനിതാദിനത്തോട് അനുബന്ധിച്ച് സാമൂഹിക വകുപ്പ് സംഘടിപ്പിച്ച സ്ത്രീസുരക്ഷയും നിയമപരിരക്ഷയും പരിപാടിയുടെ ജില്ലാതല ഉദ്ഘാടനത്തിന്റെ റേഡിയോ റിപ്പോർട്ട്, ഓർക്കിഡ് ഫെസ്റ്റിവലി നേക്കുറിച്ചുള്ള പ്രത്യേക പരിപാടി, ബത്തേരിയിൽ വെച്ച് നടത്തിയ വയ നാട് ആത്മടെക്നോളജി മീറ്റ് റേഡിയോ റിപ്പോർട്ട്, എടവക ഗ്രാമപഞ്ചാ യത്ത് നാടൻ വിത്തും നാട്ടറിവും നാടിന്റെ നന്മയ്ക്ക് എന്ന പേരിൽ ദ്വാരക ഗുരുകുലം കോളേജിൽ സംഘടിപ്പിച്ച വിത്തുത്സവത്തിന്റെ റേഡിയോ റിപ്പോർട്ട്, പുല്പള്ളിയെ സമ്പൂർണ ഭക്ഷ്യസുരക്ഷാ പഞ്ചായത്തായി പ്രഖ്യാ പിച്ചതിന്റെ റേഡിയോ റിപ്പോർട്ട് എന്നിവ പ്രത്യേക പരിപാടികളായി പ്രക്ഷേ പണം ചെയ്തു.

**ക്ഷീരവാണി:** ദീപ്തിഗിരി ക്ഷീരോല്പാദക യൂണിറ്റിൽ വെച്ച് നട ത്തിയ മിൽമയുടെ മലബാർ മേഖലായൂണിയൻ സഹകരണ വികസനക്യാ മ്പിൽ ചെയർമാൻ ശ്രീ. പി.ടി ഗോപാലകുറുപ്പ് നടത്തിയ ക്ലാസിന്റെ പ്രസക്ത ഭാഗങ്ങളും പശുക്കൾക്ക് അസുഖങ്ങളുണ്ടാകാതി രിക്കാനുള്ള മുൻ കരുത ലുകളെകുറിച്ച് ഡോ. പ്രശാന്ത് നയിച്ച ക്ളാസ്സും, ചുണ്ടക്കര സ്വദേശി ലോന പ്പന്റെ അനുഭവങ്ങളും ക്ഷീരവാണി പങ്കുവെച്ചു,

**വയൽനാട്:** ഫലവർഗ്ഗ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി പാഷൻ ഫ്രൂട്ട് കൃഷിയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതിന് സംഘടിപ്പിച്ച പാഷൻ ഫ്രൂട്ട് ബോധവത്കരണ പരിപാടിയിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങളാണ് വയൽനാട് പരിപാടിയിൽ ഉൾപ്പെടുത്തിയത്. തക്കാളി യുടെ ശാസ്ത്രീയമായ കൃഷിരീ തികളെക്കുറിച്ചും വെള്ളരിക്കയുടേയും മുരിങ്ങയുടേയും പ്രാധാന്യത്തേകു റിച്ചുള്ള വിവരങ്ങളും പങ്കുവെച്ചു.

**ക്ലബ്ബ് ടൈം:** ദ്വാരക എ.യു.പി.സ്കൂളിൽ നിന്ന് വിരമിക്കുന്ന ശ്രീ. ഷാജി വർഗീസ്, സിസ്റ്റർ.മേരി കെ.മാത്യു, ശ്രീ ജോസഫ് പി.ഡി, പുൽപ്പള്ളി സെന്റ് ജോർജ് എ.യു.പി.സ്കൂളിലെ ശ്രീമതി ഷൈനി, ചുണ്ടേൽ ആർ.സി. ഹയർസെക്കന്ററി സ്കൂളിലെ ശ്രീ.ജോൺസൺ ജോസഫ്, ബത്തേരി അസംപ്ഷൻ എ.യു.പി.സ്കൂളിലെ ശ്രീമതി സെലി, ശ്രീമതി ലാലി, പയ്യം പള്ളി സെന്റ് കാതറിൻ സ്കൂൾ അധ്യാപകരായ ശ്രീമതി ഓമന, ശ്രീമതി എൽസമ്മ, ശ്രീമതി ടെസ്സി, ശ്രീ ഫിലിപ്പ് ജോസഫ്, ചെന്ന ലോട് ജി.യു. പി സ്കൂൾ അധ്യാപകരായ ശ്രീമതി സിൽവിയ, ശ്രീമതി ഏലിക്കുട്ടി, ശ്രീമതി സെലിൻ, മാനന്തവാടി ജി.യു.പി സ്കൂളിലെ ശ്രീമതി ഡെയ്സി, ശ്രീമതി ഗീത മാനന്തവാടി ജി. എച്ച്. എസ്.എസിലെ ശ്രീ. ജോൺ മാത്യു, കമ്പള ക്കാട് ജി.യു.പി. സ്കൂളിലെ ശ്രീ. മുഹമ്മദ്, തരിയോട് ജി.യു.പി. എസിലെ ശ്രീ. മുസ്തഫ എന്നിവ രുടെ അധ്യാപന അനുഭവങ്ങളാണ്
പങ്കുവെച്ചത്.

**പ്രകാശഗോപുരങ്ങൾ :** അപകടത്തിൽപെട്ട് ചികിൽസയിൽ കഴിയുന്ന ബത്തേരി സ്വദേശി രഞ്ജിത്തിന്റെ ചികിൽസാർത്ഥം 26 ബസുകളുടെ ഒരു ദിവസത്തെ കളക്ഷൻ നല്കിയതിനെ കുറിച്ചാണ് പ്രകാശ ഗോപു രങ്ങളി ലൂടെ ശ്രോതാക്കൾക്ക് പരിചയപ്പെടുത്തിയത്.

**കുടുംബവേദി:** ശീലങ്ങൾ ജീവിതശിലകൾ, കടക്കെണിക്കെതിരെ ജാഗ്രത എന്നീ വിഷയങ്ങൾ കുടുംബവേദിചർച്ച ചെയ്തു.

**മയിൽപ്പീലി:** അഞ്ചുകുന്ന് മാങ്കാണി അംഗൺവാടിയിലെ കുട്ടികളുടെ കലാപരിപാടികളും. മാനന്തവാടിയിൽ വെച്ച് നടന്ന നഴ്സറി കലോത്സവ പ്രോഗ്രാമുകളും മയിൽപ്പീലിയിൽ പ്രക്ഷേപണം ചെയ്തു.

**സ്മരണാഞ്ജലി:** സ്റ്റീഫൻ ഹോക്കിംഗ്, ദേവരാജൻ മാസ്റ്റർ, എം.സുകുമാരൻ, ജോസ് പ്രകാശ്, സുകുമാരി, എം.പി.ജോസഫ് മാസ്റ്റർ, ഡോ. വി.ആർ അംബേദ്കർ, തകഴി ശിവശങ്കരപ്പിള്ള എന്നിവരെ അനുസ്മ രിച്ചു.

**ഹോമിയോകെയർ:** അഞ്ചുകുന്ന് ഹോമിയോ ഹോസ്പിറ്റലിലെ ഫിസിയോ തെറാപ്പി യൂണീറ്റിനെക്കുറിച്ച് ഡോ. അഭിലാഷ് പങ്കുവെച്ച വിവരങ്ങളാണ് ഹോമിയോ കെയറിലൂടെകേട്ടത്.

**ആയുർകെയർ:** ആർത്തവപൂർവ്വ അസ്വസ്ഥകളേയും പ്രതിവിധി കളേയുംകുറിച്ച് വാളാട് ദക്ഷ ആയുർവേദ ക്ലിനിക്കിലെ ഡോ. സന്ധ്യയും കൽപ്പറ്റ നിരാമയ ക്ലിനിക്കിലെ ഡോ.അഞ്ജനയും വിവരങ്ങൾ പങ്കുവെച്ചു. ഉദ്യോഗസ്ഥായ സ്ത്രീകൾക്ക് നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ എന്ന വിഷ യത്തിൽ എ.എം.ഐ വയനാട് ജില്ല കൺസോർഷ്യത്തിലെ ചെയർപേഴ്സൺ ഡോ. ഭവാനി നടത്തിയ പ്രഭാഷണം പ്രക്ഷേപണം ചെയ്തു.

**ആരോഗ്യവേദി:** പപ്പായയുടെ ഔഷധഗുണങ്ങൾ, പ്രകൃതിക്കിണങ്ങിയ ജീവിത രീതികൾ, ഓട്ടിസം എന്നിവ ആരോഗ്യവേദി ചർച്ച ചെയ്തു.

**ആപ്പ്സ്. കോം:** സ്മാർട്ട് ഫോൺ ആപ്ലിക്കേഷനുകളെ പരിചയപ്പെടുത്തുന്ന പരിപാടിയായ ആപ്സ്.കോം കാർഷിക വിവരസാങ്കേതിക വിദ്യ, ഭീം, വിക്കി ഹൗ എന്നീ ആപ്സ് പരിചയപ്പെടുത്തി.

**ഫാ. മനോജ് കാക്കോനാൽ**– അസി. ഡയറക്ടർ

# നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി

## Regional എക്സിക്യൂട്ടീവ്

NDS ന്റെ Regional എക്സിക്യൂട്ടീവ് ഉം ഇവാലുവേഷനും 16.04.2018-ന് അരുൾനിലയം യൂണിറ്റിൽവെച്ച് നടന്നു. ഡയറക്ടർ ഫാ.ബിനോയി കാശാംകുറ്റിയിൽ NDS ന്റെ ഭാവിപ്രവർത്തനങ്ങൾ അവതരിപ്പിച്ചു. 10 യൂണിറ്റുകളിൽ നിന്നും വന്ന ഭാരവാഹികൾ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു. മച്ചിക്കൊല്ലി, മൺവയൽ, വിമലഗിരി, ധർമ്മഗിരി യൂണിറ്റുകൾ കഴിഞ്ഞവർഷം കൊടുത്ത റിവോൾവിംഗ് ഫണ്ട് തിരികെ ഏൽപ്പിച്ചു. ഈ വർഷം റിവോൾവിംഗ് ഫണ്ട് മികച്ച പ്രവർത്തനങ്ങൾ കാഴ്ച്ചവെച്ച 4 പുതിയ യൂണിറ്റുകൾക്ക് നൽകാൻ തീരുമാനിച്ചു.

**ജൈവ തേയില സംഭരണം:-** NDSന്റയും ബയോവിന്റെയും നേതൃത്വത്തിൽ നീലഗിരിയിലെ ജൈവതേയില കർഷകരുടെ തേയിലചപ്പ് വാണിജ്യാടിസ്ഥാനത്തിൽ സംഭരിക്കുക, വിപണനം ചെയ്യുക എന്നീ വിഷയങ്ങൾ മീറ്റിംഗിൽ തേയിലകർഷകരുടെ പ്രതിനിധികൾ ചർച്ച ചെയ്യുകയും ജൈവ തേയിലകർഷകരെ NDS ന്റെ കീഴിൽ രജിസ്റ്റർ ചെയ്യാനും തീരുമാനിച്ചു.

**KAFFEE (റീജണൽ ഫെഡറേഷൻ കമ്മറ്റി) (RFC):-** നീലഗിരിയിലെ കഫെ ജൈവകർഷക പ്രതിനിധികൾക്കായ് പഞ്ചായത്ത് അടിസ്ഥാനത്തിൽ റീജണൽ ഫെഡറേഷൻ കമ്മറ്റി (RFC) മീറ്റിംഗ് നടത്തുകയും ഫെയർട്രേഡ്, കഫെ, ജൈവകൃഷി, കഫെയുടെ വാർഷിക ബജറ്റ്, കഫെയുടെ പ്രവർത്തനങ്ങൾ, കഫെയിൽനിന്നും അംഗങ്ങൾക്ക് നൽകിയ ആനുകൂല്യങ്ങൾ എന്നീ വിഷയങ്ങൾ അവതരിപ്പിക്കുകയും ചേരങ്കോട്, നെല്ലാക്കോട്ട, ഓവാലി, നെല്ല്യാളം എന്നീ പഞ്ചായത്ത് അംഗങ്ങളായ ഗ്രൂപ്പ് ലീഡേഴ്സ് പങ്കെടുക്കുകയും ചെയ്തു.

**ജൈവകൃഷിയിട സന്ദർശനം:-** നീലഗിരി ഡവലെപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ജൈവതേയില കൃഷി വ്യാപിപ്പിക്കുതിന്റെ ഭാഗമായി കർഷക പ്രതിനിധികളായ് തിരഞ്ഞെടുക്കപ്പെട്ട ശ്രീ. രാജൻ മൂഞ്ഞേലിൽ, ശ്രീ. ആന്റണി നടക്കൽ, RFO ശ്രീ. സുജേഷ് എന്നിവരുടെ നേതൃത്വത്തിൽ ഏഷ്യയിലെ ഏറ്റവും വലിയ Biodynamic കൃഷിയിടമായി POABSON ഗ്രൂപ്പിന്റെ സീതാർഗുണ്ട് എസ്റ്റേറ്റ് സന്ദർശിക്കുകയും, ബയോ ഡൈനാമിക് കൃഷിരീതി, ഉത്പ്പന്നങ്ങളുടെ മാർക്കറ്റിംഗ്, സർട്ടിഫിക്കേഷൻസ്, എന്നീ വിഷയങ്ങൾ തോട്ടംഉടമ ബഹു. ശ്രീ. മനു പോബ്സണുമായി ചർച്ച ചെയ്തു.

**Fair Trade Seminar:-** Fair Trade ഓഡിറ്റിനു മുന്നൊരുക്കമായി നെല്ലാക്കോട്ട്, ചേരംകോട്, ഓവാലി, നെല്ല്യാളം എന്നീ പഞ്ചായത്തു കളിലായി സെമിനാറുകൾ സംഘടിപ്പിക്കുകയും Fair Trade, Fair Trade Standards, Fair Trade Development plan, Fair trade premium, KAFFE, KAFFEE ഭരണഘടന, സംഘടനകളുടെ കഴിഞ്ഞകാല പ്രവർത്തനങ്ങൾ എന്നീ വിഷയങ്ങൾ RFO ശ്രീ. സുജേഷ് അവതരിപ്പിക്കുകയും ചെയ്തു. പ്രസ്തുത സെമിനാറുകളിൽ KAFFE അംഗങ്ങളായ ജൈവകർഷകർ പങ്കെടുത്തു.

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS Gudalur

**March-April 2018**

The academic activities came to an end with the onset of End-semester University examinations by the end of March 2018. There occurred a few more programmes prior to the closing of the academic year. The World Forestry Day was observed on 21st March in which the Deputy Conservator of Forests addressed the students and distributed certificates to the NCC Cadets who participated in a survey conducted to assess the success of the Tree Plantation programme of the Forest Department. The Department of Zoology arranged a Photo Exhibition with the help of Mr Francis Baby, an award winning photographer, to spread the message of water conservation on the World Water Day. The Radio Mango held a pace bowling trial as part of their initiative to discover prospective pace bowlers to be trained at MRF Pace Foundation. Mr Rahul John (II BSc Physics) got selected to the next phase. Our NSS Volunteers helped the organizers of Vitthulsavam held at Kartikulam with the conduct of the programme. Two of our students, Mr Mohammed Hussain V (III BSc Chemistry) and Ms Anju VB (III BSc Maths ), have qualified in the JAM Examination 2018.

**Principal**

**റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു**

മാനന്തവാടി രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി HSA, UPSA, LPSA എന്നീ വിഭാഗങ്ങളിലേക്ക് നിയമനങ്ങൾക്കായി അദ്ധ്യാപകരുടെ പുതിയ റാങ്ക്ലിസ്റ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി നടത്തിയ 4-ാം ഘട്ടമായ കമ്പ്യൂട്ടർ പരിജ്ഞാനം വിലയിരുത്തൽ 22-02-2018 മുതൽ 24-02-2018 വരെ കണിയാരം ഫാ.ജി.കെ. എം.എച്ച്. എസ്-ൽ വച്ചും, 5-ാം ഘട്ടമായ വിദ്യാലയ പ്രവർത്തന വിലയിരുത്തൽ 20022018 മുതൽ 28-02-2018 വരെ ദ്വാരക എ.യു.പി യിലും മാനന്തവാടി റ്റി.റ്റി.ഐ യിൽ വച്ചും നടത്തപ്പെട്ടു. ഇവയുടെ ഇൻവിജിലേറ്റേഴ്സായി പ്രവർത്തിച്ച വയനാട് ജില്ലാവിദ്യാഭ്യാസ ഓഫീസർ ശ്രീ. ബാബുരാജ് സാറിനും, വയനാട് ജില്ലാ എ.പി.ഒ. ശ്രീ. മനോജ് സാറിനും, ബത്തേരി ഉപജില്ലാ, ജില്ലാവിദ്യാഭ്യാസ ഓഫീസർ ശ്രീ. സൈതലവി സാറിനും, വൈത്തിരി ഉപജില്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർ ശ്രീ. രവീന്ദ്രൻ സാറിനും, ഡയറ്റ് ലക്ച്ചറർ ശ്രീ. സെബാസ്റ്റ്യൻ സാറിനും ബഹുമാന്യരായ എല്ലാ അദ്ധ്യാപകർക്കും, വയനാട് ജില്ലാ ഐ.ടി. സ്കൂൾ കോർഡിനേറ്റർ ശ്രീ. തോമസ് സാറിനും, ഇതിനായി സഹായസഹകരണങ്ങൾ ചെയ്തുതന്ന ഫാ.ജി.കെ.എം.എച്ച്. എസ്.എസ്. ഹെഡ്മാസ്റ്റർ ശ്രീ. പീറ്റർ കുരുവിള സാറിനും, റ്റി.റ്റി.ഐ. പ്രിൻസിപ്പൽ ശ്രീ. സണ്ണി. റ്റി.റ്റി സാറിനും, ദ്വാരക എ.യു.പി. എസ് ഹെഡ്മാസ്റ്റർ ശ്രീ. ഷാജി വർഗ്ഗീസ് സാറിനും, ഈ സ്കൂളുകളിലെ മുഴുവൻ അദ്ധ്യാപകർക്കും, അനദ്ധ്യാപകർക്കും, പ്രത്യേകം അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു. കോർപ്പറേറ്റ് വിദ്യാഭ്യാസ ബോർഡിന്റെ ചെയർമാനായ മോൺ. അബ്രാഹം നെല്ലിക്കലിന്റെ നേതൃത്വത്തിൽ 6-ാം ഘട്ടമായ അഭിമുഖവും, സർട്ടിഫിക്കറ്റ് വേരിഫി ക്കേഷനും 12-03-2018 മുതൽ 16-03-2018 വരെ ദ്വാരക കോർപ്പറേറ്റ് ഓഫീസിൽ വച്ച് നടത്തപ്പെട്ടു. ഇതിനായി സഹകരിച്ച ജനറാളച്ചനും ബോർഡ് അംഗങ്ങളായ ബഹുമാനപ്പെട്ട അച്ചൻമാർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

ആറ് ഘട്ടങ്ങളിലായി നടത്തിയ പരീക്ഷകളുടെയും അധിക പരിഗണനകളുടെയും അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് 2018 ഏപ്രിൽ 16-ാം തിയ്യതി തിങ്കളാഴ്ച രാവിലെ 10.30 മണിക്ക് പ്രസിദ്ധീകരിച്ചു. മാനന്തവാടി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി HSA, UPSA, LPSA എന്നീ വിഭാഗങ്ങളിലേക്ക് നിയമനങ്ങൾക്കായിള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. 16-04-2018 ന് പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിന് 30-06-2020 വരെ കാലാവധി ഉണ്ടായിരിക്കും.
2. കാലാവധി നീട്ടാനുള്ള അധികാരം മാനന്തവാടി രൂപത വിദ്യാഭ്യാസ ബോർഡിന് ഉണ്ടായിരിക്കുന്നതാണ്.
3. ഇതുവരെയുള്ള കാലയളവിൽ രൂപതാ കോർപ്പറേറ്റ് ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തതിന്റെ മാർക്കുകൾ ഇപ്പോൾ പരിഗണിച്ചിട്ടുണ്ട്.
4. തുടർ വർഷങ്ങളിൽ ലഭിക്കുന്ന ദിവസവേതന സർവ്വീസ് മാർക്കുകൾ

ഒരോവർഷവും മാർച്ച്മാസം മാത്രമേ പൂൾ ലിസ്റ്റിൽ ചേർക്കുകയുള്ളൂ. പ്രസ്തുത മാർക്കുകൾ ചേർക്കുന്നതിന് ജോലി ചെയ്ത സ്ഥാപനത്തിൽ നിന്നും സർട്ടിഫിക്കറ്റുകളുടെ ഫോട്ടോകോപ്പി ഹാജരാക്കി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

5. ഈ പൂൾലിസ്റ്റിൽ സോഷ്യൽ സയൻസിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നു ണ്ടെങ്കിലും നിലവിലെ സാഹചര്യത്തിൽ വളരെ ചുരുങ്ങിയ നിയമന ങ്ങൾ മാത്രമേ നടത്തുവാൻ സാധിക്കുകയുള്ളൂ. കാരണം കോർപ്പറേ റ്റിൽ ഏറ്റവും കൂടുതൽ പ്രമോഷന് അർഹതയുള്ള അദ്ധ്യാപകരുള്ളത് പ്രസ്തുത വിഷയത്തിനാണ്.

**സിഡോം കൺവെൻഷൻ (സദ്ഗമയ - 2018) മെയ് 15ന്**

2018 മേയ് മാസം 15-ാം തിയ്യതി ചൊവ്വാഴ്ച രാവിലെ 9.30 മുതൽ 3.00 വരെ ദ്വാരക പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ വച്ച് മാനന്തവാടി രൂപത കോർപ്പറേറ്റ് സ്കൂൾ ജീവനക്കാരുടെ ഒരു ഏകദിന കൺവെൻഷൻ നടത്തുന്നു. പ്രശസ്ത പ്രഭാഷകനായ അഡ്വ.ചാർലി പോൾ എം.എ.എൽ. എൽ.ബി. യുടെ 'നാം; നമ്മുടെ വിദ്യാലയം; നമ്മുടെ ദൗത്യം' എന്ന വിഷയത്തിന്റെ സെമിനാറോടെ ആരംഭിക്കുന്ന ഈ സംഗമത്തിന്റെ പൊതുസമ്മേളനത്തിൽ മാനന്തവാടി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് ഉദ്ഘാടന കർമ്മവും, രൂപതയുടെ വികാരി ജനറാൾ മോൺ. അബ്രഹാം നെല്ലിക്കൽ അദ്ധ്യക്ഷപദവും അലങ്കരിക്കുന്നു. നമ്മുടെ സ്കൂളുകളിൽ നിന്നും ദീർഘകാലത്തെ സേവനത്തിനുശേഷം വിരമിക്കുന്ന അധ്യാപക ശ്രേഷ്ഠർക്ക് ഉപഹാരസമർപ്പണവും നടത്തപ്പെടും. വയനാട്ടിലെ വിദ്യാലയ യത്നങ്ങളെ ഏകോപിപ്പിക്കാൻ ബദ്ധശ്രദ്ധരായിരുന്ന ശ്രീ. ബാബുരാജൻ എം. (ഡി.ഡി. ഇ.), ശ്രീമതി സെലിൻ എസ്.എ. (എ.ഇ.ഒ., മാനന്തവാടി), ശ്രീ.രവീന്ദ്രൻ വി.(എ.ഇ.ഒ., വൈത്തിരി) എന്നിവർക്ക് യാത്രയയപ്പ് നൽകുന്ന സമ്മേളനവും ഒരുക്കപ്പെടുന്നുണ്ട്. ഈ വർഷത്തെ SSLCപരീക്ഷയിൽ 100% വിജയം കരസ്ഥമാക്കിയ സ്കൂളുകൾക്കുള്ള പ്രത്യേക അവാർഡുകളും, നമ്മുടെ സ്കൂളുകളിൽ നടത്തിയ മോറൽ സയൻസ് പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് കരസ്ഥമാക്കിയ കുട്ടി കൾക്കുള്ള അവാർഡുദാനവും നടത്തപ്പെടുന്നതാണ്. നമ്മുടെ ഈ 'സദ്ഗമയ-2018' ന് സെഡോം കുടുംബത്തിലെ എല്ലാവരുടെയും സജീവ സാന്നിധ്യം പ്രതീക്ഷിക്കുന്നു.

**പ്രധാനാദ്ധ്യാപക നിയമന കൂടിക്കാഴ്ച 2018 മാർച്ച് 23-ന് നടത്തപ്പെട്ടു**

മാനന്തവാടി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് കീഴിൽ ന്യൂനപക്ഷപദവി ലഭിച്ച വിദ്യാലയങ്ങളിലെ 2018 -2019 അധ്യയന വർഷത്തേയ്ക്കുള്ള പ്രധാനാദ്ധ്യാപക പ്രമോഷന് നിശ്ചിത ഫോറത്തിലും, കോർപ്പറേറ്റ് വെബ് പോർട്ടലിലും അപേക്ഷ നൽകിയവർക്ക് പ്രധാനാദ്ധ്യാപക നിയമന മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള അഭി മുഖം 2018 മാർച്ച് 23 ന് വെള്ളിയാഴ്ച രാവിലെ 10.00 മണി മുതൽ ദ്വാരക കോർപ്പറേറ്റ് ഓഫീസിൽ വച്ച് നടത്തപ്പെട്ടു.

**സ്വാഗതം:-** CEADOM ഓഫീസിലേയ്ക്ക് ഓഫീസ് സൂപ്രണ്ടായി 2018 ഏപ്രിൽ 15 മുതൽ ചുമതലയേറ്റ ശ്രീ. ഷാജി വർഗ്ഗീസ്, ചാമക്കാലായിൽ സാറിന് (Retd HM, Dwaraka A.U.P.S) ഹൃദ്യമായ സ്വാഗതം.

**ദേശജ്യോതി മെഗാ ക്വിസ് മത്സരം:-** കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് മാനന്തവാടി രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന രണ്ടാമത് ദേശജ്യോതി ക്വിസ് മെഗാ ഫൈനൽ മത്സരം ദ്വാരക എ.യു.പി. യിൽ വച്ച്

ജനുവരി 27-ന് നടത്തി. ബത്തേരി, മാനന്തവാടി സോണുകളിൽ നിന്നായി തിരഞ്ഞെടുക്കപ്പെട്ട 60 കുട്ടികൾ പങ്കെടുത്തു. പ്രസ്തുത ക്വിസ്മത്സരം മാനന്തവാടി രൂപതാ മതബോധന ഡയറക്ടർ റവ.ഫാ. റോയി വട്ടക്കാട്ട് ഉദ്ഘാടനം ചെയ്തു. രൂപതാ കോർപ്പറേറ്റ് മാനേജർ ഫാ. ജോൺ പൊൻപാറയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. ടീച്ചേഴ്സ് ഗിൽഡ് മാനന്തവാടി രൂപതാ പ്രസിഡന്റ് സജിൻ ജോസ് സ്വാഗതവും, ജനറൽ സെക്രട്ടറി ടി.ടി. സണ്ണി നന്ദിയും പറഞ്ഞു. എൽ.പി, യു.പി, ഹൈസ്ക്കൂൾ, ഹയർസെക്കണ്ടറി വിഭാഗങ്ങളിലെ ഒന്നും, രണ്ടും, മൂന്നും സ്ഥാന വിജയികൾക്ക് യഥാക്രമം 3000, 2000, 1000 രൂപ വീതം ക്യാഷ് അവാർഡ്, സർട്ടിഫിക്കറ്റ് എന്നിവ നൽകും. എക്സിക്യൂട്ടീവ് അംഗങ്ങളായ ഷാജി സി.സി, അലക്സ് മാത്യു, സജിൻ ജോസ് എന്നിവർ നേതൃത്വം നൽകി.

**എൽ.പി വിഭാഗം**

1. അലസ്റ്റിൻ സജി - സെന്റ് ജോർജ് എൽ.പി.എസ്, അമ്പായത്തോട്
2. മുഹമ്മദ് സിനാൻ എസ്.വി - സി.കെ.എൽ.പി. എസ്, മണിമൂളി.
3. നിർമ്മൽ ബെന്നി - സെന്റ്. തോമസ് എൽ.പി.എസ്, നടവയൽ

**യു.പി വിഭാഗം**

1. റിച്ചസ് ബി ടോം - സെന്റ്. തോമസ് എച്ച്.എസ്, നടവയൽ
2. സിദ്രത്തുൽ മുൻതഹ - സെന്റ്. തോമസ് എ.യു.പി.എസ്, ഇടിവണ്ണ
3. ആസ്‌ലിൻ ഗർവ്വാസിസ് - സെന്റ് ജോസഫ്സ് യു.പി.എസ്, കല്ലോടി

**എച്ച്. എസ്. വിഭാഗം**

1. ജിസ് പോൾ വിൽസൺ - സെന്റ് ജോസഫ്സ് എച്ച്.എസ്, കല്ലോടി
2. സ്വാതിമോൾ കെ.എം - ഐ.ജെ.എം.എച്ച്.എസ്, കൊട്ടിയൂർ
3. നിപുണ്യജി - ഐ.ജെ.എം.എച്ച്.എസ്, കൊട്ടിയൂർ

**എച്ച്.എസ്.എസ് വിഭാഗം**

1. ആൽബിൻ രാജു - സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്, കല്ലോടി
2. ഫെബിൻ പി. ബാബു - സെന്റ് തോമസ് എച്ച്.എസ്.എസ്, നടവയൽ
3. അഭിഷേക് ഷാജു - സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്, കല്ലോടി

**ആദരാഞ്ജലികൾ:-** നമ്മുടെ 'സെഡോം' കുടുംബത്തിലെ അംഗമായിരുന്ന, തവിഞ്ഞാൽ സെന്റ് തോമസ് യു.പി സ്കൂളിൽ അധ്യാപികയായി സേവനം ചെയ്തിരുന്ന ശ്രീമതി റോണി കെ. മാത്യു (30) ടീച്ചർ 12-04-2018ന് നമ്മിൽ നിന്നും വേർപിരിഞ്ഞ ദുഃഖവാർത്ത നാമെല്ലാവരും അറിഞ്ഞതാണല്ലോ. ടീച്ചറിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും, ആത്മാവിന് നിത്യശാന്തി ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യാം.

**സ്ക്കൂളുകളിലെ പ്രവർത്തനറിപ്പോർട്ട്:-** സെന്റ് സെബാസ്റ്റ്യൻസ് എ.യു.പി. സ്ക്കൂൾ പാടിച്ചിറ - സെന്റ് സെബാസ്റ്റ്യൻസ് എ.യു.പി. സ്ക്കൂൾ 42-മത് വാർഷികാഘോഷം സംഘടിപ്പിച്ചു. മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ അബ്രഹാം നെല്ലിക്കൽ ഉദ്ഘാടനം ചെയ്തു. സ്ക്കൂൾ മാനേജർ ഫാ. തോമസ് പരുന്തനോലിൽ അധ്യക്ഷത വഹിച്ചു. പാഠ്യപാഠ്യേതര മേഖലകളിൽ മികവ് തെളിയിച്ച വിദ്യാർത്ഥികൾക്കുള്ള എൻഡോവ്മെന്റ് വിതരണം മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശിവരാമൻ പാറക്കുഴി നിർവ്വഹിച്ചു. സ്ക്കൂൾ മാഗസിൻ 'ധ്വനി' ജില്ലാ പഞ്ചായത്ത് ഡിവിഷൻ മെമ്പർ വർഗ്ഗീസ് മുരിയൻകാവിൽ പ്രകാശനം ചെയ്തു. ഹെഡ്മാസ്റ്റർ ജോസ് കെ.ജി, പി.റ്റി.എ പ്രസിഡന്റ്, മദർ പി.റ്റി.എ. പ്രസിഡന്റ്, അദ്ധ്യാപകർ എന്നിവർ പ്രസംഗിച്ചു.

**ഫാ. ബിജു പൊൻപാറയ്ക്കൽ -** കോർപ്പറേറ്റ് മാനേജർ

# ഡി.എഫ്.സി. മാനന്തവാടി രൂപത

**രൂപതാ കൺവെൻഷൻ**

10-4-2018 ന് മാനന്തവാടി ടൗൺ പള്ളിയുടെ ഹാളിൽ ഡി.എഫ്.സി. രൂപതാ കൺവെൻഷൻ നടന്നു. പ്രസ്തുത കൺവെൻഷൻ ദീപിക ഫ്രണ്ട്സ് ക്ലബ്ബ് സംസ്ഥാന ഡയറക്ടർ ഫാ. റോയി കണ്ണഞ്ചിറ ഉദ്ഘാടനം ചെയ്തു. ദീപിക കോഴിക്കോട് യൂണിറ്റ് റസിഡന്റ് മാനേജർ ഫാ. സായി പാറൻകുളങ്ങര അധ്യക്ഷത വഹിച്ചു. മിജാർക്ക് കോർഡിനേറ്റർ സിറിയക് ചാഴിക്കാടൻ ആശംസകളർപ്പിച്ച് സംസാരിച്ചു. കെ.സി.വൈ.എം. രൂപതാ പ്രസിഡണ്ട്, സെക്രട്ടറി ആനിമേറ്റർ എന്നിവർ യോഗത്തിൽ പങ്കെടുത്തു. ഡി.എഫ്.സി. രൂപതാ ഡയറക്ടർ ഫാ. സുനിൽ വട്ടുകുന്നേൽ കർഷക റാലിയുടെ വിജയത്തിനാവശ്യമായ പ്രവർത്തനങ്ങൾ വിശദീകരിച്ചു. കൺവെൻഷന് രൂപതാ സെക്രട്ടറി സ്വാഗതം ആശംസിക്കുകയും രൂപതാ ഡയറക്ടർ നന്ദി അറിയിക്കുകയും ചെയ്തു.

സഭയുടെ സാമൂഹിക പ്രതിബദ്ധത വിളിച്ചറിയിച്ചുകൊണ്ട് ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന സമ്മേളനത്തിന് മുന്നോടിയായി മെയ് 2 ന് വെള്ളരിക്കുണ്ടിൽ നിന്ന് ആരംഭിച്ച് മെയ് 23 ന് തിരുവനന്തപുരത്ത് സമാപിക്കുന്ന കർഷകറാലി മാനന്തവാടി രൂപതയിൽ മെയ് 5 ന് എത്തുന്നതാണ്. താഴെപ്പറയുന്ന വിവിധ കേന്ദ്രങ്ങളിലാണ് റാലിക്ക് സ്വീകരണം നൽകുന്നത്. മെയ് 5 ന് രാവിലെ 9 മണിക്ക് കാവുംമന്ദത്തും 10.30 ന് കൽപ്പറ്റയിലും 11.30 ന് ബത്തേരിയിലും 3 മണിക്ക് പുൽപ്പള്ളിയിലും 4 മണിക്ക് നടവയലിലും 5.30 ന് മാനന്തവാടിയിലും സ്വീകരണം നൽകുന്നു.

**ഫലസമൃദ്ധി 2018**

ദീപികയുടെ സഹകരണത്തോടെ മിജാർക്കും കെ.സി.വൈ.എമ്മും സംയുക്തമായി നടത്തുന്ന 'ഫലസമൃദ്ധി 2018' സംസ്ഥാനതല പദ്ധതിയ്ക്ക് സുൽത്താൻ ബത്തേരിയിൽ തുടക്കമായി. ബത്തേരിയിൽ നടന്ന ചടങ്ങിൽ പദ്ധതിയുടെ ഉദ്ഘാടനം മലങ്കര കത്തോലിക്കാ സഭയുടെ പരമാധ്യക്ഷൻ കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ നിർവ്വഹിച്ചു. ബത്തേരി ബിഷപ്പ് ഡോ. ജോസഫ് മാർ തോമസ് അദ്ധ്യക്ഷത വഹിച്ചു. മിജാർക്ക് കോർഡിനേറ്റർ സിറിയക്ക് ചാഴിക്കാടൻ പദ്ധതി വിശദീകരിച്ചു. 'വിഷരഹിത ഫലങ്ങൾ - ആരോഗ്യമുള്ള ജനത' എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതോടനുബന്ധിച്ച് ഫലവൃക്ഷതൈകൾ കർഷകർക്ക് വിതരണം ചെയ്യുന്നതാണ്. കെ.സി.ബി.സി. യൂത്ത് കമ്മീഷൻ സെക്രട്ടറി റവ. ഫാ. മാത്യു തിരുവാലിൽ ദീപിക ഫ്രണ്ട്സ് ക്ലബ്ബ് മാനന്തവാടി രൂപതാ കോർഡിനേറ്റർ ഫാ. സുനിൽ വട്ടുകുന്നേൽ, ശ്രേയസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇടയത്ത് തുടങ്ങിയവർ പ്രസംഗിച്ചു.

**ഒരുകോടി ഒപ്പ്**

കേരളത്തിൽ ഇന്ന് കാർഷിക മേഖലയിലും ചെറുകിട വ്യവസായ, വ്യാപാര മേഖലകളിലും അനുഭവപ്പെടുന്ന അസ്വസ്തതകളും ആശങ്കകളും പ്രതിസന്ധികളും ദൂരീകരിക്കാൻ ശക്തമായ നടപടിയും നിലപാടും വേണ മെന്നാവശ്യപ്പെട്ട് ഒരുകോടി ആളുകൾ ഒപ്പിട്ട നിവേദനം കേന്ദ്രകൃഷി മന്ത്രിക്ക് സമർപ്പിക്കുന്നു. കർഷകറാലിയോടനുബന്ധിച്ച് ഒപ്പുശേഖരണം ഇടവകതല ത്തിലും കർഷകറാലിയിലും നടത്തുന്നതാണ്.

**കേരളകർഷക റാലി**

2018 മെയ് 2-ാം തീയതി കാസർഗോഡ് നിന്ന് ആരംഭിച്ച് മെയ് 23 ന് തിരുവനന്തപുരത്ത് എത്തുന്ന കർഷകറാലിയുടെ കേരള കാർഷിക മേഖല ഇന്നനുഭവിക്കുന്ന യഥാർത്ഥ അവസ്ഥയിലേക്ക് അധികൃതരുടെ ശ്രദ്ധ തിരി ക്കുവാനും കാർഷിക മേഖലയിലെ പ്രശ്നങ്ങളെ പൊതുസമൂഹമധ്യത്തിൽ എത്തിക്കുന്നതിനും കർഷകരോടൊപ്പം ദീപികയും സഭയും ഉണ്ട് എന്ന് സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു. 'കർഷകവൃത്തി കേരള സമൃദ്ധി' എന്നതാണ് റാലിയുടെ മുദ്രാവാക്യം. ദീപിക ഏറ്റെടുത്തി രിക്കുന്ന ഈ വലിയ ദൗത്യത്തിന് പരിപൂർണ്ണ പിന്തുണ നൽകേണ്ടത് നമ്മുടെ കടമയും ഉത്തരവാദിത്വവുമാണ്. കൂട്ടായ പരിശ്രമത്തിലൂടെയും നവീകരണ പ്രവർത്തനങ്ങളിലൂടെയും കാലിക സാഹചര്യങ്ങളെ മനസി ലാക്കി മികവ് കൈവരിക്കാൻ ദീപിക നടത്തുന്ന പരിശ്രമങ്ങളെ പ്രത്യാശ യോടെ നമുക്ക് നോക്കികാണാം.

**സംസ്ഥാന സമ്മേളനം**

മൂന്നുവർഷംകൊണ്ട് കേരള കത്തോലിക്കാ സമുദായത്തിന്റെ മാധ്യമ ജാഗ്രതാ സേനയായി വളർന്ന ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെ സംസ്ഥാന സമ്മേ ളനം 2018 മെയ് 26-ാം തീയതി പാലായിൽ വച്ച് നടക്കുകയാണ്. അതി നോടനുബന്ധിച്ച് വമ്പിച്ച റാലി നടക്കുന്നതാണ്. സംസ്ഥാന സമ്മേളന ത്തിന് മുന്നോടിയായി 'മാനവമൈത്രി സൗഹൃദകേരളം' എന്ന സന്ദേശം നൽകുന്ന വിളംബര ജാഥ നടത്തുന്നതാണ്. സമ്മേളനത്തിന്റെ വിജയത്തി നായി ഡി.എഫ്.സി. അംഗങ്ങളുടെ സഹകരണവും സാന്നിധ്യവും ഉണ്ടാ കുമെന്ന് പ്രതീക്ഷിക്കുന്നു.

**ദീപിക കുടിയേറ്റ ജനതയോടൊപ്പം**

റബറിന്റെയും മറ്റ് കാർഷികോൽപ്പന്നങ്ങളുടെയും വിലസ്ഥിരതയ്ക്കു വേണ്ടി ദീപിക നടത്തിയ പോരാട്ടങ്ങൾ വിലമതിക്കത്തക്കതാണ്. മലയോര കർഷകർ കുടിയിറക്കിന്റെ ഭീഷണിയിലായപ്പോഴെല്ലാം അവർക്കൊപ്പം നിന്ന് പടവെട്ടിയത് ദീപിക മാത്രമായിരുന്നു. മലയോര ഹൈവേ, മലയോര വിക സന അഥോറിറ്റി എന്നിവയെല്ലാം യാഥാർത്ഥ്യമാക്കുന്നതിന് ദീപിക നട ത്തിയ മുന്നേറ്റങ്ങൾ ചരിത്രമാണ്. കസ്തൂരിരംഗൻ, മാധവ് ഗാഡ്ഗിൽ റിപ്പോർട്ടുകളുടെ പേരിൽ കർഷകർക്കെതിരേ നടന്ന കുപ്രചരണങ്ങളെ പ്രതി രോധിക്കുന്നതിനും കർഷക ശബ്ദം അധികാര കേന്ദ്രങ്ങളിൽ എത്തിക്കു ന്നതിനും അവർക്ക് നീതി ഉറപ്പ് വരുത്തുന്നതിനുമായി ദീപിക നടത്തുന്ന പരിശ്രമങ്ങൾ നാം തിരിച്ചറിയണം. മെയ് 2 മുതൽ ആരംഭിക്കുന്ന കർഷക റാലിയും മെയ് 26 ന് നടക്കുന്ന ഡി.എഫ്.സി. സംസ്ഥാന സമ്മേളനവും വിജയിപ്പിക്കുവാൻ നമുക്കേവർക്കും ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

**ഫ്രാൻസീസ് പള്ളിയ്ക്കമ്യാലിൽ** -ഡി.എഫ്.സി. രൂപതാ സെക്രട്ടറി

# Pastoral Centre Programme



**May 2018**

| | |
|---|---|
| 1 | Roopatha Dhinam &Kudumbakoottaima Inauguration |
| 2-4 | CML |
| 3 | S.H. - Profession & Jubilee |
| 5 | Zion CRC |
| 6-9 | Marriage Preparation Course |
| 13-17 | Zion Retreat |
| 14 | Marian Singles |
| 20 -23 | Marriage Preparation Course |
| 25- 26 | Department of Youth Ministry |
| 26 | Catechism HM Conference |
| 27 - 30 | Catechism Private Reg. Retreat |

**Fr. Paul Vazhappilly**
Director, Pastoral Centre

# Bishop's Programme



***May 2018***

| | | | |
|---|---|---|---|
| *1* | *Tue* | ................. | *Inaguration of Kudumbakoottayma & Diocesan day* |
| *2* | *Wed* | ................... | *Thavinjal: Priestly Ordination: Dn. Shinoj Kaithakkal SVD* |
| *3* | *Thu* | .................... | *Pastoral Centre : First Profession & Jubilee of SH Sisters* |
| *4* | *Fri* | ................... | *Out of Station* |
| *5* | *Sat* | ................. | *WSSS: General Body Meeting* |
| *6* | *Sun* | ................. | *Mullenkolly: Pastoral Visit* |
| *7* | *Mon* | .................. | *Minor Seminary: Vestition of Major Seminarians* |
| *8* | *Tue 10 Thu* | ........ | *Out of Station* |
| *11* | *Fri* | .................... | *Kakkanad* |
| *12* | *Sat* | .................... | *Malom* |
| *13* | *Sun* | .................. | *Pattanikooppu: Foundation Stone laying for the new church* |
| *14* | *Mon* | .................. | *Minor Seminary: Interview* |
| *15* | *Tue* | .................. | *Dwaraka: Corporate Teachers Convention and Farewell Function* |
| *16* | *Wed* | ................. | *Vincentgiri: Vestition and First Profession of Vincentgiri Novices* |
| *17* | *Thu 18 Fri* | ...... | *Engaged* |
| *19* | *Sat* | ................. | *Valavayal* |
| *20* | *Sun* | .................. | *Pastoral Visit: Puthusserikadavu* |
| *21* | *Mon* | ................. | *Norbert House* |
| *22* | *Tue 25 Thu* | ........ | *Out of Station* |
| *26* | *Sat* | ...................... | *Dwaraka: HM & PP Conference* |
| *27* | *Sun* | ................... | *Arattupara: Blessing of the Church* |
| *28* | *Mon* | .................. | *Visitors' Day* |
| *30* | *Wed* | ................. | *Visitors' Day* |

***June 2018***

| | | |
|---|---|---|
| *1* | *Fri ..................* | *Out of Station* |
| *2* | *Sat ..................* | *Manimooly: Joint curia meeting* |
| *3* | *Sun ..................* | *Rubynagar: Blessing of CMC Convent* |
| *4* | *Mon 8 Fri .........* | *KCBC* |
| *10* | *Sun ..................* | *Thalippadam: Foundation Stone laying for the new Church* |
| *11* | *Mon Morning....* | *Visitors' Day* |
| *17* | *Sun .................* | *Pastoral visit: Poolappadam* |
| *18* | *Mon .................* | *Visitors' Day* |
| *20* | *Wed ..................* | *Visitors' Day* |
| *24* | *Sun ..................* | *Pastoral visit: Mangalam* |
| *25* | *Mon .................* | *Out of Station* |
| *27* | *Wed .................* | *Visitors' Day* |